മാസിക
# സുന്നത്ത്

2026 മെയ്, 1447 ദുൽഹിജ്ജ – 1448 മുഹർറം
പുസ്തകം 49 / ലക്കം 4, വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

**Ph: 0495 277 2846**

sunnethmonthly@gmail.com
Sunnethcirculation@gmail.com




**മുഖക്കുറി**

## വിശ്വാസിയുടെ പുതുവത്സരം

വിശുദ്ധമാസമായ മുഹർറം വന്നണയുന്നതോടെ മറ്റൊരു പുതുവത്സരത്തെ കൂടി സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് വിശ്വാസികൾ. ഐഹികവും പാരത്രികവുമായ നേട്ടങ്ങളുടെ വിചാരണവേളയാണ് ഓരോ പുതുവർഷവും. ചെയ്ത നന്മകൾക്കെല്ലാം ഇഖ്‌ലാസിന്റെ സുഗന്ധമുണ്ടോ, അവ അല്ലാഹുവിന്റടുക്കൽ സ്വീകരിക്കപ്പെടുമോ, വന്നുപോയ വീഴ്ചകളിൽ ഖേദമുണ്ടോ, തെറ്റുകളിൽ നിന്നകന്ന് ധാർമികമായ ജീവിതം നയിക്കാൻ മനസ്സുണ്ടോ, അല്ലാഹുവിന്റെ നിസ്സീമമായ അനുഗ്രഹങ്ങൾക്ക് അർഹമായ വിധം നന്ദി ചെയ്യാൻ സാധിച്ചിട്ടുണ്ടോ എന്നിങ്ങനെയുള്ള ചോദ്യങ്ങളാൽ ഹൃദയത്തെ ആത്മവിചാരണ ചെയ്യണം.

ഭൗതികമായും ആത്മീയമായും ജീവിതശീലങ്ങളെ ചിട്ടപ്പെടുത്താനുള്ള ജാഗ്രതയുണ്ടാവണം. ആരോഗ്യവും സമ്പത്തും നഷ്ടപ്പെടുത്തുന്ന അനാവശ്യ വിനോദങ്ങളും ആസ്വാദനങ്ങളും തർക്കങ്ങളും വിശ്വാസിയുടെ ആത്മീയചൈതന്യം കെടുത്തിക്കളയും. അയൽവാസി, കുടുംബം, സൗഹൃദം തുടങ്ങിയ സാമൂഹ്യബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കാനും ആത്മീയമായ ഉന്നതി കരസ്ഥമാക്കാനും പരിശ്രമിക്കണം.

ജീവിതത്തിലെ ഓരോ നിമിഷവും പാരത്രികലോകത്ത് പ്രതിഫലം ലഭിക്കുന്ന പുണ്യകർമ്മമാക്കി മാറ്റാൻ വിശ്വാസിക്കു കഴിയും. കർമ്മങ്ങൾ ചെയ്യുമ്പോഴുള്ള നിയ്യത്താണതിനു പ്രധാനം. സഹോദരന്റെ മുഖത്തുനോക്കി പുഞ്ചിരിക്കലും സഹധർമ്മിണിക്ക് ഭക്ഷണം കൊടുക്കലും വഴിയിലെ തടസ്സം നീക്കലുമെല്ലാം സ്വദഖയായി മാറുന്നതങ്ങനെയാണ്. സംതൃപ്ത ജീവിതത്തിലേക്കുള്ള പ്രവേശികയാവട്ടെ ഈ മുഹറം.

**എഡിറ്റർ**

**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari


കവർസ്റ്റോറി

## നാളേയ്ക്കുവേണ്ടി നമ്മളാലായത്

സൈറ അലി അരീക്കോട്

കഴിഞ്ഞുപോയ തലമുറയുടെ അധ്വാനഫലമാണ് പ്രകൃതിയിൽ നിന്ന് നാം അനുഭവിക്കുന്നത്. വരാനിരിക്കുന്ന തലമുറക്കു വേണ്ടി നമുക്കും ചിലത് ചെയ്യാനില്ലേ?

06




കവർസ്റ്റോറി

## സ്ക്രീനും കുട്ടികളും

കെ.എം ഫാത്തിമ ശമീമ

വേർപെടുത്താനാവാത്ത വിധം കുട്ടികളുടെ ജീവിതശീലങ്ങൾ സ്ക്രീനിലേക്ക് ആഴ്ന്നുപോയിരിക്കുന്നു. സ്ക്രീനുകളുടെ അടിമത്തത്തിൽ നിന്ന് കുട്ടികളെ എങ്ങനെ മോചിപ്പിക്കാം?

10



കവർസ്റ്റോറി


## മുഹർറം, പ്രതീക്ഷയുടെ പുതുവത്സരം

സിയാദ് സഖാഫി പാറന്നൂർ

വിശ്വാസിയെ സംബന്ധിച്ചിടത്തോളം പുതുവത്സരം ആഘോഷങ്ങളുടേതല്ല; ആത്മ വിചാരണയുടേതാണ്. ഐഹികവും പാരത്രികവുമായ നേട്ടങ്ങൾക്കാകണം വിശ്വാസിയുടെ പരിഗണന.

13





20 കാർഷികവൃത്തി ഭൂമിയുടെ പുനരുജ്ജീവനം
ബഷീർ സഖാഫി എളാട്

മഴക്കാലത്തെ മുൻകരുതലുകൾ 24
യഹ്‌യ പി.വി പാലത്തുങ്കര





29 സൂഫികളും സംഗീതവും
അലി സഖാഫി പുൽപ്പറ്റ

05 തസ്കിയ
41 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ

ചരിത്രാഖ്യായിക 26
നോവൽ 38
ഹനഫീ ഫിഖ്ഹ് 36

19 പുതുവർഷത്തിൽ പ്രതിജ്ഞയെടുക്കാം
റൈഹാൻ

33 ആഘോഷത്തിന്റെ അതിർവരമ്പുകൾ
സൈനുദ്ദീൻ ശാമിൽ ഇർഫാനി

43 പലിശനിരോധനം സാമ്പത്തിക നീതി
ബുജൈർ ചെട്ടിപ്പടി

46 ലോകത്തിലെ ആദ്യഘാതകൻ
ബഷീർ സഖാഫി വാണിയമ്പലം

തസ്കിയ

# പാപങ്ങൾ ചെറുതെങ്കിലും

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'ചെറുപാപങ്ങളെ നിങ്ങൾ പ്രത്യേകം സൂക്ഷിക്കണം. കാരണം, അവ ഒരാളിൽ ഒരുമിച്ചു കൂടിയാൽ അയാളെ നശിപ്പിക്കാൻ അതു തന്നെ മതി.'

ഇതിന് ഒരു ഉപമയും തിരുനബി(സ) പറഞ്ഞു: 'ഒരു സംഘം ജനങ്ങൾ ഒരിടത്ത് തമ്പടിക്കുന്നു. അവർക്ക് ഭക്ഷണം പാകം ചെയ്യണം. അതിനു വിറകു ശേഖരിച്ചു കൊണ്ടുവരാൻ ഒരാൾ പുറപ്പെടുന്നു. ഒരു മരക്കൊള്ളിയുമായി അയാൾ തിരിച്ചു വരുന്നു. മറ്റൊരാൾ മറ്റൊരു മരക്കഷണം തേടിപ്പിടിച്ചു കൊണ്ടുവരുന്നു. ഇങ്ങനെ ആ സംഘത്തിലെ ഓരോരുത്തരും ഓരോ കൊള്ളികൾ കൊണ്ടുവരുന്നു. അങ്ങനെ അവിടെ ഒരു വിറകുകൂമ്പാരമുണ്ടാകുന്നു. അവർ അവയുപയോഗിച്ച് തീയുണ്ടാക്കി ഭക്ഷണം വേവിക്കുന്നു.' (അഹ്മദ്, ബൈഹഖി)

ചെറുചെറു പാപങ്ങൾ മനുഷ്യരെ മഹാവിപത്തിലേക്കു നയിക്കുമെന്ന് ഉദാഹരണസഹിതം വ്യക്തമാക്കിയിരിക്കുന്നു പ്രസ്തുത ഹദീസിൽ. വസ്തു എത്ര ചെറുതായാലും അവ കുറെയാകുമ്പോൾ വലുതിനു സമാനമാകും. ഒരു തീപ്പൊരി മതി വലിയ തീകുണ്ഡാരമുണ്ടാകാൻ. ജലകണികകൾ ഒന്നിച്ചു കൂടുമ്പോഴാണ് പുഴയും കടലുമൊക്കെ ഉണ്ടാവുന്നത്. ഇതുപോലെ നമ്മുടെ ജീവിതത്തിൽ വന്നുപോകുന്ന ചെറുപാപങ്ങൾ ഗൗരവത്തോടെ പരിഗണിച്ച് ഒഴിവാക്കിയില്ലെങ്കിൽ വൻ വിപത്തായി അതു നമ്മെ ഗ്രസിച്ചു കളയും.

വൻപാപങ്ങൾ ചെയ്തുപോകാതിരിക്കാൻ നാം പരമാവധി ശ്രദ്ധിക്കുന്നുണ്ടാവും. എന്നാൽ, ചെറുപാപങ്ങളോ? തെറ്റായ ഒരു നോട്ടം, പറയാൻ പാടില്ലാത്ത ഒരു വാക്ക്, കഴിക്കാൻ പാടില്ലാത്ത ഒരിറക്ക് വെള്ളം, അല്ലെങ്കിൽ ഒരു പിടി ഭക്ഷണം, കേൾക്കാൻ പാടില്ലാത്ത ഒരു രഹസ്യം... ഇങ്ങനെ നിസ്സാരമായ എത്രയെത്ര പാപങ്ങൾ! നാം അവ അത്ര ഗൗരവത്തിലെടുക്കില്ല. പക്ഷേ, അതു മതിയല്ലോ നമ്മെ അപകടപ്പെടുത്താൻ. തിരുനബി(സ) ഒരിക്കൽ ആഇശ(റ)യെ ഓർമ്മപ്പെടുത്തി: 'ആഇശാ, നിസ്സാരവും സാധാരണവുമായി കരുതപ്പെടുന്ന പാപങ്ങളെ നീ പ്രത്യേകം സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ, അവയും അല്ലാഹുവിന്റെ സന്നിധിയിൽ വിചാരണക്ക് വിധേയമാകും.' (ഇബ്നുമാജ)

'ചെറുപാപങ്ങൾ തുടർച്ചയായി ചെയ്യുന്നത് പിശാചിനെ സന്തോഷിപ്പിക്കുമെന്നും അന്ത്യനാളിൽ അവ വൻപാപങ്ങളായി പരിണമിക്കുന്നതുകൊണ്ടാണത്' എന്നും മറ്റൊരു ഹദീസിൽ തിരുനബി(സ) ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, നാം സദാ ജാഗ്രത പുലർത്തണം. തെറ്റായ കാര്യം എത്ര നിസ്സാരമാണെങ്കിലും അതിൽ നിന്ന് ഒഴിഞ്ഞുനിൽക്കണം. കാഴ്ചയും കേൾവിയും വിചാരങ്ങളുമെല്ലാം അല്ലാഹുവിന്റെയടുക്കൽ വിചാരണക്ക് വിധേയമാകുമെന്ന കാര്യം എപ്പോഴും ഓർമ്മയിലുണ്ടായിരിക്കണം.

കവർസ്റ്റോറി

സൈറ അലി അരീക്കോട്

# നാളേയ്ക്കുവേണ്ടി നമ്മളാലായത്!



ചാലിയാറിന്റെ തീരത്തുള്ള അറപ്പുഴ ഗ്രാമത്തിലായിരുന്നു ഞങ്ങളുടെ പിറവിയും ബാല്യവും. പുഴയോടു ചേർന്ന നേർത്ത മണൽത്തരികളിൽ വേരുറപ്പിച്ച തെങ്ങുകൾക്ക് വെള്ളം തേടി അധികമൊന്നും അലയേണ്ടി വരാറുണ്ടായിരുന്നില്ല, ഞങ്ങൾ കുട്ടികൾക്ക് കളിക്കാനും! ഒന്നര ഏക്കറിൽ സ്ഥിതി ചെയ്യുന്ന തെങ്ങിൻതോപ്പുകളായിരുന്നു ഞങ്ങൾ കുട്ടികളുടെ പ്രധാന കളിസ്ഥലം. പറമ്പിന്റെ ഒരു ഭാഗത്തെ അതിര് പുഴയും മറ്റൊരു ഭാഗത്തെ അതിര് വയലുമായിരുന്നു. ഉമ്മമാർ പുഴയിലേക്ക് അലക്കാൻ പോകുമ്പോൾ സ്കൂളിൽ പോകാൻ പ്രായമാകാത്ത കുട്ടിക്കൂട്ടം അവരെ പിന്തുടരും. ചിരട്ടയും തൂവലുകളും മഞ്ചാടിക്കുരുക്കളും വളപ്പൊട്ടുകളുമായി ഞങ്ങൾ ആ മണൽത്തരികളിൽ കുഞ്ഞുകൊട്ടാരങ്ങൾ പണിതുയർത്തും. പേരറിയാത്ത പൂക്കളെക്കൊണ്ട് കൊട്ടാരങ്ങളെ അലങ്കരിക്കും. ചിരട്ടപ്പുട്ടുകളും തെങ്ങോലപ്പാമ്പുകളും കൊട്ടാരമുറ്റത്ത് നിരന്നു കിടക്കും! അതിനിടയിൽ മീൻ വിൽക്കുന്നവരും എരുന്ത് വിൽക്കുന്നവരും തോണി കരയോടടുപ്പിച്ച് വേഗത കുറച്ച് കൂക്കി വിളിക്കും. മീനുകളെ പിടിച്ച് ചെകിളയിലൂടെ വാഴനാരു കോർത്ത് തൂക്കിയിടും. മീനുകൾ അവയുടെ അവസാനശ്വാസത്തിനു വേണ്ടി പിടപിടയ്ക്കും!

പറമ്പിന്റെ ഒരു ഭാഗത്തെ അതിര് പുഴയും മറ്റൊരു ഭാഗത്തെ അതിര് വയലുമായിരുന്നു. ഉമ്മമാർ പുഴയിലേക്ക് അലക്കാൻ പോകുമ്പോൾ സ്കൂളിൽ പോകാൻ പ്രായമാകാത്ത കുട്ടിക്കൂട്ടം അവരെ പിന്തുടരും. ചിരട്ടയും തൂവലുകളും മഞ്ചാടിക്കുരുക്കളും വളപ്പൊട്ടുകളുമായി ഞങ്ങൾ ആ മണൽത്തരികളിൽ കുഞ്ഞുകൊട്ടാരങ്ങൾ പണിതുയർത്തും. പേരറിയാത്ത പൂക്കളെക്കൊണ്ട് കൊട്ടാരങ്ങളെ അലങ്കരിക്കും. ചിരട്ടപ്പുട്ടുകളും തെങ്ങോലപ്പാമ്പുകളും കൊട്ടാരമുറ്റത്ത് നിരന്നു കിടക്കും!

ഉപ്പൂപ്പാന്റെ കാലത്ത് മീൻ വാങ്ങാൻ പൈസ കൊടുക്കാറില്ല. പകരം, തേങ്ങയോ നെല്ലോ മറ്റു വിളവുകളോ കൊടുക്കും. ബാർട്ടർ സമ്പ്രദായം എന്ന്



പിന്നീടതിനെ സ്കൂളിൽ പരിചയപ്പെട്ടിരുന്നു. ഉപ്പൂപ്പാന്റെ കാലം കഴിഞ്ഞതോടെ പൈസ കൊടുത്തു മീൻ വാങ്ങാൻ തുടങ്ങി. ഉമ്മ പൈസയെടുക്കാൻ മറന്നാൽ അതെടുത്തു കൊണ്ടുവരുന്ന ഡ്യൂട്ടി എനിക്കാണ്. ഒറ്റയോട്ടത്തിന് വീട്ടിൽ പോയി അഞ്ചുരൂപയുടെ പച്ച നോട്ടെടുത്ത് തിരിച്ചോരോട്ടമാണ്. അഞ്ചുരൂപയുടെ പച്ചനോട്ടിന് ഒന്നുരണ്ടു നേരം കുശാലായി കഴിക്കാനുള്ള മീൻ കിട്ടും. തോണിക്കാർ പെട്ടെന്ന് പോയിക്കളയുമോ എന്നു പേടിക്കേണ്ട കാര്യമില്ല. കാരണം, തൊട്ടടുത്ത കടവത്ത് അയമുട്ടിക്കാന്റെ ചായക്കടയുണ്ട്. അവിടെ കേറി ഒരു ചായയും പഴംപൊരിയും കഴിക്കാതെ തോണിക്കാരാരും പോകാറില്ല. അവിടം വിട്ടാൽ പിന്നെ ചായക്കടയുമുണ്ടായിരുന്ന കടവ് അല്പം ദൂരെയായിരുന്നു.

അവധിദിവസങ്ങളിൽ കൂടുതൽ നേരം തെങ്ങിൻതോപ്പുകളിൽ ചെലവഴിക്കും. അതിനു കാരണമുണ്ട്, തണുപ്പും മധുരവും കൂടിച്ചേർന്ന കരിക്കിൻ വെള്ളം! അന്ന് പുഴക്കരയിൽ പോകുന്നത് മുതിർന്ന കുട്ടികളോടൊപ്പമാണ്. ഇക്കാക്കമാരിൽ ആരെങ്കിലുമൊരാൾ തെങ്ങിൽ കയറും. ചകിരി നാരുകൾ പിണച്ചു ചേർത്ത് കെട്ടിയുണ്ടാക്കിയ ശക്തമായ കയറുവളയം കാലിൽ ചുറ്റിയിട്ടു കൊണ്ടാണ് തെങ്ങു കയറുക. കരിക്കുകുലകൾ മണലിൽ വീണു നാലുപാടും ചിതറുന്നത് ഞങ്ങൾ അല്പമകലെ നോക്കി നിൽക്കും. മിക്കവാറും തെങ്ങു കയറുന്നത് വല്യക്കാക്കയാണ്. താഴേക്കിട്ട കരിക്ക് എല്ലാവർക്കും തികയാതെ വരുമ്പോൾ ഇക്കാക്ക വീണ്ടും കയറും. എല്ലാവർക്കും കിട്ടിക്കഴിയുമ്പോഴേക്കും ഇക്കാക്കാന്റെ നെഞ്ചിലെയും കൈയിലെയും തൊലി പോയിട്ടുണ്ടാവും. വേദനയുടെ ചുവന്ന അടയാളങ്ങൾ വഹിച്ചുകൊണ്ട് ഇക്കാക്ക ഏറ്റവും ഒടുവിൽ കരിക്ക് വെട്ടിക്കുടിക്കും.

മഴക്കാലമായാൽ അതിഗംഭീരമാണ് വിനോദങ്ങൾ! നീന്തലും മീൻ പിടുത്തവും ചങ്ങാടമുണ്ടാക്കലും അങ്ങനെയങ്ങനെ... എല്ലാം നിയന്ത്രിച്ചുകൊണ്ട് വല്ല്യക്കാക്ക മുന്നിൽ തന്നെയുണ്ടാവും. ഒരു ദിവസം, കടലാസു തോണികൾ നീറ്റിലിറക്കുന്ന തിരക്കിലായിരുന്നു ഞാൻ. പെട്ടെന്ന് ചെറിയക്കാക്ക വന്നു പറഞ്ഞു: 'അനക്ക് ഞാനൊരു മാജിക് കാണിച്ചു തരാം.' ഇക്കാക്ക ഒരു തോണിയെടുത്ത് ആഞ്ഞൂതി ഇന്ധനം നൽകി വെള്ളത്തിലിട്ടു. തോണി ഏതോ എഞ്ചിനിൽ പ്രവർത്തിക്കുന്നതു പോലെ അതിവേഗം ഒഴുകിപ്പോയി. തോണി പോയ വേഗത കണ്ട് ഞാൻ അന്തം വിട്ടു. ഇക്കാക്ക വലിയ ഗമയിൽ നടന്നുപോയി. ഞാൻ അതിന്റെ പിന്നിലെ രഹസ്യമന്വേഷിച്ച് ഒരുപാട് നടന്നു. ഒടുവിൽ ആ രഹസ്യം ഇക്കാക്ക തന്നെ പറഞ്ഞുതന്നു. ആ തോണിയിൽ സോപ്പിന്റെ ഒരു ചെറിയ കഷ്ണം തേച്ചിട്ടുണ്ടായിരുന്നത്രെ! സോപ്പു തേച്ചാൽ തോണി സ്പീഡിൽ പോകുന്നത് എന്തുകൊണ്ടാണ്? അതിനുള്ള ഉത്തരവും ഞാൻ പിന്നീട് കണ്ടുപിടിച്ചു. ജലത്തിന്റെ സർഫേസ് ടെൻഷൻ കുറയുന്നതാണിതിനു കാരണം. പ്രകൃതിയിൽ നിന്നു പഠിച്ചപാഠങ്ങൾ പുസ്തകത്തിൽ നിന്ന് പഠിച്ചവയെക്കാൾ ഓർമയിൽ നിൽക്കുന്നതുകൊണ്ടാകണം ഞാനിപ്പോഴുമത് ഓർമ്മിക്കുന്നു.

ഉപ്പൂപ്പാന്റെതായിരുന്നു ആ തെങ്ങിൻതോപ്പ്. അതുകൊണ്ടു തന്നെ ഞങ്ങൾ പേരക്കുട്ടികൾക്ക് അതൊരു സ്വൈരലോകം കൂടിയായിരുന്നു. മൂപ്പൻതെങ്ങിന്റെ മണ്ടയിലിരിക്കുന്ന കടന്നൽ പടയല്ലാതെ മറ്റൊന്നിനെയും ഞങ്ങൾക്ക് ഭയമുണ്ടായിരുന്നില്ല. തെങ്ങു മാത്രമല്ല; കവുങ്ങുകളും വാഴകളും മാവുകളും പ്ലാവുകളും എന്നു വേണ്ട, ഒരു വലിയ കുടുംബത്തിന് സുഖമായി കഴിയാനുള്ളതെല്ലാം അവിടെയുണ്ടായിരുന്നു. വീട്ടിലേക്കുള്ള വഴി ഒരു നടവരമ്പായിരുന്നു. ഇരുവശത്തും വിശാലമായ നെൽവയലുകൾ. അതിനു നടുവിലൂടെയുള്ള ഒരു ഒറ്റയതിപ്പാത!

വീട്ടുമുറ്റത്തൊരു വലിയ മാവുണ്ടായിരുന്നു. അതിൽ പുളിപ്പുള്ള ഏതാനും നീലമാങ്ങകൾ വർഷം തോറും കായ്ക്കും. ആ മാവിന്റെ നെഞ്ചിൽ നിന്ന് നീണ്ടുപോകുന്ന കരുത്തുറ്റ ഒരു ശിഖിരത്തിൽ വണ്ണം കൂടിയ ചകിരിക്കയറുകൊണ്ടുകെട്ടിയ ഒരു ഊഞ്ഞാലുണ്ടായിരുന്നു. അതിന്റെ കളിപ്പലകക്ക് തലമുറകളുടെ കളിചിരികൾ മനഃപാഠമായിക്കാണും. ചെറിയൊരു കാറ്റ് ചാഞ്ഞുവീശുന്ന ശബ്ദത്തിനായിരുന്നു അന്നൊക്കെ കാത്തിരുന്നത്. മാങ്ങകൾ വീഴുന്ന മുറക്ക് ഞങ്ങളോടും.



ആദ്യം മാഞ്ചോട്ടിലെത്തുന്നവർക്കുള്ളതാണ് മാങ്ങ. അതായിരുന്നു ഞങ്ങളുടെ ചെറിയലോകത്തിലെ വലിയ നിയമം! അതിൽ വാദപ്രതിവാദങ്ങൾ ഒന്നുമില്ലായിരുന്നു! തോടിനരികിലായി മറ്റൊരു മാവുമുണ്ടായിരുന്നു. അതിൽ നിറയെ നാട്ടുമാങ്ങകൾ കായ്ക്കും. വീട്ടിൽ നിന്നിത്തിരി ദൂരെയായതിനാൽ ആ മാങ്ങക്കും മാവിനും പ്രത്യേക നിയമങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആർക്കു വേണമെങ്കിലും എപ്പോൾ വേണമെങ്കിലും കൊതി തീരുവോളം കഴിക്കാൻ അതിൽ മാങ്ങകൾ ഉണ്ടായിരുന്നു താനും.

അന്നൊക്കെ വെള്ളിയാഴ്ചരാവിൽ വീട്ടിൽ ഒരു പ്രത്യേക വിഭവമുണ്ടാക്കുമായിരുന്നു. അയൽ വീടുകളിലെല്ലാം കൃത്യമായി എത്തിച്ചേർന്നിരുന്ന ഒരു വിഭവം. ഈന്തുപൊടിയും പത്തിരിപ്പൊടിയും ഇറച്ചിയോ എരുന്തോ ചേർത്ത്, തയ്യാറാക്കുന്ന ഒരു കിടിലൻ വിഭവം. അതിനെ ഞങ്ങൾ 'ഈന്തുംപിടി' എന്ന് വിളിച്ചു. എത്ര കഴിച്ചാലും മതിവരാത്ത ഈന്തുംപിടി ലഭിക്കാൻ ഞങ്ങൾ കുട്ടികൾ വെള്ളിയാഴ്ചരാവാകുന്നതും കാത്തിരുന്നു. വെള്ളിയാഴ്ചരാവിൽ അത് ലഭിക്കാനൊരു മൗനക്കരാറുണ്ടയിരുന്നു. തൊട്ടപ്പുറത്തുള്ള ഗ്രാമത്തിൽ നിന്ന് ഒരു മൊല്ലാക്ക വരാനുണ്ട്. എല്ലാ വെള്ളിയാഴ്ചരാവും മൊല്ലാക്ക വരും. നീളൻകുട കുപ്പായത്തിന്റെ കോളറിൽ കൊളുത്തിവെച്ച്, പ്രായാധിക്യത്താൽ മുന്നോട്ടാഞ്ഞ് ആ മനുഷ്യൻ വരമ്പു കയറി വരുന്ന ചിത്രം ഇന്നും ഓർമയിലുണ്ട്. ഉപ്പൂപ്പാന്റെ ചങ്ങാതിയായിരുന്നു മൊല്ലാക്ക. മൊല്ലാക്ക വന്ന് യാസീനോതി തറവാട്ടിൽ നിന്ന് മരിച്ചുപോയ കാരണവന്മാർക്കൊക്കെ വേണ്ടി ദുആ ചെയ്യും. അതിനു ശേഷമാണ് ഭക്ഷണം വിളമ്പിവെക്കുക. ഉപ്പൂപ്പാന്റെ വസിയ്യത്തായിരുന്നുവത്രെ, മൊല്ലാക്ക മരിക്കും വരെ എല്ലാ വെള്ളിയാഴ്ചരാവും വീട്ടിൽ വന്നു ദുആ ചെയ്യണമെന്നത്!

വലിയതൊടി എന്നായിരുന്നു ഞങ്ങളുടെ തറവാട്ടുപേര്. പേരുപോലെത്തന്നെ വലിയൊരു തൊടി. ആഹ്ലാദത്തിന്റെ വലിയൊരു

**ആദ്യം മാഞ്ചോട്ടിലെത്തുന്നവർക്കുള്ളതാണ് മാങ്ങ. അതായിരുന്നു ഞങ്ങളുടെ ചെറിയ ലോകത്തിലെ വലിയ നിയമം! അതിൽ വാദ പ്രതിവാദങ്ങൾ ഒന്നുമില്ലായിരുന്നു! തോടി നരികിലായി മറ്റൊരു മാവുമുണ്ടായിരുന്നു. അതിൽ നിറയെ നാട്ടുമാങ്ങകൾ കായ്ക്കും. വീട്ടിൽ നിന്നിത്തിരി ദൂരെയായതിനാൽ ആ മാങ്ങക്കും മാവിനും പ്രത്യേക നിയമങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആർക്കു വേണമെങ്കിലും എപ്പോൾ വേണമെങ്കിലും കൊതി തീരുവോളം കഴിക്കാൻ അതിൽ മാങ്ങകൾ ഉണ്ടായിരുന്നു താനും.**

ലോകം ഞങ്ങൾക്കു വേണ്ടി കാരണവന്മാരായി കരുതിവെച്ചതായിരുന്നു അതെന്നു മനസ്സിലാക്കാൻ ഒരുപാട് വളരേണ്ടിവന്നു.

അപ്പോഴൊക്കെ മനസ്സിന്റെ നിശ്ശബ്ദതയിൽ പതുങ്ങിയെത്തുന്ന ഒത്തിരി ചോദ്യങ്ങളുണ്ട്; പുതിയ തലമുറക്കായി ഇവിടെ എന്താണിനി ശേഷിച്ചിരിക്കുന്നത്? ആ മാവും മാന്തണലും എങ്ങോട്ടാണ് അപ്രത്യക്ഷമായത്? കുളങ്ങളും തോടുകളുമെല്ലാം വൃത്തിയായി സംരക്ഷിക്കപ്പെടുന്നതെവിടെയാണ്?

അറപ്പുഴയിലിപ്പോൾ, ഞങ്ങൾ ചാറ്റൽമഴയേറ്റു മീൻ പിടിച്ചിരുന്ന വയൽവരമ്പുകളെല്ലാം അപ്രത്യക്ഷമായി. പകരം, നാഷണൽ ഹൈവേ വന്നു. അഴിഞ്ഞിലം - അറപ്പുഴ ബന്ധിപ്പിക്കുന്ന പാലം വന്നു. വാഹനങ്ങളുടെ മരണപ്പാച്ചിൽ കാരണം അറപ്പുഴയിലെ നിഷ്കളങ്കരായ കുറെ മനുഷ്യർ വാഹനാപകടങ്ങളിൽ മരണപ്പെട്ടു. അയ്മുട്ടിക്കാന്റെ ചായക്കട ക്രമേണ അടഞ്ഞുപോയി. പകരം ഒരു പഞ്ചനക്ഷത്ര ഹോട്ടൽ ഉയർന്നു വന്നു, അതിനു ചുറ്റുമായി കുറെ ത്രീസ്റ്റാർ ഹോട്ടലുകളും. അന്ന് ഇക്കാക്ക ഒഴുക്കിവിട്ട കടലാസുതോണിയുടെ വേഗതയിലായിരുന്നു കാലം ഡിജിറ്റൽയുഗത്തിന്റെ കുപ്പായമണിഞ്ഞത്.

പനിച്ചുവിറച്ച നാളുകളിൽ കഴിച്ചിരുന്ന മരുന്ന് പനികൂർക്കയുടെയും തുളസിയുടെയും നീരായിരുന്നെന്നും അപ്പയുടെയും തൊട്ടാവാടിയുടെയും മുറികൂട്ടിയുടെയും ഇലകൾ ഞരടിപ്പിഴിഞ്ഞാണ് മുറിവുണക്കിയിരുന്നതെന്നും പറഞ്ഞാൽ ഇന്നത്തെ കുട്ടികൾ വിശ്വസിക്കുമോ? തണുപ്പുകാലമായാൽ ചർമം വരണ്ടുപൊട്ടാതിരിക്കാൻ ഉമ്മാമ്മ എള്ളെണ്ണയായിരുന്നു ഉപയോഗിച്ചിരുന്നതെന്നു പറഞ്ഞപ്പോൾ എന്റെ മക്കൾ പറഞ്ഞത്, എള്ളെണ്ണയവർക്ക് ഓകേ അല്ലെന്നായിരുന്നു!

ഒരു ഗ്രാമം മുഴുവൻ ഉപയോഗിച്ചിരുന്ന കുളങ്ങളും തോടുകളും എത്ര വേഗമാണ് അമീബിക് മസ്തിഷ്കജ്വരമെന്ന പുതിയ രോഗത്തിന്റെ നിഴലിലമർന്നത്! ഒഴിവുകാലം എന്തുകൊണ്ടാണിത്രയും ചൂടു പിടിച്ചത്? പാമ്പുകൾക്ക് എന്നു മുതലാണ് മാളങ്ങൾ മതിയാകാതെ വന്നത്?


**പനിച്ചുവിറച്ച നാളുകളിൽ കഴിച്ചിരുന്ന മരുന്ന് പനികൂർക്കയുടെയും തുളസിയുടെയും നീരായിരുന്നെന്നും അപ്പയുടെയും തൊട്ടാവാടിയുടെയും മുറികൂട്ടിയുടെയും ഇലകൾ ഞരടിപ്പിഴിഞ്ഞാണ് മുറിവുണക്കിയിരുന്നതെന്നും പറഞ്ഞാൽ ഇന്നത്തെ കുട്ടികൾ വിശ്വസിക്കുമോ? തണുപ്പുകാലമായാൽ ചർമം വരണ്ടുപൊട്ടാതിരിക്കാൻ ഉമ്മാമ്മ എള്ളെണ്ണയായിരുന്നു ഉപയോഗിച്ചിരുന്നതെന്നു പറഞ്ഞപ്പോൾ എന്റെ മക്കൾ പറഞ്ഞത്, എള്ളെണ്ണയവർക്ക് ഓകേ അല്ലെന്നായിരുന്നു!**

കഴിഞ്ഞ വേനലവധിക്കാലം മക്കൾ എങ്ങനെയാണ് ചെലവഴിച്ചുതീർത്തതെന്നോ? പുറത്തിറങ്ങിയാൽ സൂര്യാഘാതം, നീന്താൻ പോയാൽ അമീബിക് മസ്തിഷ്ക ജ്വരം, പലയിടത്തും വിഷപ്പാമ്പുകളുടെ ഉപദ്രവം! പിന്നെ ആകെയുള്ള നേരംപോക്ക് ഫോണാണ്. നാമറിയാതെ ആദ്യം നമ്മളും പിന്നെ നമ്മുടെ മക്കളും ഫോണിന് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്തെല്ലാം കാര്യങ്ങൾ പ്രകൃതിയിൽ നിന്നും ചുറ്റുപാടിൽ നിന്നും പഠിക്കാനുണ്ടവർക്ക്?

ഈയടുത്ത് വീട്ടിൽ ഉമ്മയുടെയും സഹോദരങ്ങളുടെയും കൂടെ ഉച്ചഭക്ഷണം കഴിക്കാനിരുന്നു. വീട്ടിൽ ഇടയ്ക്കിടെ വെച്ചുവിളമ്പാനും മറ്റു സഹായങ്ങൾക്കും വരുന്ന അമ്മിണിയമ്മ ചോറും കറികളും വിളമ്പിക്കൊണ്ടിരിക്കുകയാണ്. എല്ലാരും കഴിക്കാൻ തുടങ്ങിയപ്പോഴാണ് അമ്മിണിയമ്മയുടെ ഗൗരവത്തിലുള്ളൊരു ചോദ്യം: 'എന്താ ശാഫ്യേ, യ്യ് എപ്പോഴും മീനിന്റെ തലക്കഷ്ണം മാത്രമെടുക്ക്ണ്? അനക്കെന്താ മീനിന്റെ നടുക്കഷ്ണം എറങ്ങൂലേ?' ചോദ്യം വല്യക്കാക്കയോടാണ്! എല്ലാവരും സ്തംഭിച്ചപോയി. അമ്മിണിയമ്മ വളരെ വിരളമായേ സംസാരിക്കാറുള്ളൂ. വീട്ടിൽ വന്നാൽ അടുക്കളയുടെ തിരക്കുകളിലേക്ക് നീങ്ങാറാണ് പതിവ്. എല്ലാവരും വല്യക്കാക്കയുടെ പ്ലേറ്റിലേക്ക് നോക്കി. മീനിന്റെ ചെറിയൊരു തലക്കഷ്ണം! 'എന്നും ഞാനിത് കാണാറുണ്ട്.' അമ്മിണിയമ്മ അതിശയത്തോടെ പറഞ്ഞു.

ഇക്കാക്ക ചിരിച്ചു. 'അമ്മിണിയമ്മേ, അത്... സത്യം പറഞ്ഞാൽ എനിക്ക് ഇറങ്ങാത്തതു കൊണ്ടൊന്നുമല്ല, കൂടെപ്പിറപ്പുകൾക്കു വേണ്ടി നടുക്കഷ്ണങ്ങളെല്ലാം മാറ്റി വെക്കുന്നതാണ്.' ഇക്കാക്ക പറഞ്ഞതു കേട്ട് ഞങ്ങൾ ഞെട്ടിപ്പോയി! ഇക്കാക്ക കരുതി വെച്ച നടുക്കഷ്ണങ്ങളാണ് ഞങ്ങൾക്കു വേണ്ടി പാത്രത്തിലുണ്ടാവാറുള്ളതെന്ന് അന്നാണ് തിരിച്ചറിഞ്ഞത്!

അതുപോലെ നാളെത്തെ മക്കൾക്കുവേണ്ടി, മനുഷ്യർക്കു വേണ്ടി, സഹജീവികൾക്കു വേണ്ടി ഇന്നത്തെ ദുനിയാവിനോട് ചേർന്നുജീവിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമല്ലേ? മണ്ണും മരങ്ങളും തണലും കുളിരും തടാകങ്ങളും താഴ്‌വാരങ്ങളും പുഴകളും കുളങ്ങളും ഔഷധസസ്യങ്ങളും ഫലവൃക്ഷങ്ങളും എന്നുവേണ്ട, എണ്ണിയാലൊടുങ്ങാത്ത സകലതും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയല്ലേ? നമ്മുടെ മക്കൾക്കായി കരുതി വെക്കാവുന്ന നടുക്കഷ്ണങ്ങളല്ലേ അവ?



കവർസ്റ്റോറി

കെ എം ഫാത്വിമ ശമീമ
(കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്)

# സ്ക്രീനും കുട്ടികളും

കുട്ടികളെ സ്ക്രീനുകളിൽ നിന്ന് വേർപെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലും കഴിയാത്ത അവസ്ഥയാണുള്ളത്. മൊബൈൽഫോൺ, ടാബ്, ടെലിവിഷൻ, ലാപ്ടോപ്പ് തുടങ്ങിയവയെല്ലാം കുട്ടികളുടെ ദിനചര്യയുടെ ഭാഗമായിക്കഴിഞ്ഞു. പഠനത്തിനും വിനോദത്തിനും സാങ്കേതികവിദ്യ സഹായകരമാണെങ്കിലും അതിന്റെ അമിതോപയോഗം കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയെ ആഴത്തിൽ ബാധിക്കുമെന്നാണ് ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് 'സ്ക്രീൻ ഉപയോഗം നിയന്ത്രിക്കുക' എന്നത് രക്ഷിതാക്കളുടെ പ്രധാന ഉത്തരവാദിത്തമായിരിക്കുന്നു.

അമിതമായ സ്ക്രീൻ ഉപയോഗം കുട്ടികളിൽ ശ്രദ്ധയില്ലായ്മ, ഉറക്കക്കുറവ്, കോപം, സാമൂഹിക ഇടപെടലുകളിലെ കുറവ്, പഠനക്ഷമതയിലെ ഇടിവ് എന്നിവയ്ക്ക് കാരണമാകാം. മുമ്പ് ദൈർഘ്യമേറിയ വീഡിയോകളും കാർട്ടൂണുകളുമെല്ലാം കണ്ടിരുന്ന കുട്ടികളിപ്പോൾ വീഡിയോ ഷോർട്ട്സും റീലുകളുമാണ് കാണുന്നത്. മുപ്പത് സെകന്റ് മുതൽ രണ്ടു മിനിറ്റിനുള്ളിൽ വിഷയാവതരണം പൂർത്തിയായില്ലെങ്കിൽ അത് സ്ക്രോൾ ചെയ്യപ്പെടും. അതിനാൽ, വീഡിയോയുടെ ദൈർഘ്യം പരമാവധി കുറയ്ക്കാനാണ് വീഡിയോ നിർമാതാക്കൾ ശ്രദ്ധിക്കുന്നത്. എത്രത്തോളം കുറഞ്ഞ ദൈർഘ്യമുള്ള വീഡിയോകൾ കാണുന്നുവോ, അതിനനുസരിച്ചു കുട്ടികളിലെ ഏകാഗ്രത കുറയുന്നുവെന്നാണ് കണ്ടെത്തൽ.

ചെറുപ്രായത്തിലുള്ള കുട്ടികൾ അധികസമയം മൊബൈലിൽ ചെലവഴിക്കുമ്പോൾ ഭാഷാവികസനത്തിലും വൈകല്യങ്ങൾ ഉണ്ടാകാം. ചില കുട്ടികൾ സ്ക്രീനുകളോട് മാനസികമായ വിധേയത്വം (Emotional dependence) വളർത്തുകയും അത് കിട്ടാതിരിക്കുമ്പോൾ അസ്വസ്ഥതയും ദേഷ്യവും കാണിക്കുകയും ചെയ്യുന്നു. കുട്ടികളുടെ തലച്ചോർ വളർച്ചാഘട്ടത്തിലായതിനാൽ വേഗത്തിൽ മാറുന്ന ദൃശ്യങ്ങളും ശബ്ദങ്ങളുമുള്ള സ്ക്രീൻ ഉള്ളടക്കങ്ങൾ മസ്തിഷ്കത്തെ സ്ഥിരമായ ഉത്തേജനത്തിലാക്കുന്നു. ഇതോടെ സാധാരണ ജീവിതത്തിലെ ചെറിയ സന്തോഷങ്ങൾ പോലും കുട്ടികൾക്ക് വിരസമായി തോന്നിത്തുടങ്ങുന്നു.

**രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ:**

*1. കുട്ടികൾക്ക് മാതൃകയാവുക*

നിർദ്ദേശങ്ങളെക്കാൾ രക്ഷിതാക്കളുടെ പ്രവൃത്തികളെയാണ് കുട്ടികൾ അനുകരിക്കുക. എപ്പോഴും മൊബൈലിൽ മുഴുകിക്കഴിയുന്ന രക്ഷിതാക്കൾ കുട്ടികളോട് 'ഫോൺ ഉപയോഗിക്കരുത്' എന്ന് പറയുന്നത് ഒട്ടും ഫലപ്രദമാകില്ല. കുട്ടികളുടെ മുന്നിൽ പരമാവധി സ്മാർട്ട്ഫോണുകൾ ഉപയോഗിക്കാതിരിക്കലാണതിന്റെ ആദ്യപടി.

*2. സ്ക്രീൻ സമയം നിശ്ചയിക്കുക*

കുട്ടികൾക്ക് ദിവസത്തിൽ എത്ര സമയം സ്ക്രീൻ വീക്ഷിക്കാമെന്ന് വ്യക്തമായ പരിധി നിശ്ചയിക്കണം. ഭക്ഷണസമയത്തും ഉറങ്ങുന്നതിനു മുമ്പും സ്ക്രീൻ ഒഴിവാക്കുന്നതാണ് നല്ലത്.

പ്രത്യേകിച്ച്, രാത്രി സമയത്തെ മൊബൈൽ ഉപയോഗം. ഇത് കുട്ടികളുടെയും മുതിർന്നവരുടെയും ഉറക്കത്തെ ബാധിക്കുന്നു.


*3. ഓഫ്‌ലൈൻ പ്രവർത്തനങ്ങളിൽ സജീവമാകാം.*

ബോറടിക്കുമ്പോഴാണ് കുട്ടികൾ കൂടുതലായി സ്ക്രീനിലേക്ക് തിരിയുക. അതിനാൽ, വായന, ചിത്രരചന, വീടിനു പുറത്തിറങ്ങിയുള്ള കളികൾ, കഥപറച്ചിൽ, കുടുംബത്തോടും കൂട്ടുകാരോടുമുള്ള ഇടപെടൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അവസരം നൽകണം. കുട്ടിയുടെ താൽപര്യങ്ങൾ കണ്ടെത്തി അതിനു പ്രോത്സാഹനം നൽകുമ്പോൾ സ്ക്രീനുകളോടുള്ള താത്പര്യം കുറയും.

*4. സ്ക്രീൻ ‘ബേബിസിറ്റർ’ ആക്കരുത്*

ചിലപ്പോൾ കുട്ടികളെ ശാന്തരാക്കാൻ രക്ഷിതാക്കൾ മൊബൈൽ നൽകാറുണ്ട്. ഇത് സ്ഥിരമാകുമ്പോൾ അവർ എല്ലാ വികാരങ്ങളും കൈകാര്യം ചെയ്യാൻ സ്ക്രീനിനെ ആശ്രയിക്കുന്ന അവസ്ഥയുണ്ടാകും. കരച്ചിലും ബോറടിയും കോപവും സ്വാഭാവിക വികാരങ്ങളാണെന്ന് കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം. ചെറിയ മക്കളുടെ കരച്ചിലും വാശിയും മിക്കപ്പോഴും അവർക്ക് അമ്മയുടെ ശ്രദ്ധയും വാത്സല്യവും കിട്ടാൻ വേണ്ടിയോ പറഞ്ഞറിയിക്കാൻ കഴിയാത്ത രീതിയിലുള്ള വൈകാരിക ബുദ്ധിമുട്ടുകൾ കാരണമോ ആയിരിക്കും. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ഫോൺ നൽകിയുള്ള ഒത്തുതീർപ്പ് അവരിൽ മതിയായ വൈകാരിക വളർച്ചയ്ക്കു വിഘാതമായിത്തീരും. അത് അവരിൽ സ്ക്രീൻഅഡിക്ഷൻ പോലെയുള്ള അവസ്ഥകൾക്കും കാരണമായേക്കും. ഭക്ഷണം കഴിക്കാൻ വേണ്ടി കുഞ്ഞുങ്ങൾക്ക് ഫോൺ നൽകുന്നതും വളരെയേറെ അപകടം നിറഞ്ഞതാണ്. ഇത് ഭക്ഷണം ആസ്വദിച്ചു കഴിക്കുന്നതിനു തടസ്സമാകും. ഭക്ഷണം കഴിക്കാൻ വേണ്ടിയുള്ള സ്ക്രീൻ ഡിപ്പൻഡൻസിലൂടെ ഓബേസിറ്റി അഥവാ, പൊണ്ണത്തടി പോലുള്ള അവസ്ഥയും വന്നുചേർന്നേക്കും.

**ചെറിയ മക്കളുടെ കരച്ചിലും വാശിയും മിക്കപ്പോഴും അവർക്ക് അമ്മയുടെ ശ്രദ്ധയും വാത്സല്യവും കിട്ടാൻ വേണ്ടിയോ പറഞ്ഞറിയിക്കാൻ കഴിയാത്ത രീതിയിലുള്ള വൈകാരിക ബുദ്ധിമുട്ടുകൾ കാരണമോ ആയിരിക്കും. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ഫോൺ നൽകിയുള്ള ഒത്തുതീർപ്പ് അവരിൽ മതിയായ വൈകാരിക വളർച്ചയ്ക്കു വിഘാതമായിത്തീരും. അത് അവരിൽ സ്ക്രീൻ അഡിക്ഷൻ പോലെയുള്ള അവസ്ഥകൾക്കും കാരണമായേക്കും. ഭക്ഷണം കഴിക്കാൻ വേണ്ടി കുഞ്ഞുങ്ങൾക്ക് ഫോൺ നൽകുന്നതും വളരെയേറെ അപകടം നിറഞ്ഞതാണ്.**



*5. തുറന്നു പറയാം*

‘ഫോൺ നോക്കരുത്’ എന്നു മാത്രം പറയുന്നതിനു പകരം അതിന്റെ കാരണവും ദോഷവശങ്ങളും കുട്ടികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുകൊടുക്കണം. നിയന്ത്രണത്തെക്കാൾ ബോധവത്കരണമാണ് കൂടുതൽ ഫലപ്രദമാവുക. ‘നാം പറഞ്ഞാലൊന്നും ഇപ്പോഴത്തെ മക്കൾ അനുസരിക്കില്ല’ എന്നുള്ള ഡയലോഗൊക്കെ വെറുതെയാണ്. എന്തിനാണ് സ്ക്രീൻനിയന്ത്രണം എന്നു കൂടി അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. മാതാപിതാക്കളുടെ നിർദ്ദേശങ്ങൾക്ക് വിലയുണ്ടെന്നു മനസ്സിലാക്കാനും ഇത് സഹായിക്കും. മക്കൾ വാശിപിടി



**അടുത്തകാലത്ത് സമൂഹത്തിൽ കൂടുതലായി ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിലൊന്നാണ് 'സ്ക്രീൻ ഓട്ടിസം.' വൈദ്യശാസ്ത്രപരമായി ഇത് ഔദ്യോഗിക രോഗമല്ലെങ്കിലും, വളരെ ചെറിയ പ്രായത്തിൽ അമിതമായി സ്ക്രീൻ ഉപയോഗിക്കുന്ന ചില കുട്ടികളിൽ ഓട്ടിസത്തോട് സാമ്യമുള്ള ചില പെരുമാറ്റങ്ങൾ കാണപ്പെടുന്നുവെന്ന ആശങ്ക വിദഗ്ധർ മുന്നോട്ടുവയ്ക്കുന്നുണ്ട്.**

ക്കുന്നതിനെല്ലാം മാതാപിതാക്കൾ കണ്ണടച്ച് 'നോ' പറയരുത്; സ്വതന്ത്രമായി സമ്മതം മൂളുകയും ചെയ്യരുത്. രണ്ടും ഉചിതമായ മാർഗത്തിൽ ഉപയോഗിക്കണം.

6. ഉള്ളടക്കത്തിന്റെ ഗുണമേന്മ

സ്ക്രീൻ സമയം കുറച്ചതുകൊണ്ടു മാത്രമായില്ല, കുട്ടികൾ എന്താണ് കാണുന്നതെന്നും ശ്രദ്ധിക്കണം. പ്രായത്തിനു യോജിക്കാത്തതോ അക്രമപരമായ ഉള്ളടക്കങ്ങളുള്ളതോ ആയ വീഡിയോകൾ കുട്ടികളുടെ ചിന്തകളെയും പെരുമാറ്റത്തെയും ബാധിച്ചേക്കാം. എ ഐ ഉപയോഗിക്കാനും കൂടുതൽ ഉപകാരപ്രദമായ വൈജ്ഞാനികവിനോദങ്ങളിൽ ഏർപ്പെടാനും മേൽപറഞ്ഞ നിയന്ത്രണത്തോടെ പ്രോൽസാഹിക്കാം. അനാവശ്യ വീഡിയോകൾ കണ്ട് സമയം കൊല്ലുന്നതും ഒഴിവാക്കാൻ ശ്രദ്ധിക്കണം. ഇത് അവരിൽ അലസത വർദ്ധിപ്പിക്കും. കുറഞ്ഞ സമയങ്ങളിൽ ഉപകാരങ്ങളുള്ള വീഡിയോസ് തെരഞ്ഞെടുത്ത് കാണാൻ മക്കളെ പ്രോൽസാഹിപ്പിക്കണം. അവർ ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകാനും ശ്രദ്ധിക്കണം.

അടുത്തകാലത്ത് സമൂഹത്തിൽ കൂടുതലായി ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിലൊന്നാണ് 'സ്ക്രീൻ ഓട്ടിസം.' വൈദ്യശാസ്ത്രപരമായി ഇത് ഔദ്യോഗിക രോഗമല്ലെങ്കിലും, വളരെ ചെറിയ പ്രായത്തിൽ അമിതമായി സ്ക്രീൻ ഉപയോഗിക്കുന്ന ചില കുട്ടികളിൽ ഓട്ടിസത്തോട് സാമ്യമുള്ള ചില പെരുമാറ്റങ്ങൾ കാണപ്പെടുന്നുവെന്ന ആശങ്ക വിദഗ്ധർ മുന്നോട്ടുവയ്ക്കുന്നുണ്ട്. സംസാരവൈകല്യം, മുഖത്തേക്ക് നോക്കാതിരിക്കുക, സാമൂഹിക ഇടപെടലുകളിലുള്ള കുറവ്, പേരുവിളിക്കുമ്പോൾ പ്രതികരിക്കാതിരിക്കുക തുടങ്ങിയ ലക്ഷണങ്ങൾ ചില കുട്ടികളിൽ കാണപ്പെടാം.

എന്നാൽ എല്ലാ വൈകല്യങ്ങളും 'സ്ക്രീൻ ഓട്ടിസം' ആണെന്ന് കരുതുന്നതും ശരിയല്ല. യഥാർത്ഥ ഓട്ടിസവും സ്ക്രീൻ അമിതോപയോഗം മൂലമുള്ള പെരുമാറ്റപ്രശ്നങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. പക്ഷേ, ചെറിയ കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ മനുഷ്യബന്ധങ്ങളും സംഭാഷണങ്ങളും കളികളും കുറയുമ്പോൾ അവരുടെ സാമൂഹികവും ഭാഷാപരവുമായ വളർച്ചയെ അത് ആഴത്തിൽ ബാധിക്കുമെന്നത് സത്യമാണ്. അതിനാൽ, പ്രത്യേകിച്ച് അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികളുടെ സ്ക്രീൻ സമയം നിയന്ത്രിക്കുന്നത് വളരെ പ്രധാനമാണ്.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# മുഹർറം പ്രതീക്ഷയുടെ പുതുവർഷം

വർഷം കൊഴിഞ്ഞുപോകുമ്പോൾ കഴിഞ്ഞ വർഷം എപ്രകാരമാണ് വിനിയോഗിച്ചതെന്ന വിചിന്തനം അനിവാര്യമാണ്. ചെയ്തുപോയ പാപങ്ങളിൽ നിന്ന് ആത്മാർത്ഥമായി പാപമോചനം തേടാനും ഖേദിച്ചുമടങ്ങാനും ഈ മാസം ഉപയോഗപ്പെടുത്തണം. അചഞ്ചലമായ വിശ്വാസവും അർപ്പണബോധവും വഴി വിജയം വരിച്ച മഹാന്മാരുടെ ജീവിതപാഠങ്ങൾ വായിച്ചെടുക്കണം. തിരുത്താനുള്ളത് തിരുത്തിയും കൂട്ടിച്ചേർക്കാനുള്ളത് കൂട്ടിച്ചേർത്തും ജീവിതം ചിട്ടപ്പെടുത്തണം.



ഹിജ്റകലണ്ടറിലെ ആദ്യ മാസമായ മുഹർറം സഹസ്രാബ്ദങ്ങൾക്കു മുമ്പ് നടന്ന ഒട്ടനവധി സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു. ഇസ്‌ലാമിക ചരിത്രത്തിലെ ധാരാളം വിജയഗാഥകൾ മുഹർറമിന് പറയാനുണ്ട്. അതോടൊപ്പം വിശ്വാസിനയനങ്ങളെ ഈറനണിയിക്കുന്ന ചില ദുഃഖസംഭവങ്ങളും ഈ മാസത്തിൽ ഓർക്കാനുണ്ട്. ഇബ്‌ലീസിന്റെ കുതന്ത്രത്തിൽപ്പെട്ട ആദംനബി(അ)ന്റെ പശ്ചാതാപം അല്ലാഹു സ്വീകരിച്ചു, അയ്യൂബ് നബി(അ)നെ വിശമത്തിലാക്കിയ രോഗം ശിഫയായി, സുലൈമാൻ നബി(അ) ലോകചക്രവർത്തിയായി നിയോഗിക്കപ്പെട്ടു, യഅ്ഖൂബ് നബി(അ)ന് നഷ്ടപ്പെട്ടുപോയ കാഴ്ചശക്തി തിരിച്ചുകിട്ടി, മൂസാനബി(അ)നെയും സമുദായത്തെയും ഫിർഔനിൽ നിന്ന് രക്ഷപ്പെടുത്തി, ഈസാനബി(അ)നെ ആകാശത്തേക്കുയർത്തി എന്നിങ്ങനെ അമ്പിയാക്കളുമായി ബന്ധപ്പെട്ട നിരവധി ചരിത്രസംഭവങ്ങൾക്ക് മുഹർറം സാക്ഷിയായിട്ടുണ്ടെന്ന് ചരിത്രഗ്രന്ഥങ്ങളിൽ കാണാം.

ഓരോ മുഹർറമും ഓരോ വർഷത്തെയാണ് പ്രതിനിധീകരിക്കുന്നത്. സ്രഷ്ടാവ് സമ്മാനിച്ച പരിമിതമായ ആയുസ്സിൽ നിന്ന് ഒരു

## ആശൂറാഅ്, താസൂആഅ്

മുഹർറം പത്ത് ആശൂറാഅ് എന്ന പേരിലും ഒമ്പത് താസൂആഅ് എന്ന പേരിലും അറിയപ്പെടുന്നു. ചരിത്രപ്രാധാന്യമുള്ള ഈ ദിനങ്ങൾ ആരാധനകൾ കൊണ്ട് ധന്യമാക്കാൻ മഹാന്മാർ നിർദ്ദേശിച്ചതായി കാണാം. ഈ ദിവസങ്ങളുടെ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് ഇമാം മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസ് ഇങ്ങനെ വായിക്കാം: അബ്ദുല്ലാഹിബ്നു ഉമർ(റ)നിവേദനം. നബി(സ) പറഞ്ഞു: 'നിശ്ചയം, ആശൂറാഅ് അല്ലാഹുവിന്റെ

ദിനങ്ങളിൽ പെട്ടതാണ്. ഈ ദിവസത്തിൽ താത്പര്യമുള്ളവർക്ക് നോമ്പെടുക്കാം. അല്ലാത്തവർക്ക് ഒഴിവാക്കുകയും ചെയ്യാം.' (മുസ്ലിം: 2698) നബി(സ) മക്കയിലായിരുന്നപ്പോൾ തന്നെ മുഹർറം പത്തിന് നോമ്പെടുക്കാറുണ്ടായിരുന്നു. ആഇശ(റ) പറഞ്ഞു: 'ജാഹിലിയ്യാ കാലഘട്ടത്തിൽ ഖുറൈശികൾ മുഹറം പത്തിന് നോമ്പെടുക്കാറുണ്ടായിരുന്നു. നബി(സ)യും നോമ്പ് നോറ്റിരുന്നു. മദീനയിലേക്ക് ഹിജ്റ പോയപ്പോൾ നോമ്പ് നോൽക്കാൻ അവിടുന്ന് നിർദ്ദേശം നൽകുകയും ചെയ്തു. റമളാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'ഉദ്ദേശിക്കുന്നവർക്ക് (ഈ ദിനത്തിൽ) നോമ്പെടുക്കാം. അല്ലാത്തലർക്ക് നോമ്പ് ഒഴിവാക്കുകയും ചെയ്യാം.' (മുസ്ലിം 2693) ആശൂറാഅ് ദിവസത്തിലെ നോമ്പ് ജൂതന്മാരിൽ നിന്ന് കടമെടുത്തതല്ലെന്ന് പ്രസ്തുത ഹദീസിൽ നിന്നു മനസ്സിലാക്കാം. ഇസ്ലാമിന്റെ ആദ്യകാലത്ത് ആശൂറാഅ് ദിവസത്തിൽ നോമ്പനുഷ്ഠിക്കുന്നത് നബി(സ) നിർബന്ധമായിക്കണ്ടിരുന്നു. റമളാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടപ്പോഴാണ് ഉദ്ദേശിക്കുന്നവർക്ക് നോൽക്കാം എന്ന നിലപാടിലെത്തിയത്. മദീനയിലെത്തിയപ്പോൾ ജൂതന്മാർ നോമ്പെടുക്കുന്നതു കണ്ട തിരുനബി(സ) സഹാബികളോട് പ്രസ്തുത ദിവസത്തിൽ നോമ്പെടുക്കാൻ കൽപ്പിച്ചു.

അബൂഹുറയ്റ(റ) പറഞ്ഞു: 'ഒരു ആശൂറാഅ് ദിവസത്തിൽ ജൂതന്മാരിൽ ചിലരുടെ അടുത്തുകൂടി നബി(സ) നടന്നുപോയി. അവർ നോമ്പുകാരാണെന്നറിഞ്ഞപ്പോൾ അവിടുന്ന് ചോദിച്ചു: 'നിങ്ങൾ ഇന്ന് നോമ്പെടുക്കാനുള്ള കാരണമെന്താണ്?' അവർ പറഞ്ഞു: 'ഈ ദിവസത്തിലാണ് അല്ലാഹു മൂസാനബി(അ)നെയും ഇസ്റാഈൽ സന്തതികളെയും ഫിർഔനിൽ നിന്ന് രക്ഷപ്പെടുത്തിയത്. ഫിർഔനിനെ അല്ലാഹു വെള്ളത്തിൽ മുക്കി നശിപ്പിച്ചതും ഈ ദിവസത്തിലാണ്. ജൂദിയ്യ് പർവ്വതത്തിനു മുകളിൽ കപ്പലിനടുത്ത് വെള്ളമെത്തിയതും ഈ ദിവസത്തിലാണ്. ഇതിലുള്ള നന്ദി കാരണം മൂസാനബി(അ)യും നൂഹ്നബി(അ)യും നോമ്പനുഷ്ഠിച്ചിരുന്നു.'

അപ്പോൾ നബി(സ) പ്രതിവചിച്ചു: 'മൂസാനബി(അ)നോട് നിങ്ങളെക്കാൾ ബന്ധപ്പെട്ടവൻ ഞാനാണ്. ഈ ദിവസത്തിൽ നോമ്പനുഷ്ഠിക്കാനും കൂടുതൽ കടപ്പെട്ടവൻ ഞാൻ തന്നെയാണ്.' അങ്ങനെ ഈ ദിവസം സ്വഹാബികളോട് നോമ്പനുഷ്ഠിക്കാൻ തിരുനബി(സ) നിർദ്ദേശിച്ചു. (അഹ്മദ്: 8702, മുസ്‌ലിം: 2714)

മുഹറം പത്തിന്റെ ശ്രേഷ്ഠത കണക്കിലെടുത്ത് അന്ന് നോമ്പ് നോൽക്കാൻ അവിടുന്ന് കൽപ്പിച്ചു. എന്നാൽ, ജൂതന്മാരുടെ ആരാധനയ്ക്കു സമാനമാവാതിരിക്കാൻ മുഹറം ഒമ്പതിനു കൂടി നോമ്പെടുക്കാൻ തിരുനബി(സ) നിർദ്ദേശിച്ചു. ഇബ്നുഅബ്ബാസ്(റ) ഈ ഹദീസ് ഉദ്ധരിച്ച് വിശദീകരിക്കുന്നു: 'ആശൂറാഅ് ദിവസം നബി(സ) നോമ്പ് നോൽക്കുകയും സ്വഹാബികളോട് നോമ്പനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു. അപ്പോൾ സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഈ ദിവസം ജൂതന്മാരും ക്രിസ്ത്യാനികളും മഹത്വവൽക്കരിക്കുന്ന ദിവസമാണല്ലോ.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇൻശാഅല്ലാഹ്, അടുത്തവർഷം ഒമ്പതിനു കൂടി നാം നോമ്പു നോൽക്കും.' ഇബ്നുഅബ്ബാസ്(റ) തുടരുന്നു: 'അടുത്ത വർഷം ഈ ദിവസമാകുമ്പോഴേക്കും നബി(സ) വഫാത്തായിരുന്നു.' (മുസ്‌ലിം 2722)

ജൂതക്രൈസ്തവരുടെയും മറ്റു മതക്കാരുടെയും ആചാരങ്ങളിൽ നിന്നും അനുഷ്ഠാനങ്ങളിൽ നിന്നും മാറിനിൽക്കണമെന്ന മഹത്തായ പാഠം നൽകുന്നതാണ് ഈ സംഭവം. അന്യമതാചാരങ്ങൾ ഒരിക്കലും നമുക്ക് അവലംബിക്കാൻ പറ്റില്ല. മതാചാരങ്ങൾ പരസ്പരം കൈമാറലല്ല മതസൗഹാർദ്ദമെന്നോർക്കണം.



**ആഇശ(റ) പറഞ്ഞു: 'ജാഹിലിയ്യാ കാലഘട്ടത്തിൽ ഖുറൈശികൾ മുഹറം പത്തിന് നോമ്പെടുക്കാറുണ്ടായിരുന്നു. നബി(സ)യും നോമ്പ് നോറ്റിരുന്നു. മദീനയിലേക്ക് ഹിജ്റ പോയപ്പോൾ നോമ്പ് നോൽക്കാൻ അവിടുന്ന് നിർദ്ദേശം നൽകുകയും ചെയ്തു. റമളാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'ഉദ്ദേശിക്കുന്നവർക്ക് (ഈ ദിനത്തിൽ) നോമ്പെടുക്കാം. അല്ലാത്തലർക്ക് നോമ്പ് ഒഴിവാക്കുകയും ചെയ്യാം.' (മുസ്‌ലിം 2693)**

## നോമ്പിന്റെ മഹത്വം

മുഹറമാസം മുഴുവനും, പ്രത്യേകിച്ച് ഒമ്പത്, പത്ത് ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നത് വലിയ പ്രതിഫലം ലഭിക്കുന്ന സുന്നത്താണ്. സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'റമളാൻ കഴിഞ്ഞാൽ നോമ്പനുഷ്ഠിക്കാൻ ഏറ്റവും ശ്രേഷ്ഠമായ മാസം പവിത്രമായ നാലു മാസങ്ങളാണ്. അതിൽ കൂടുതൽ ശ്രേഷ്ഠം മുഹർറം, റജബ്, ദുൽഹിജ്ജ, ദുൽഖഅദ് എന്നിവയാണ്. പിന്നീട് ശഅ്ബാൻ മാസവുമാണ്.' (ഫത്ഹുൽമുഈൻ) അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: 'റമളാൻ കഴിഞ്ഞാൽ നോമ്പെടുക്കാൻ ഏറ്റവും ശ്രേഷ്ഠമായ മാസം അല്ലാഹുവിന്റെ മാസമായ മുഹറമാണ്. ഫർള് നിസ്കാരം കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം രാത്രിനിസ്കാരമാണ്.' (മുസ്‌ലിം: 2812) അലി(റ) നിവേദനം. നബി(സ)യുടെ അടുത്ത് ഒരാൾ വന്നു ചോദിച്ചു: 'യാ റസൂലല്ലാഹ്, റമളാൻ കഴിഞ്ഞാൽ നോമ്പനുഷ്ഠിച്ചാൽ കൂടുതൽ പ്രതിഫലാർഹമായ ഒരു മാസത്തെക്കുറിച്ച് പറഞ്ഞുതരൂ.' അപ്പോൾ നബി(സ) പറഞ്ഞു: 'റമളാനിനു ശേഷം നീ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ മുഹറമാസത്തിൽ നോമ്പനുഷ്ഠിച്ചോളൂ. അത് അല്ലാഹുവിന്റെ മാസമാണ്.' (അഹ്മദ് 1335)

ആശൂറാഅ് ദിനത്തിൽ നോമ്പനുഷ്ഠിക്കുന്നത് ഒരു വർഷത്തെ പാപം പൊറുക്കാൻ കാരണമാകുമെന്നും ഹദീസിൽ കാണാം. അബൂഖതാദ(റ) നിവേദനം. നബി(സ) പറഞ്ഞു: 'ആശൂറാഅ് ദിവസത്തിലെ നോമ്പ് കഴിഞ്ഞുപോയ ഒരു കൊല്ലത്തെ പാപങ്ങൾ പൊറുപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' (മുസ്‌ലിം: 2803) മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: 'ആശൂറാഅ് ദിവസത്തിലെ നോമ്പിനെ കുറിച്ച് നബി(സ)യോട് ചോദ്യമുണ്ടായി. അപ്പോൾ അവിടുന്ന് പ്രത്യുത്തരം നൽകി: 'അത് കഴിഞ്ഞുപോയ ഒരു വർഷത്തെ പാപം പൊറുപ്പിക്കും.' (മുസ്‌ലിം 1977)

നബി(സ)യുടെ അടുത്ത് ഒരാൾ വന്നു ചോദിച്ചു: 'യാ റസൂലല്ലാഹ്, റമളാൻ കഴിഞ്ഞാൽ നോമ്പനുഷ്ഠിച്ചാൽ കൂടുതൽ പ്രതിഫലാർഹമായ ഒരു മാസത്തെക്കുറിച്ച് പറഞ്ഞുതരൂ.' അപ്പോൾ നബി(സ) പറഞ്ഞു: 'റമളാനിനു ശേഷം നീ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ മുഹറമാസത്തിൽ നോമ്പനുഷ്ഠിച്ചോളൂ. അത് അല്ലാഹുവിന്റെ മാസമാണ്.' (അഹ്മദ് 1335)

## മുഹറം പതിനൊന്ന്

മുഹറം ഒമ്പതിൽ സുന്നത്തുള്ളതുപോലെ പതിനൊന്നിലും നോമ്പ് സുന്നത്തുണ്ട്. ഒമ്പതിന് നോമ്പെടുത്തവർക്കും പതിനൊന്നിന് സുന്നത്തുണ്ട്. ആശൂറാഅ് ദിവസം മാത്രം നോമ്പ് എടുക്കുന്നതിലും വിരോധമില്ല. സൈനുദ്ദീൻ മഖ്ദൂം(റ) വിശദീകരിക്കുന്നു: 'ഒമ്പതിലെ നോമ്പിന്റെ യുക്തി ജൂതന്മാരിൽ നിന്ന് വ്യത്യസ്തത പുലർത്തുക എന്നതാണ്. അതുകൊണ്ടുതന്നെ ഒമ്പതിൽ നോമ്പ് നോൽക്കാൻ കഴിയാത്തവർക്ക് പതിനൊന്നിൽ നോമ്പനുഷ്ഠിക്കൽ സുന്നത്തുണ്ട്. ഒമ്പതിൽ നോമ്പെടുത്താലും പതിനൊന്നിൽ സുന്നത്തുണ്ടെന്ന് ഹദീസിൽ നിന്ന് മനസ്സിലാക്കാം. പത്തിനു മാത്രം നോമ്പനുഷ്ഠിച്ചാലും വിരോധമില്ലെന്ന് അൽഉമ്മിൽ ഇമാം ശാഫിഈ(റ)വിന്റെ അസ്ഹാബ് വിവരിച്ചിട്ടുണ്ട്. (ഫത്ഹുൽമുഈൻ) പതിനൊന്നിൽ നോമ്പെടുക്കാനുള്ള പ്രത്യേക നിർദ്ദേശം നബി(സ) നൽകിയതായും കാണാം. 'ആശൂറാഅ് ദിവസം നിങ്ങൾ നോമ്പനുഷ്ഠിക്കുക. ജൂതന്മാരോട് നിങ്ങൾ എതിരാവുക. അതിന്റെ മുമ്പും (ഒമ്പതിന്) ശേഷവും (പതിനൊന്നിന്) ഓരോ ദിവസം നോമ്പനുഷ്ഠിക്കുക.' (അഹ്മദ്)

## വിശാലത ചെയ്യൽ

മുഹർറം പത്തിന് നല്ല ഭക്ഷണപാനീയങ്ങൾ നൽകി കുടുംബത്തിന് വിശാലത ചെയ്യാൻ പ്രത്യേക നിർദ്ദേശമുണ്ട്. ഒരു വർഷം മുഴുവൻ കുടുംബത്തിൽ വിശാലത ലഭിക്കാൻ ഇത് കാരണമാവുമെന്ന് ഹദീസിൽ കാണാം. അൽഖമതുബ്നു അബ്ദില്ലാഹ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'ആശൂറാഅ് ദിവസത്തിൽ ആരെങ്കിലും കുടുംബത്തിന് വിശാലത ചെയ്താൽ പ്രസ്തുത വർഷത്തിലെ മറ്റു ദിവസങ്ങളിൽ അവർക്ക് വിശാലത ലഭിച്ചുകൊണ്ടിരിക്കും.' (ത്വബ്റാനി: 9864) ഈ ഹദീസിന്റെ റിപ്പോർട്ടർമാരിൽ പലരും ഇങ്ങനെ ചെയ്തതുകാരണം വിശാലത ലഭിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (കുർദി അലാ ബാഫള്ൽ)

ഇബ്നു ഉയയ്ന(റ) പറഞ്ഞു: 'അൻപതു വർഷം, അല്ലെങ്കിൽ അറുപതു വർഷം ഞാൻ ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. ഖൈറല്ലാതെ എനിക്കതിലൂടെ ലഭിച്ചിട്ടില്ല.' (കശ്ഫുൽ ഖനാഅ് 2:339)

കർമശാസ്ത്ര പണ്ഡിതന്മാർ പറയുന്നു: ആശൂറാഅ് ദിവസത്തിൽ കുടുംബത്തിന് വിശാലത ചെയ്യൽ സുന്നത്താണ്. പ്രസ്തുത വർഷം മുഴുവനും അല്ലാഹു അവർക്ക് വിശാലത നൽകാനത് നിമിത്തമാകും. ഹസനായ ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്. ഹദീസിന്റെ റിപ്പോർട്ടർമാരിൽ ചിലർ ഇത് അനുഭവിച്ചതായും പറഞ്ഞിട്ടുണ്ട്. ഹദീസിന്റെ നിവേദകപരമ്പരകൾ ദുർബലമാണെങ്കിലും നിവേദനങ്ങളുടെ ആധിക്യം



**അല്ലാഹു വലിയ ആദരവ് നൽകിയിട്ടുള്ള നാലു മാസങ്ങളാണ് ദുൽഹിജ്ജ, ദുൽഖഅദ്, മുഹർറം, റജബ് എന്നിവ. ഇതിൽ പ്രധാനപ്പെട്ടതാണ് മുഹർറം. വിശുദ്ധഖുർആൻ ഒമ്പതാം അധ്യായം മുപ്പത്തിആറാം വചനത്തിൽ നാലുമാസങ്ങളെ വിശേഷിപ്പിച്ചത് 'ഹുറും' എന്നാണ്. സൽകർമ്മങ്ങൾക്ക് കൂടുതൽ പ്രതിഫലവും തെറ്റുകൾക്ക് കൂടുതൽ ശിക്ഷയും പ്രസ്തുത മാസങ്ങളിൽ ഉണ്ടാകുമെന്ന് മുഫസ്സിറുകൾ ഈ ആയത്ത് വ്യാഖ്യാനിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്.**

ഇതിന് ശക്തി പകരുന്നുണ്ട്. മാത്രമല്ല, അവയിൽ ചിലത് സ്വഹീഹാണെന്ന് സൈനുൽഇറാഖി(റ), ഇബ്നുനാസിറുദ്ദീൻ(റ) തുടങ്ങിയവർ പ്രസ്താവിച്ചിട്ടുമുണ്ട്. പ്രസ്തുത ഹദീസ് നിർമ്മിതമാണെന്ന് ഇബ്നുൽജൗസി പറഞ്ഞത് ശരിയല്ലെന്നും അദ്ദേഹം പറയുന്നു. (ശർവാനി) ശമാഇലിന്റെ ശർഹിൽ മുനാവി(റ) വിശദീകരിക്കുന്നതു കാണാം: 'മുഹറം പത്തിന് കുടുംബത്തിന് വിശാലത ചെയ്തുകൊടുക്കുന്നവർക്ക് ആ വർഷം മുഴുവൻ അല്ലാഹു വിശാലത നൽകും.'

## മുഹർറം ദുശ്ശകുനമല്ല

മുഹർറം വളരെ പവിത്രതയുള്ളതും ആദരണീയവുമായ മാസമാണെന്ന് മേൽവിവരണങ്ങളിൽ നിന്ന് മനസ്സിലാകും. വർഷത്തിലെ പന്ത്രണ്ട് മാസങ്ങളിൽ അല്ലാഹു വലിയ ആദരവ് നൽകിയിട്ടുള്ള നാലു മാസങ്ങളാണ് ദുൽഹിജ്ജ, ദുൽഖഅദ്, മുഹർറം, റജബ് എന്നിവ. ഇതിൽ പ്രധാനപ്പെട്ടതാണ് മുഹർറം. വിശുദ്ധഖുർആൻ ഒമ്പതാം അധ്യായം മുപ്പത്തിആറാം വചനത്തിൽ നാലുമാസങ്ങളെ വിശേഷിപ്പിച്ചത് 'ഹുറും' എന്നാണ്. സൽകർമ്മങ്ങൾക്ക് കൂടുതൽ പ്രതിഫലവും തെറ്റുകൾക്ക് കൂടുതൽ ശിക്ഷയും പ്രസ്തുത മാസങ്ങളിൽ ഉണ്ടാകുമെന്ന് മുഫസ്സിറുകൾ ഈ ആയത്ത് വ്യാഖ്യാനിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്. നബി(സ) ഈ മാസത്തെ 'ശഹ്റുല്ലാഹ്' അഥവാ, അല്ലാഹുവിന്റെ മാസം എന്നു വിശേഷിപ്പിച്ചതും ശ്രദ്ധേയമാണ്.

പ്രത്യേകിച്ച്, മുഹർറമിലെ ആദ്യ പത്തുദിനങ്ങൾ കൂടുതൽ മഹത്വമുള്ളതാണ്. പൂർവ്വസൂരികൾ വളരെയേറെ ആദരിച്ച മൂന്ന് പത്തുകളുണ്ട്. റമളാനിലെ അവസാനത്തെയും ദുൽഹിജ്ജ, മുഹർറം മാസങ്ങളിലെ ആദ്യ പത്തുദിനങ്ങളുമാണത്. എന്നാൽ, ആദരണീയമായ മുഹർറം മാസത്തിലെ ആദ്യ പത്തു ദിനങ്ങൾ ദുശ്ശകുനമാണെന്നും നല്ല കാര്യങ്ങൾ ചെയ്യാൻ പാടില്ലെന്നുമുള്ള ധാരണ ചിലർക്കുണ്ട്. അത് ശരിയല്ല.

പഴയകാലത്തേ മഹാന്മാർ ഈ മാസത്തിൽ നോമ്പനുഷ്ഠിക്കുകയും പ്രത്യേക ആരാധനയ്ക്ക് തെരഞ്ഞെടുക്കുകയും ചെയ്യാറുണ്ട്. ഇതിന് തടസ്സമാകുമെന്നു കരുതി അവർ കല്യാണം, സൽക്കാരം പോലുള്ള ആഘോഷങ്ങൾ മുഹർറമിൽ, പ്രത്യേകിച്ച് ആദ്യത്തെ പത്ത് ദിനങ്ങളിൽ നടത്താറുണ്ടായിരുന്നില്ല. റമളാൻ മാസത്തിൽ മുസ്‌ലിംകൾ പൊതുവെ വിവാഹവും വിവാഹസൽക്കാരവും സംഘടിപ്പിക്കാറില്ലല്ലോ. അത് റമളാൻ മാസം മോശമായതുകൊണ്ടല്ല, ആരാധനകൾക്ക് തടസ്സമാവരുതെന്നു കരുതിയാണ്. ഇതുപോലെയാണതും. മുഹർറം മാസപ്പിറവി മറഞ്ഞുകാണുന്നത് നല്ലതല്ലെന്ന ധാരണയും ചില നാടുകളിലുണ്ട്. ഇത്തരം കാര്യങ്ങൾക്ക് പ്രാമാണികമായി പിന്തുണയില്ലെന്നതാണ് സത്യം.

ഉസ്മാൻ(റ)വിന്റെ ഭരണകാലത്ത് കലാപം നയിച്ച അബ്ദുല്ലാഹിബ്നു സബഅ് മുസ്‌ലിം

കളെ തകർക്കാൻ കണ്ടുപിടിച്ച മാർഗ്ഗമാണ് ശിയാഇസം. പല വികലവാദങ്ങളും ഇവർ വെച്ചുപുലർത്തുന്നുണ്ട്. നബി(സ)യുടെ വഫാത്തിനു ശേഷം ഖലീഫയാവാനുള്ള യോഗ്യത അലി(റ)വിനും കുടുംബത്തിനുമാണെന്നാണ് ഇവരുടെ ഒരു വാദം. അലി(റ)വിനെ പ്രഥമ ഖലീഫയായി തെരഞ്ഞെടുക്കാത്തതിന്റെ പേരിൽ സ്വഹാബത്തിനെ കഠിനമായി ആക്ഷേപിക്കുന്നവരാണ് ശിയാക്കളിൽ അധികവിഭാഗങ്ങളും. അലി(റ) പ്രവാചകനാണെന്നു വരെ ചിലർ വാദിക്കുന്നു. ജിബ്‌രീൽ(അ) വഹ്‌യുമായി വരുമ്പോൾ ആളുമാറിപ്പോയതാണെന്നാണ് ഇവരുടെ പക്ഷം. അലി(റ)വിന് സവിശേഷമായ സ്ഥാനം കൽപ്പിക്കുന്നവർ എന്ന അർത്ഥലുള്ള ‘ശീഅതുഅലി’ എന്ന പ്രയോഗത്തിൽ നിന്നാണ് ‘ശീഅഃ’ എന്ന നാമം വന്നത്. നബി(സ)യുടെ പേരമകനും അലി(റ)വിന്റെ മകനുമായ ഹുസൈൻ(റ) ശഹീദായത് മുഹറം പത്തിനാണ്. ഇസ്‌ലാമിക ചരിത്രത്തിലെ ധാരാളം വിജയങ്ങൾക്കും ശത്രുക്കളുടെ പതനങ്ങൾക്കും സാക്ഷിയായ ഈ ദിവസം ഇങ്ങനെ ഒരു ദുഃഖസംഭവത്തിനും സാക്ഷിയായിട്ടുണ്ട്. ഹുസൈൻ(റ) ശഹീദായ ദിവസമായതിനാൽ ശിയാക്കൾ ദുഃഖസൂചകമായി പല അനാചാരങ്ങളും ഈ ദിവസം നടത്തിവരുന്നു.

ഹിജ്റവർഷം നാലാം നൂറ്റാണ്ടായപ്പോൾ ശിയാക്കളിലെ ഒരു വിഭാഗമായ റാഫിളത് ഈ ദിവസത്തിൽ ദുഃഖാചരണത്തിനു പല രീതികളും കൊണ്ടുവന്നു. ബാഗ്ദാദ് പോലുള്ള പട്ടണങ്ങളിൽ ആശൂറാഅ് ദിനത്തിൽ ദുഃഖസൂചകമായി ചെണ്ട കൊട്ടിയും ടൗണുകളിലും റോഡുകളിലും മണ്ണും വെണ്ണീരും വിതറിയും കടകളുടെ മുൻവശത്ത് കരിമ്പടം തൂക്കിയുമെല്ലാം ദുഃഖം പ്രകടിപ്പിച്ചു. ഹുസൈൻ(റ) ദാഹിച്ചവശനായി ശഹീദായതിനാൽ പ്രസ്തുത ദിവസത്തിൽ അധികപേരും ഒരിറ്റു വെള്ളം പോലും കുടിക്കാറില്ല. ശരീരഭാഗങ്ങൾ വെളിവാക്കി അട്ടഹസിക്കുക, മാറത്തും മുഖത്തും അടിക്കുക, ചെരുപ്പ് ധരിക്കാതെ അങ്ങാടികളിലും മറ്റും പ്രകടനം നടത്തുക തുടങ്ങിയവയൊക്കെ ദുഃഖാചരണരീതിയായുണ്ട്. അക്കാലത്തെ ബനൂഉമയ്യത്തിന്റെ ഭരണകൂടത്തോടുള്ള പ്രതിഷേധമായിരുന്നു ഇവയെല്ലാം. അദ്ദേഹത്തിന്റെ ഭരണകാലത്തായിരുന്നല്ലോ ഹുസൈൻ(റ) വധിക്കപ്പെട്ടത്.

എന്നാൽ, ശിയാക്കളിൽ തന്നെ റാഫിളത്തിനോട് അങ്ങേയറ്റം വിരോധമുള്ള മറ്റൊരു വിഭാഗമുണ്ട്. ഇവർ ആശൂറാഅ് ദിവസത്തിൽ കുളിച്ച് പുതുവസ്ത്രമണിഞ്ഞ് സുഗന്ധം പൂശി ഈ ദിവസത്തെ ആഘോഷദിനമായി ആചരിക്കുന്നു. സന്തോഷവും ആനന്ദവും പ്രകടിപ്പിക്കുന്നു. ഹുസൈൻ(റ) വധിക്കപ്പെട്ടതിലുള്ള ദുഃഖം എല്ലാ മുസ്‌ലിംകൾക്കുമുണ്ട്. എന്നാൽ, ഇത്തരത്തിലുള്ള ദുഖാചരണം ഇസ്‌ലാമികമല്ല.

ഇമാം സുയൂത്വി(റ) രേഖപ്പെടുത്തുന്നു: ‘ആശൂറാഅ് ദിനത്തിൽ ഹുസൈൻ(റ) കൊലചെയ്യപ്പെട്ടതുകൊണ്ട് അന്ന് ദുഃഖം പ്രകടിപ്പിക്കാനുള്ള ദിവസമായാ

**അലി(റ)വിന് സവിശേഷമായ സ്ഥാനം കൽപ്പിക്കുന്നവർ എന്ന അർത്ഥലുള്ള ‘ശീഅതുഅലി’ എന്ന പ്രയോഗത്തിൽ നിന്നാണ് ‘ശീഅഃ’ എന്ന നാമം വന്നത്. നബി(സ)യുടെ പേരമകനും അലി(റ)വിന്റെ മകനുമായ ഹുസൈൻ(റ) ശഹീദായത് മുഹറം പത്തിനാണ്. ഇസ്‌ലാമിക ചരിത്രത്തിലെ ധാരാളം വിജയങ്ങൾക്കും ശത്രുക്കളുടെ പതനങ്ങൾക്കും സാക്ഷിയായ ഈ ദിവസം ഇങ്ങനെ ഒരു ദുഃഖസംഭവത്തിനും സാക്ഷിയായിട്ടുണ്ട്.**



**മുഹർറം പത്തിനോടനുബന്ധിച്ച് മുസ്‌ലിം സമൂഹത്തിലും ചില ദുരാചാരങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ശിയാക്കളുടെ അനാചാരങ്ങൾ കടമെടുത്തും നിർമിത ഹദീസുകൾ അടിസ്ഥാനമാക്കിയും വന്നതാണവയിൽ പലതും. സൂക്ഷ്മശാലികളായ പണ്ഡിതന്മാർ വ്യക്തമായി ഇതിനെ എതിർത്തിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം(റ) വിശദീകരിക്കുന്നു: 'ആശൂറാഅ് ദിനത്തിൽ സുറുമയിടലും കുളിക്കലും സുഗന്ധം പൂശലും പ്രത്യേകം പുണ്യമുള്ളതാണെന്ന് പറയുന്ന ഹദീസുകൾ വ്യാജമാണ്.'**

ണ് റാഫിളത്ത് കണക്കാക്കുന്നത്. അമ്പിയാക്കളുടെ വഫാത്ത് ദിനങ്ങളും അവർക്കുണ്ടായ പരീക്ഷണദിനങ്ങളും ദുഃഖാചരണദിനമായി സ്വീകരിക്കാൻ അല്ലാഹുവും റസൂലും കൽപ്പിച്ചിട്ടില്ല. പിന്നെയെങ്ങനെ അവരുടെ പിൻഗാമികൾ ഈ ദിവസം ദുഃഖമാചരിക്കും?' (ഫതാവാ)

## ദുരാചാരങ്ങൾ

മുഹർറം പത്തിനോടനുബന്ധിച്ച് മുസ്‌ലിം സമൂഹത്തിലും ചില ദുരാചാരങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ശിയാക്കളുടെ അനാചാരങ്ങൾ കടമെടുത്തും നിർമിത ഹദീസുകൾ അടിസ്ഥാനമാക്കിയും വന്നതാണവയിൽ പലതും. സൂക്ഷ്മശാലികളായ പണ്ഡിതന്മാർ വ്യക്തമായി ഇതിനെ എതിർത്തിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം(റ) വിശദീകരിക്കുന്നു: 'ആശൂറാഅ് ദിനത്തിൽ സുറുമയിടലും കുളിക്കലും സുഗന്ധം പൂശലും പ്രത്യേകം പുണ്യമുള്ളതാണെന്ന് പറയുന്ന ഹദീസുകൾ വ്യാജമാണ്.' ഈ കർമ്മങ്ങളെല്ലാം എന്നും സുന്നത്തുള്ള കാര്യങ്ങളാണ്. ആശൂറാഅ് ദിവസത്തിൽ പ്രത്യേകം സുന്നത്തുണ്ടെന്ന പരാമർശങ്ങളെയാണ് പണ്ഡിതന്മാർ എതിർത്തിട്ടുള്ളത്.

അല്ലാമൽ അജ്ഹൂരി(റ) പറഞ്ഞു: 'ഹദീസ് പണ്ഡിതന്മാരോടും കർമ്മശാസ്ത്ര പണ്ഡിതന്മാരോടും ഇത്തരം ആചാരങ്ങളെക്കുറിച്ചു ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'ഈ വിഷയത്തിൽ സ്വഹീഹായ ഒരു ഹദീസും വന്നിട്ടില്ല. നബി(സ)യിൽ നിന്നോ സ്വഹാബത്തിൽ നിന്നോ മുൻഗാമികളായ ഇമാമുകളിൽ നിന്നോ ഇതിന് ഒരു മാതൃകയും ഉദ്ധരിക്കപ്പെട്ടിട്ടുമില്ല.' (ഇആനത്തുത്വാലിബീൻ 2/416)

'ആശൂറാഅ് ദിനത്തിൽ പത്തു കാര്യങ്ങൾ ചിലർ ചെയ്തുവരാറുണ്ട്. സ്വഹീഹായ ഹദീസിന്റെ അടിസ്ഥാനത്തിൽ ഇതിൽ ഇസ്‌ലാമികമായത് രണ്ടു കാര്യങ്ങൾ മാത്രമാണ്. അത് നോമ്പനുഷ്ഠിക്കലും കുടുംബത്തിന് വിശാലത ചെയ്യലുമാണ്. ബാക്കിയുള്ള എട്ടു കാര്യങ്ങൾ സ്വീകാര്യയോഗ്യമല്ലാത്ത നിർമിത ഹദീസുകൾ പിൻപറ്റി ആളുകൾ ചെയ്തു വരുന്നതാണ്.' (ഇആനത്തു ത്വാലിബീൻ 2:416)

## ഹിജ്റ കലണ്ടർ

ഇസ്‌ലാമിക കലണ്ടറിന്റെ ഉത്ഭവത്തെക്കുറിച്ചും ഒന്നാം മാസമായി മുഹറമിനെ പരിഗണിക്കാനുള്ള കാരണത്തെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. രണ്ടാം ഖലീഫ ഉമർ(റ)വിന്റെ ഭരണകാലത്താണ് മുസ്‌ലിംകൾക്ക് സ്വന്തമായി ഒരു കാലഗണന സമ്പ്രദായം വേണമെന്ന ആശയമുണ്ടായത്. മറ്റു പല സംഭവവികാസങ്ങളെയും അടിസ്ഥാനപ്പെടുത്തിയായിരുന്നു അക്കാലത്ത് തീയതികൾ രേഖപ്പെടുത്തിയിരുന്നത്. നബി(സ)യുടെ ജനനത്തിന്റെ 50 ദിവസം മുമ്പ് നടന്ന ആനക്കലഹസംഭവം, അറേബ്യൻ ഗോത്രവർഗ്ഗങ്ങൾ തമ്മിൽ നടന്ന രക്തരൂക്ഷിതമായ ഫിജാർ യുദ്ധം തുടങ്ങിയവ ഉദാഹരണം.

ഖുർറത്തുബ്നു ഖാലിദ്(റ) മുഹമ്മദ്(റ)വിൽ നിന്ന് ഉദ്ധരിക്കുന്നു: യമനിൽ നിന്നു വന്ന ഒരു ഗവർണർ ഉമർ(റ)വിനോടു ചോദിച്ചു: 'നിങ്ങൾ തീയതി നിശ്ചയിക്കുന്നില്ലേ? കാര്യങ്ങൾ ഇന്ന വർഷത്തിലെ ഇന്ന മാസത്തിൽ നടന്നു എന്നെഴുതാൻ കഴിയണമെങ്കിൽ തീയതി ആവശ്യമാണല്ലോ?' (താരീഖുൽ മദീന 2/758)

മറ്റൊരു സംഭവം ഇങ്ങനെ: 'അബൂമൂസൽ അശ്അരി(റ) ഉമർ(റ)വിന് ഇപ്രകാരം എഴുതിയറിയിച്ചു: 'അമീറുൽമുഅ്മിനീൻ, അങ്ങയുടെ ഭാഗത്തുനിന്ന് ഞങ്ങൾക്ക് പല എഴുത്തുകളും ലഭിക്കാറുണ്ട്. ചില എഴുത്തുകൾ വായിക്കുമ്പോൾ ശഅ്ബാനിൽ ചെയ്യേണ്ട കാര്യങ്ങളാണവയെന്നു കാണും. അത് കഴിഞ്ഞ ശഅ്ബാനിലായിരുന്നോ, വരുന്ന ശഅബാനിലേക്കുള്ളതാണോ എന്ന് ഞങ്ങൾക്ക് മനസ്സിലാകാറില്ല.' (അൽഅവാഇൽ)

ഉമർ(റ) ഭരണം നടത്തുന്ന കാലത്ത് രണ്ടു വ്യക്തികൾ തമ്മിൽ സാമ്പത്തിക ഇടപാടിലെ അവധി സംബന്ധമായ തർക്കമുണ്ടായി. ഏതു വർഷമാണെന്ന് കൃത്യതയില്ലാത്തതായിരുന്നു ഈ തർക്കത്തിന്റെ കാരണം. ഇത്തരം പല സംഭവങ്ങളുമുണ്ടായപ്പോഴാണ് ഒരു കലണ്ടർ രൂപീകരിക്കുന്നതിനെക്കുറിച്ച് വിചാരമുണ്ടായത്.

ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഉമർ(റ) പ്രമുഖ സ്വഹാബികളെ വിളിച്ചുകൂട്ടി. ഇതിന്റെ ആവശ്യകത സർവ്വരും അംഗീകരിക്കുകയും ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അത് ഒരു ഭരണാധികാരിയുടെ ഏകപക്ഷീയമായ തീരുമാനമായിരുന്നില്ലെന്നു സാരം.

ചാന്ദ്രികമാസം അനുസരിച്ചുള്ള കണക്കുകൂട്ടൽ നേരത്തെ ഉണ്ടായിരുന്നെങ്കിലും വർഷം തുടങ്ങാൻ ഏതു സംഭവത്തെ തെരഞ്ഞെടുക്കണമെന്ന വിഷയത്തിൽ പല അഭിപ്രായങ്ങൾ വന്നു. തിരു

ജന്മം, പ്രവാചകത്വ ലബ്ധി, വഫാത്ത്, ഹിജ്റ തുടങ്ങി നിരവധി അഭിപ്രായങ്ങളുണ്ടായി.

സഈദുബ്നുൽമുസയ്യബ്(റ) പറയുന്നു: 'മുഹാജിറുകളും അൻസാറുകളുമായ സ്വഹാബികളെ ഉമർ(റ) വിളിച്ചുവരുത്തി. ഇസ്‌ലാമിക് കലണ്ടറിൽ തീയതി കണക്കാക്കുന്ന കാര്യം ചർച്ച ചെയ്തു. അലി(റ) പറഞ്ഞു: 'നബി(സ)യുടെ ഹിജ്റ മുതൽ നമുക്ക് വർഷം കണക്കാക്കാം.' ഉമർ(റ) ഈ അഭിപ്രായത്തെ പിന്താങ്ങി.' താരിഖുൽമദീനയിൽ പ്രസ്തുത സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

### ആദ്യമാസം

ഏതു മാസത്തെ ആദ്യം പരിഗണിക്കുമെന്നായി പിന്നീടുള്ള ചർച്ച. വിശുദ്ധ റമളാനും ദുൽഹിജ്ജയും റബീഉൽഅവ്വലും പലരും അഭിപ്രായപ്പെട്ടു. ഹിജ്റയാണല്ലോ വർഷാരംഭത്തിന് അവലംബമാക്കിയത്, അതുകൊണ്ട് ഹിജ്റ നടന്ന റബീഉൽഅവ്വൽ മാസം തന്നെയാക്കാം എന്ന അഭിപ്രായം വന്നു. തിരുജന്മവും റബീഉൽ അവ്വലിലായിരുന്നല്ലോ. എന്നാൽ, ഉസ്മാൻ(റ) മുന്നോട്ടുവച്ച അഭിപ്രായം മറ്റൊന്നായിരുന്നു: 'പവിത്രമാസമായ മുഹ‌റം കൊണ്ട് ആരംഭിക്കാം. ഹിജ്റ നടന്നത് റബീഉൽഅവ്വലിലായിരുന്നെങ്കിലും അതിനെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങിയത് മുഹറമിലായിരുന്നല്ലോ. ഹജ്ജ്കർമ്മം കഴിഞ്ഞ് വിശ്വാസികൾ മടങ്ങുന്ന മാസമെന്നും പവിത്രമായ മാസം എന്നുമുള്ള സവിശേഷത മുഹർറമിനുണ്ടല്ലോ.' ഈ അഭിപ്രായം എല്ലാവർക്കും സ്വീകാര്യമായി. അന്നു നിലവിലുണ്ടായിരുന്ന 12 ചാന്ദ്രിക മാസങ്ങളെ അറബികൾ കണക്കാക്കിയിരുന്നതും മുഹറമിൽ നിന്ന് തുടങ്ങി ദുൽഹിജ്ജയിൽ അവസാനിക്കുന്ന രൂപത്തിലായിരുന്നു. ഹിജ്റ നടന്ന് 17 വർഷം പിന്നിട്ടപ്പോഴാണീ സംഭവം. അതായത്, ഉമർ(റ) ഭരണം തുടങ്ങി മൂന്നാം വർഷത്തിലെ പകുതിയിൽ ജുമാദൽഊലാ മാസത്തിൽ. അങ്ങനെ തൊട്ടടുത്ത വർഷത്തിലെ ആരംഭം മുതൽ ഹിജ്റ കലണ്ടർ പ്രയോഗത്തിൽ വന്നു.

ലൈഫ്സ്റ്റൈൽ

# പുതുവർഷത്തിൽ പ്രതിജ്ഞയെടുക്കാം

ഒരു പുതുവത്സരം കൂടി വന്നണയുകയാണ്. ഭൗതിക ചാപല്യങ്ങളിൽ നിന്ന് അകന്നുനിൽക്കാനും ആത്മീയ നിർവൃതി കരസ്ഥമാക്കാനും ഉതകുന്ന ശീലങ്ങളാണ് വിശ്വാസി വളർത്തിയെടുക്കേണ്ടത്. ചില തയ്യാറെടുപ്പുകൾ നോക്കാം:

**സമയനഷ്ടം മഹാനഷ്ടം**

ആയുസ്സിന്റെ ഘടികാരത്തിൽ നിന്ന് കൊഴിഞ്ഞുപോകുന്ന ഒരു നിമിഷം പോലും തിരിച്ചെടുക്കാൻ കഴിയില്ലെന്ന ബോധ്യം അനിവാര്യമാണ്. അധികപേരും കബളിക്കപ്പെടാൻ കാരണമായ രണ്ടനുഗ്രഹങ്ങളെക്കുറിച്ച് തിരുദൂതർ(സ) നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ടല്ലോ; ആരോഗ്യവും ഒഴിവുസമയവുമാണത്. സ്ക്രീനുകളുടെയും അനഭിമതമായ ആനന്ദങ്ങളുടെയും തടവറയിൽ മോചനം നേടാനും ഓരോ നിമിഷങ്ങളും ആരാധനകളാക്കാനും വിശ്വാസി ജാഗ്രത പാലിക്കണം.

**സാമ്പത്തിക അച്ചടക്കം**

ധനമോഹം മനുഷ്യസഹജമാണ്. സ്വർണ്ണക്കൂമ്പാരങ്ങൾ ലഭിച്ചാലും ഒന്നുകൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് മനുഷ്യർ ആഗ്രഹിക്കും. സമ്പത്ത് വർധിക്കുന്നതിനനുസരിച്ച് ഐഹികമോഹങ്ങളും പടർന്നുപന്തലിക്കും. യഥാർത്ഥവിശ്വാസി അല്ലാഹു നൽകിയ അനേകായിരം അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയും അതിൽ സന്തുഷ്ടനാവുകയും ചെയ്യും. അധികാരമോഹമോ ധനമോഹമോ അവരെ ബാധിക്കില്ല. അതിമോഹം കടം വാങ്ങാനും ബാങ്കുകളിൽ നിന്നും മറ്റും ലോണെടുക്കാനും മനുഷ്യരെ പ്രേരിപ്പിക്കും. അവ തിരിച്ചടക്കാൻ കഴിയാതെ ജീവിതത്തിലെ സംതൃപ്തി നഷ്ടപ്പെടും. സമ്പത്ത് വർദ്ധിപ്പിക്കാമെന്ന മോഹം അപകടകരമായ നിക്ഷേപങ്ങളിലേക്കും ധാർമികവിരുദ്ധമായ ഇടപാടുകളിലേക്കും നയിക്കും. പിന്നീട്, മരണംവരെ മനോവിഷമങ്ങളുടെ പടുകുഴിയിൽ കഴിയേണ്ടി വരും. ഹലാലായ മാർഗത്തിലൂടെ മാത്രം സമ്പാദിക്കാനും ചെലവഴിക്കാനും ഈ പുതുവത്സരത്തിൽ പ്രതിജ്ഞയെടുക്കാം.

**ആരോഗ്യം മുഖ്യം**

ഫാസ്റ്റ്ഫുഡുകളാണിപ്പോൾ മലയാളികളുടെ തീന്മേശ ഭരിക്കുന്നത്. അതിന്റെ പ്രതിഫലനമെന്നോണം ജീവിതശൈലി രോഗങ്ങളും വീടുകൾതോറും വേരുറപ്പിച്ചിട്ടുണ്ട്. വിശ്വാസി ആരോഗ്യദായകമായ, ഹലാലായ ഭക്ഷണക്രമങ്ങൾ ശീലിക്കണം. പുതുതലമുറയെ അവ ശീലിക്കാൻ പ്രേരിപ്പിക്കുകയും വേണം. അടുക്കളയിലേക്കാവശ്യമായ പച്ചക്കറികളും മറ്റും സ്വന്തം വീട്ടുവളപ്പിൽ തന്നെ കൃഷി ചെയ്തുണ്ടാക്കിയാൽ സാമ്പത്തികവും ആരോഗ്യപരവുമായ വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. മെയ്യനങ്ങാത്ത ജോലികൾ ചെയ്തു ശീലിച്ചവർക്കത് ശാരീരികവും മാനസികവുമായ വ്യായാമവും പ്രദാനം ചെയ്യും. പരമാവധി വീട്ടിൽ നിന്നുണ്ടാക്കുന്ന ഭക്ഷണം കഴിക്കാൻ ഈ പുതുവർഷാരംഭത്തിൽ പ്രതിജ്ഞയെടുക്കാം.

പരിസ്ഥിതി

ബശീർ സഖാഫി എളാട്

# കാർഷികവൃത്തി ഭൂമിയുടെ പുനരുജ്ജീവനം

മനുഷ്യചരിത്രത്തിലെ ഏറ്റവും പഴക്കംചെന്ന തൊഴിലാണ് കൃഷി. പ്രാചീനകാലം മുതൽ മാനവികസംസ്കൃതിയുടെ ഭാഗമായിരുന്നു കാർഷികവൃത്തി. വിശപ്പിനെ മറികടക്കാനുള്ള പോരാട്ടങ്ങൾ ലോകത്ത് എക്കാലത്തും മനുഷ്യർ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് പുരാതന നാഗരികതകളെല്ലാം കൃഷിക്ക് വലിയ പ്രാധാന്യം നൽകുകയും ലോകത്തിന്റെ പല കോണുകളിലും കാർഷിക വിപ്ലവങ്ങൾ രൂപപ്പെടുകയും ചെയ്തത്. ക്ഷേമരാഷ്ട്രം സ്വപ്നം കണ്ട ഭരണാധികാരികളെല്ലാം കാർഷികവൃത്തിക്ക് പ്രഥമസ്ഥാനം കൽപ്പിച്ചു. ലോക സമ്പദ്‌വ്യവസ്ഥകളുടെ അടിസ്ഥാനമായി വർത്തിക്കുന്നതും കാർഷികവൃത്തി തന്നെ.

കേരളീയ സംസ്കാരത്തിന്റെ മുഖമുദ്രയും കൃഷിയാണ്. ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ കാലാവസ്ഥ കൃഷിക്ക് ഏറെ അനുയോജ്യമാണ്. ലോഹയുഗത്തിന്റെ ആരംഭത്തോടെ കേരളത്തിൽ കൃഷിരീതികൾ സജീവമായിരുന്നെങ്കിലും വിദേശികളുടെ വരവോടെയാണ് അതിൽ വിപ്ലവകരമായ പുരോഗതികൾ ഉണ്ടായത്. തെങ്ങിനും നാളികേരത്തിനും പ്രസിദ്ധമായ കേരളം കേരകൃഷിയുടെ ശാസ്ത്രീയവശങ്ങൾ പഠിച്ചത് ഡച്ചുകാരിൽ നിന്നായിരുന്നു. ഇന്ന് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ പങ്കുവഹിക്കുന്ന കയർ മേഖലയെ ഈ രീതിയിൽ വികസിപ്പിച്ചതും ഡച്ചുകാരായിരുന്നു. പോർച്ചുഗീസുകാർ കാർഷിക മേഖലയെ പുനരുദ്ധരിക്കുവാൻ ശ്രമിച്ചതിന്റെ ഭാഗമായി നമുക്ക് പലതും നേടാനായെങ്കിലും കോളനിവാഴ്ച നമ്മുടെ കാർഷികമേഖലയെ വല്ലാതെ ചൂഷണം ചെയ്തിട്ടുണ്ട്. കൃഷിചെയ്ത മണ്ണിനു മേലെയുള്ള അവകാശങ്ങൾ പോലും നൽകാതെ, താങ്ങാനാവുന്നതിലധികം ചുങ്കം ചുമത്തി കർഷകരെ ആത്മഹത്യയിലേക്കും തടവറകളിലേക്കുമാണവർ നയിച്ചത്. തേയില, കാപ്പി, റബ്ബർ തുടങ്ങി നമ്മുടെ നാടിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായി നിലനിൽക്കുന്ന പല കാർഷികവിളകളും അവരുടെ സംഭാവനയാണ്. ഹരിതവിപ്ലവങ്ങളിലൂടെയും പഞ്ചവത്സരപദ്ധതികളിലൂടെയും ഇന്ന് നമ്മുടെ കാർഷികമേഖല ത്വരിതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

അതേസമയം, കോവിഡ് മഹാമാരിയും സർക്കാറിന്റെ കോർപ്പറേറ്റ് അനുകൂലനയങ്ങളും മറ്റും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സ്തംഭനാവസ്ഥക്ക് ആക്കം കൂട്ടിയിട്ടുണ്ടെന്നതിൽ രണ്ടഭിപ്രായമില്ല. ഇതിനെ മറികടക്കാൻ കാർഷികരംഗത്ത് സ്വയം



പര്യാപ്തത കൈവരിക്കുന്നതിലൂടെ സാധിക്കുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. അതിനാൽ കാർഷികമേഖലയിൽ കൂടുതൽ ഊന്നൽ നൽകുവാനും കുടുംബത്തിനാവശ്യമായ ധാന്യങ്ങളും പച്ചക്കറികളും പഴവർഗങ്ങളും സ്വയം ഉൽപ്പാദിപ്പിക്കാനുമുള്ള നിർദ്ദേശങ്ങളും പ്രചോദനങ്ങളും സർക്കാരും വിവിധ സന്നദ്ധ സംഘടനകളും നൽകിവരുന്നു. വിത്ത്, വളം, തൈകൾ, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണവും ഇതിന്റെ ഭാഗമായി നടന്നുവരുന്നു.

ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന്നാധാരമായ ഭക്ഷ്യലഭ്യതയുടെ ഉറവിടം കൃഷിയായതിനാൽ വിശുദ്ധഇസ്‌ലാം കൃഷിയെ ഏറെ പ്രോത്സാഹിപ്പിക്കുന്നു. തൊഴിലുകളിൽ ഏറ്റവും ഉൽകൃഷ്ടമായത് കാർഷികവൃത്തിയാണെന്നാണ് ഇസ്‌ലാമിന്റെ നിലപാട്. തരിശുനിലങ്ങളെ കൃഷിയോഗ്യമാക്കണമെന്നും പോർക്കളങ്ങളിലെ വൈകാരിക നിമിഷങ്ങളിൽപോലും വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കരുതെന്നും ഇസ്‌ലാമിന്റെ പ്രകൃതിശാസ്ത്രം പറയുന്നു. കൃഷിയും വനസംരക്ഷണവും മഹത്തായ ആരാധനയായിട്ടാണ് മതം പരിഗണിക്കുന്നത്. കൃഷിയിലൂടെ ഭക്ഷ്യസുരക്ഷയോടൊപ്പം പരലോകഗുണവും ഒരുപോലെ പ്രതീക്ഷിക്കാമെന്നു ചുരുക്കം. നബി(സ) പറഞ്ഞു: 'മുസ്‌ലിം വൃക്ഷം നട്ടുപിടിക്കുകയോ കൃഷിയിലേർപ്പെടുകയോ ചെയ്താൽ അതിൽ നിന്ന് പക്ഷികളും മനുഷ്യരും മൃഗങ്ങളും ഭക്ഷിക്കുന്നത് അവനു സ്വദഖയായി രേഖപ്പെടുത്തും. മോഷ്ടാവ് എടുത്തുകൊണ്ടുപോകുന്നതു പോലും സ്വദഖയായി മാറുന്നതാണ്.' (മുസ്‌ലിം)

**കൃഷിയും വനസംരക്ഷണവും മഹത്തായ ആരാധനയായിട്ടാണ് മതം പരിഗണിക്കുന്നത്. കൃഷിയിലൂടെ ഭക്ഷ്യസുരക്ഷയോടൊപ്പം പരലോകഗുണവും ഒരുപോലെ പ്രതീക്ഷിക്കാമെന്നു ചുരുക്കം. നബി(സ) പറഞ്ഞു: 'മുസ്‌ലിം വൃക്ഷം നട്ടുപിടിക്കുകയോ കൃഷിയിലേർപ്പെടുകയോ ചെയ്താൽ അതിൽ നിന്ന് പക്ഷികളും മനുഷ്യരും മൃഗങ്ങളും ഭക്ഷിക്കുന്നത് അവനു സ്വദഖയായി രേഖപ്പെടുത്തും. മോഷ്ടാവ് എടുത്തുകൊണ്ടുപോകുന്നതു പോലും സ്വദഖയായി മാറുന്നതാണ്.' (മുസ്‌ലിം)**



കാർഷികവൃത്തി ഏറ്റവും നല്ല തൊഴിലായി ഗണിക്കപ്പെടാനുള്ള കാരണം ഇമാം നവവി(റ) വിവരിക്കുന്നത് ഇപ്രകാരമാണ്: കൃഷിയിൽ കർഷകന്റെ പ്രവർത്തനത്തോടൊപ്പം അല്ലാഹുവിലുള്ള സമ്പൂർണ്ണ സമർപ്പണവുമുണ്ട്. മനുഷ്യർക്കും ഇതരജീവികൾക്കും കർഷകരുടെ സേവനഫലം പ്രയോജനപ്പെടുന്നു. നട്ടുവളർത്തിയ വൃക്ഷങ്ങളും സസ്യലതാദികളും നിർവഹിച്ചുകൊണ്ടിരിക്കുന്ന തസ്ബീഹിന്റെ വിഹിതവും കർഷകന് ലഭിച്ചുകൊണ്ടിരിക്കുന്നു. മരത്തിൽ നിന്ന് മുളച്ചുണ്ടാകുന്ന മറ്റു മരങ്ങളിലെ ഫലങ്ങളും നട്ടവ്യക്തിക്ക് ധർമ്മമായിത്തീരും.' (ശറഹുൽ മുഹദ്ദബ്) മരണമടഞ്ഞാലും കൃഷിഭൂമി ഉടമസ്ഥതയിൽ നിന്ന് നീങ്ങിയാലും ഈ പുണ്യം നഷ്ടമാവുകയില്ലെന്ന് ഇമാം ഇബ്നുഹജർ(റ) ഫത്ഹുൽബാരിയിൽ വിവരിച്ചിട്ടുണ്ട്.

മനുഷ്യന് ആഹരിക്കാനുള്ള ധാന്യങ്ങളും ഫലങ്ങളും ഉത്പാദിപ്പിക്കുകയും ഭൂമിയെ ചൈതന്യവത്താക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് വിശുദ്ധഖുർആൻ പറയുന്നു: 'നിർജീവമായ ഭൂമി അവർക്കൊരു ദൃഷ്ടാന്തമാണ്. നാം അതിനെ സജീവമാക്കുകയും അവർ ഭക്ഷിക്കുന്ന ധാന്യങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്തു. ഈന്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങൾ നാം അതിൽ സംവിധാനിച്ചു. അവയ്ക്കിടയിൽ അരുവികൾ ഒഴുക്കി, അതിന്റെ ഫലങ്ങളിൽ നിന്നും അവർ വിളയിച്ചുണ്ടാക്കിയതിൽ നിന്നും അവർക്ക് ഭക്ഷിക്കാൻ വേണ്ടി. എന്നിട്ടും അവർ നന്ദി കാണിക്കാത്തതെന്ത്?' (യാസീൻ)

കൃഷിയോഗ്യമായ ഭൂമിയെ തരിശിടുന്നതിനെ തിരുനബി(സ)

സമ്പന്നനായിരുന്ന അബ്ദുറഹ്മാനുബ്നു ഔഫ്(റ) തന്റെ തോട്ടത്തിൽ കൈക്കോട്ടുമായി ചെന്ന് ജോലി ചെയ്യാറുണ്ടായിരുന്നു. ത്വൽഹതുബ്നു ഉബൈദില്ലാഹ്(റ)വാണ് മദീനയിൽ ഗോതമ്പുകൃഷി ആരംഭിച്ചത്. രണ്ടാം ഖലീഫ ഉമർ(റ) തന്റെ ഭരണപ്രദേശത്ത് ഒരു തുണ്ടു ഭൂമിപോലും തരിശുകിടക്കരുതെന്ന് ആഗ്രഹിച്ചിരുന്നു. കൃഷി ചെയ്യാൻ മടിച്ചുനിൽക്കുന്നവരെയും ശാരീരികമായി അതിനു സാധിക്കാത്തവരെയും അദ്ദേഹം സഹായിച്ച് കാർഷികവൃത്തിക്ക് പ്രേരിപ്പിച്ചത് ചരിത്രത്തിലുണ്ട്.

സ്വഹാബികളും ശേഷക്കാരായ സച്ചരിതരുമെല്ലാം കൃഷിയുടെ മഹത്വങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിച്ചവരായിരുന്നു. സമ്പന്നനായിരുന്ന അബ്ദുറഹ്മാനുബ്നു ഔഫ്(റ) തന്റെ തോട്ടത്തിൽ കൈക്കോട്ടുമായി ചെന്ന് ജോലി ചെയ്യാറുണ്ടായിരുന്നു. ത്വൽഹതുബ്നു ഉബൈദില്ലാഹ്(റ) വാണ് മദീനയിൽ ഗോതമ്പുകൃഷി ആരംഭിച്ചത്. രണ്ടാം ഖലീഫ ഉമർ(റ) തന്റെ ഭരണപ്രദേശത്ത് ഒരുതുണ്ടു ഭൂമിപോലും തരിശുകിടക്കരുതെന്ന് ആഗ്രഹിച്ചിരുന്നു. കൃഷി ചെയ്യാൻ മടിച്ചുനിൽക്കുന്നവരെയും ശാരീരികമായി അതിനു സാധിക്കാത്തവരെയും അദ്ദേഹം സഹായിച്ച് കാർഷികവൃത്തിക്ക് പ്രേരിപ്പിച്ചത് ചരിത്രത്തിലുണ്ട്.



നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്: ‘ഭൂമിയുള്ളവർ അതിൽ കൃഷി ചെയ്യട്ടെ, അല്ലെങ്കിൽ കൃഷി ചെയ്യാനായി അത് തന്റെ സഹോദരന് വിട്ടു നൽകട്ടെ.’ (ബുഖാരി) തഫ്സീറുൽ ഖുർതുബിയിൽ ഇമാം ഖുർതുബി എഴുതുന്നു: ‘കൃഷി സാമൂഹ്യബാധ്യതയാണ്. അതുകൊണ്ട്, കൃഷി ചെയ്യാൻ ജനങ്ങളെ നിർബന്ധിക്കാൻ ഭരണാധികാരി ബാധ്യസ്ഥനാണ്. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലും അപ്രകാരം തന്നെ.’

മുസ്ലിം ഖലീഫമാരും മറ്റു മൂന്നാം ഖലീഫ ഉസ്മാൻ(റ) വാർദ്ധക്യകാലത്ത് കൃഷിയിൽ ഏർപ്പെടുന്നതു കണ്ട ആളുകൾ ചോദിച്ചു: ‘ഈ വാർദ്ധക്യകാലത്താണോ കൃഷി ചെയ്യുന്നത്?’ ‘സുകൃതം ചെയ്യുന്നവനായി മരണം പുൽകാനാണ് എനിക്കി

ഷ്ടം' എന്നായിരുന്നു മഹാന്റെ മറുപടി. നിസ്കാരം ദീർഘിപ്പിച്ച് തോട്ടം പരിപാലകരായ കർഷകർക്ക് പ്രയാസം സൃഷ്ടിച്ച മുആദ്(റ)വിന്റെ നടപടിയെ തിരുദൂതർ(സ) ഗുണദോഷിച്ച് തിരുത്തിയതും ചരിത്രത്തിലുണ്ട്. സമൂഹത്തിന്റെ അന്നദാതാക്കളായ കർഷകരെ നാം ചേർത്തുപിടിക്കണം എന്ന സന്ദേശമാണ് മുത്തുനബി(സ) ഇതിലൂടെ പകർന്നു നൽകുന്നത്.

സ്വയം കൃഷി ചെയ്താലും തൊഴിലാളികളെ ഏർപ്പെടുത്തി കൃഷി നടത്തിയാലും പ്രതിഫലം ലഭിക്കുമെങ്കിലും നേരിട്ട് കൃഷി ചെയ്യലാണത്രെ കൂടുതൽ ഗുണകരം. കാരണം, അതിലാണല്ലോ കൂടുതൽ ത്യാഗസന്നദ്ധതയും സേവനതൽപരതയും നിലകൊള്ളുന്നത്. ചുരുക്കത്തിൽ, ഭൗതിക ലാഭേച്ഛകൾക്കപ്പുറം ഒരു മഹത്തായ പുണ്യകർമ്മമെന്ന നിലയിൽ കൃഷിയെ നാം കാണണം. ലാഭനഷ്ടങ്ങൾ നോക്കാതെ മഹത്തായ ഒരു ധർമ്മം എന്ന നിലയിൽ ഇതിനെ സമീപിക്കുകയാണ് വേണ്ടത്.

വീടിന്റെ ഭരണച്ചുമതല വഹിക്കുന്ന കുടുംബിനികൾക്കും ഈ വിഷയത്തിൽ ഇടപെടലുകൾ നടത്താൻ കഴിയും. വീടുകളോടു ചേർന്ന് അടുക്കളത്തോട്ടങ്ങൾ നിർമ്മിച്ചും ടെറസ്സുകളിൽ ഗ്രോബാഗുകളിൽ കൃഷിചെയ്തും കുടുംബത്തിനാവശ്യമായ പച്ചക്കറികൾ ഉണ്ടാക്കിയെടുക്കാം. പോഷകങ്ങളുടെ കലവറയായ ചീര, മുരിങ്ങ, കടച്ചക്ക, പപ്പായ, പേരയ്ക്ക തുടങ്ങിയ പഴങ്ങളും പച്ചക്കറികളും വലിയ കഠിനാധ്വാനം കൂടാതെ സ്വയം ഉത്പാദിപ്പിക്കാവുന്നവയാണ്. അതുപോലെ, വീട്ടാവശ്യത്തിനുള്ള മുളക്, വേപ്പ്, വഴുതന, വെണ്ട, കുമ്പളം, മത്തൻ, തക്കാളി, പയർ തുടങ്ങിയ പച്ചക്കറികൾ വീട്ടുവളപ്പിൽ തന്നെ സമൃദ്ധമായി വളരുന്നവയാണ്. വീട്ടാവശ്യത്തിനുള്ള പഴങ്ങളും പച്ചക്കറികളും സ്വയം ഉൽപ്പാദിപ്പിക്കുക എന്നത് ഒരു ചലഞ്ചായി ഓരോ കുടുംബിനിയും ഏറ്റെടുക്കുകയും കുട്ടികളെ കൂടി അതിൽ പങ്കാളികളാക്കുകയും ചെയ്താൽ വിഷരഹിത ഭക്ഷണവും ആരോഗ്യ-സാമ്പത്തിക നേട്ടവും ലഭ്യമാകുന്നതോടൊപ്പം കാർഷികവൃത്തിയോട് ഇണക്കമുള്ള ഒരു തലമുറയെ നിർമ്മിച്ചെടുക്കാനും സാധിക്കും.

കാർഷികവൃത്തി വഴി ഭക്ഷ്യലഭ്യത സാധ്യമാകുന്നതിനുപുറമെ ഭൂമിയെ ഹരിതാഭമാക്കുക കൂടി ചെയ്യുന്നതി

വീടിന്റെ ഭരണച്ചുമതല വഹിക്കുന്ന കുടുംബിനികൾക്കും ഈ വിഷയത്തിൽ ഇടപെടലുകൾ നടത്താൻ കഴിയും. വീടുകളോടു ചേർന്ന് അടുക്കളത്തോട്ടങ്ങൾ നിർമ്മിച്ചും ടെറസ്സുകളിൽ ഗ്രോബാഗുകളിൽ കൃഷിചെയ്തും കുടുംബത്തിനാവശ്യമായ പച്ചക്കറികൾ ഉണ്ടാക്കിയെടുക്കാം. പോഷകങ്ങളുടെ കലവറയായ ചീര, മുരിങ്ങ, കടച്ചക്ക, പപ്പായ, പേരയ്ക്ക തുടങ്ങിയ പഴങ്ങളും പച്ചക്കറികളും വലിയ കഠിനാധ്വാനം കൂടാതെ സ്വയം ഉത്പാദിപ്പിക്കാവുന്നവയാണ്.

ലൂടെ പരിസ്ഥിതി സംരക്ഷണവും സാധ്യമാകുന്നു. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, വായുമലിനീകരണം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളുടെ പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നതാണല്ലോ മരം നടൽ. ഭൂമിക്കൊരു തണലായി, പ്രകൃതിക്കൊരു രക്ഷാകവചമായി കഴിയുന്നത്ര മരങ്ങൾ നട്ടുപിടിപ്പിച്ച് ഹരിതവിപ്ലവത്തിൽ നമുക്കും പങ്കാളികളാകാം. മുൻഗാമികളുടെ വിയർപ്പുകണങ്ങളിൽ മുളച്ച പച്ചപ്പിലാണ് ഇന്നു നാം തണൽകൊള്ളുന്നതെങ്കിൽ വരും തലമുറയ്ക്കായി നാളെ ഒരു തണൽ നമുക്കും തയ്യാർ ചെയ്യാം. അങ്ങനെ പ്രകൃതിക്കുമേൽ നമ്മുടെ ജീവിതത്തിന്റെ കൈയൊപ്പ് ചാർത്തുകയും ചെയ്യാം.

ഒരു ഗുണപാഠകഥയുണ്ട്: പ്രായാധിക്യത്താൽ ഊന്നുവടി പിടിച്ച് കൂനിക്കൂനി നടക്കുന്ന ഒരു പടുവൃദ്ധൻ വൈകുന്നേരസമയം അല്പം തൈകളുമായി വന്ന് വഴിയരികിൽ നട്ട് വെള്ളമൊഴിച്ചു. പിറ്റേന്നും അയാൾ അതുതന്നെ ചെയ്തു. വൃദ്ധന്റെ ഈ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ട രാജാവ് വേഷം മാറി അയാളുടെ അടുത്തുചെന്ന് പറഞ്ഞു: 'മരിക്കാറായ നിങ്ങളീ ചെയ്യുന്ന പ്രവൃത്തി അർത്ഥശൂന്യമായ കർമ്മമാണല്ലോ!' അപ്പോൾ ചിരിച്ചുകൊണ്ട് അയാൾ രാജാവിനോട് പറഞ്ഞു: 'താങ്കൾ ആരാണെന്ന് എനിക്കറിയില്ല. എന്നോട് ഇങ്ങനെ സംസാരിക്കുന്നതെന്തിനാണെന്നും എനിക്കു നിശ്ചയമില്ല. പക്ഷേ, താങ്കൾ പറഞ്ഞ ഒരു കാര്യം ശരിയാണ്. പെരുവഴിയിലെ ഈ വൃക്ഷങ്ങൾ വളരും മുമ്പേ ഞാൻ മരിച്ചുപോകും. എന്നാൽ, എനിക്കതിൽ സങ്കടമില്ല. കാരണം, എനിക്ക് പഴങ്ങൾ തന്ന, തണൽ വിരിച്ച ഒരു വൃക്ഷവും ഞാൻ നട്ടുപിടിപ്പിച്ചതല്ല. എന്റെ പൂർവികരാണത് ചെയ്തത്. മരം നടൽ ഒരു പുണ്യമായി ഞാൻ കരുതുന്നു.' അതുകേട്ട് സന്തോഷവാനായ രാജാവ് വൃദ്ധന് ധാരാളം സമ്മാനങ്ങൾ നൽകി.

മലയാളത്തിന്റെ പ്രിയ കവി ഒഎൻവിയുടെ ഏതാനും വരികളോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം:

'ഒരു തൈ നടുമ്പോൾ, ഒരു തണൽ നടുന്നു,
നടു നിവർത്താനൊരു കുളിർനിഴൽ നടുന്നു,
ഒരു തൈ നടുമ്പോൾ പല തൈ നടുന്നു,
പല തൈ നടുന്നു, പലതണൽ നടുന്നു.'

ആരോഗ്യം

യഹ്‌യ പി വി പാലത്തുങ്കര

# മഴക്കാലത്തെ മുൻകരുതലുകൾ

കേരളത്തിൽ സാധാരണ തെക്കുപടിഞ്ഞാറൻ മൺസൂൺ ആരംഭിക്കുന്നത് ജൂൺ മാസത്തിലാണ്. രണ്ടോ മൂന്നോ മാസങ്ങൾ നീണ്ടുനിൽക്കുന്ന വേനലിനു ശേഷമെത്തുന്ന മഴക്കാലം കുട്ടികളിലും മുതിർന്നവരിലും ഒരുപോലെ ആഹ്ലാദമുണ്ടാക്കാറുണ്ട്. കേരളത്തിന്റെ കാർഷികമേഖലയുടെ അടിസ്ഥാന ഘടകമാണ് ഈ മഴക്കാലം. കൊടും ചൂടിൽ ഉണങ്ങിപ്പോയ കൃഷിഭൂമികൾ മഴക്കാലത്ത് പച്ചപിടിക്കുന്നു. കൃഷിയോഗ്യമാവുന്നു. മഴക്കാലമെത്തുന്നതോടെ കുളങ്ങളും കിണറുകളുമെല്ലാം നിറയുന്നു. ഭൂമിക്കതൊരു പുനർജന്മമായിത്തീരുന്നു.

## ശിചിത്വം അനിവാര്യം

മഴക്കാലത്തെ പല രോഗങ്ങളും ശുചിത്വത്തിന്റെ അഭാവം മൂലമുണ്ടാകുന്നതാണ്. കെട്ടിക്കിടക്കുന്ന വെള്ളത്തിലും കൂട്ടിയിട്ടിരിക്കുന്ന ചപ്പുചവറുകളിലും കൊതുകുകൾ മുട്ടയിടുകയും പ്രജനനം നടത്തുകയും വൻതോതിൽ കൊതുക് ശല്യമുണ്ടാവുകയും ചെയ്യുന്നു. കൊതുകുകളാണ് മിക്ക മഴക്കാലരോഗങ്ങൾക്കും കാരണക്കാർ. കൊതുകുകൾ രോഗത്തെ കൂടുതൽ വ്യാപകമാക്കുന്നു. ശുദ്ധിയില്ലാത്ത വെള്ളം കുടിക്കുന്നതും മഴക്കാലരോഗത്തിന്റെ വ്യാപ്തി വർധിപ്പിക്കുന്നു.

## രോഗകാലം

മഴക്കാലത്ത് കുട്ടികളിലും മുതിർന്നവരിലും സാധാരണ കണ്ടുവരാറുള്ള രോഗങ്ങളാണ് ജലദോഷവും പനിയും. തൊണ്ട, മൂക്ക് എന്നിവയിലെ നേർത്ത സ്തരത്തിൽ വൈറസ് ബാധയുണ്ടാവുന്നതു കാരണം തുമ്മൽ, ചുമ തുടങ്ങിയ ലക്ഷണങ്ങളോടെയാണിത് തുടങ്ങുക. ഇത്തരം വൈറസുകൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് വായുവിലൂടെ ത്തന്നെ പകർന്നേക്കാം. നാലഞ്ചു ദിവസത്തിനകം ഇത് പൊതുവെ ഭേദമാവാറുണ്ട്. ചികിത്സയിലുപരി വ്യക്തിശുചിത്വത്തിലൂടെയും ഈ രോഗത്തെ പ്രതിരോധിക്കാൻ സാധിക്കും. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തുണിയോ തൂവാലയോ ഉപയോഗിച്ച് മറച്ചുപിടിക്കുകയും ജലദോഷമോ പനിയോ ബാധിച്ചവർ മറ്റുള്ളവരുമായി ഇടപഴകാതിരിക്കുകയും ചെയ്യുന്നതിലൂടെ രോഗവ്യാപനം തടയാൻ സാധിക്കും.

ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലേറിയ, മലമ്പനി തുടങ്ങിയ രോഗങ്ങളും മഴക്കാലത്ത് വ്യാപകമായി പടരുന്നവയാണ്. കൊതുകുകളിലൂടെയാണ് ഇത്തരം രോഗങ്ങൾ പകരുന്നത്. മഞ്ഞപ്പിത്തം, കോളറ, വയറിളക്കം പോലെയുള്ളവ പ്രധാനമായും മലിനജലത്തിലൂടെയാണ് പകരുന്നത്. ശുദ്ധമായ ജലം മാത്രം

### ഭക്ഷണക്രമം

മഴക്കാലത്ത് പൊതുവെ ചായയും കാപ്പിയും കൂടുതലായി കുടിക്കുന്നവരാണ് മലയാളികൾ. ദാഹം അനുഭവപ്പെടാത്തതിനാൽ വെള്ളം കുടിക്കുന്നത് കുറയുന്നതും സാധാരണമാണ്. എന്നാലും, ദിവസേന ശരീരത്തിന്റെ ദഹനപ്രക്രിയ അടക്കമുള്ള ശാരീരിക പ്രവർത്തനങ്ങൾ എളുപ്പത്തിലും വേഗത്തിലും നടക്കാൻ ആവശ്യമായ വെള്ളം കുടിക്കേണ്ടത് അനിവാര്യമാണ്. തിളപ്പിച്ചാറിയ ശുദ്ധമായ ജലം മാത്രമേ കുടിക്കാവൂ. ഭക്ഷണത്തിൽ ഇഞ്ചി, വെളുത്തുള്ളി, മഞ്ഞൾ എന്നിവ ഉപയോഗിക്കുന്നത് പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകമാണ്. പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ വൃത്തിയായി കഴുകിയ ശേഷം മാത്രമേ ഉപയോഗിക്കാവൂ. പല രോഗങ്ങളെയും അകറ്റി നിർത്താൻ ഇത് സഹായിക്കും.



## ഡ്രൈഡേ ആചരിക്കാം

വീടിനു പരിസരത്ത് വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പു വരുത്താം. തൊടിയിലും പറമ്പിലുമുള്ള ചപ്പുചവറുകളും മറ്റും വൃത്തിയാക്കാൻ ആഴ്ചയിൽ ഒരു ദിവസം മാറ്റിവയ്ക്കാം. കൊതുകുകളുടെ ലാർവകളെ നശിപ്പിക്കലാണ് പ്രധാനം. കൊതുകുജന്യ രോഗങ്ങളെ അകറ്റാൻ ഏറ്റവും ഫലപ്രദമായ മാർഗമാണിത്. വെള്ളം കെട്ടിക്കിടക്കുന്ന പഴയപാത്രങ്ങൾ, ടയർ, ചട്ടി, കുപ്പി, ചിരട്ട എന്നിവ വീടിന്റെ പരിസരങ്ങളിലുണ്ടെങ്കിൽ നീക്കം ചെയ്യാം. കുടിവള്ളത്തിന് ആശ്രയിക്കുന്ന കിണർ, വാട്ടർടാങ്ക് തുടങ്ങിയവ മൂടിവയ്ക്കാം. കൊതുകിന്റെ പ്രജനനം തടയാനും അതുവഴി രോഗങ്ങൾ തടയാനും ഇത് സഹായിക്കും.



ഉപയോഗിക്കുക, പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകിയ ശേഷം മാത്രം കഴിക്കുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക തുടങ്ങിയ മാർഗങ്ങളിലൂടെ ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാം. ആവശ്യമായ പ്രതിരോധമാർഗങ്ങൾ സ്വീകരിക്കാതിരിക്കുന്നതാണ് യുവാക്കളെ കൂടുതൽ രോഗങ്ങളിലേക്ക് തള്ളിവിടുന്നത്.

## ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ

മൺസൂൺകാലത്തെ കുട്ടികൾ അത്യാവേശത്തോടെയാണ് സ്വീകരിക്കുക. മഴയിലിറങ്ങിക്കളിക്കാനും ജലാശയങ്ങളിൽ ഉല്ലസിക്കാനുമായിരിക്കും അവർക്ക് താത്പര്യം. അതുകൊണ്ട് രക്ഷിതാക്കളുടെ ശ്രദ്ധ അവരിലെപ്പോഴും ഉണ്ടാവണം. ചെറിയൊരു അശ്രദ്ധപോലും തീരാനഷ്ടങ്ങളിലേക്ക് നയിക്കും. കുട്ടികൾ സ്കൂളിലേക്ക് പോകുമ്പോഴും തിരിച്ചു വരുമ്പോഴും കൂടുതൽ ജാഗ്രത ആവശ്യമാണ്. ശക്തമായ മഴ കാരണം പുഴയും തോടുമെല്ലാം നിറഞ്ഞൊഴുകുന്നുണ്ടാകും. പരിചയസമ്പത്തുള്ള മുതിർന്നവരുടെ കൂടെയല്ലാതെ മക്കളെ നീന്താൻ വിടരുത്. പുഴയുടെ ആഴവും ഒഴുക്കും കൃത്യമായി ധാരണയില്ലാത്ത അന്യനാടുകളിലെ ജലാശയങ്ങളിൽ ഇറങ്ങുന്നതും അപകടത്തിന് വഴി വച്ചേക്കും.

അപകടങ്ങളെയും രോഗങ്ങളെയും പ്രതിരോധിച്ച് മൺസൂൺ കാലം സുരക്ഷിതവും ആരോഗ്യകരവുമായി ചെലവഴിക്കാം. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുകയും ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പിന്തുടരുകയും കുട്ടികളുടെ സുരക്ഷയിൽ കൂടുതൽ ശ്രദ്ധ പുലർത്തുകയും ചെയ്താൽ മഴക്കാലരോഗങ്ങളെയും അപകടങ്ങളെയും ഒരു പരിധിവരെ തടയാൻ സാധിക്കും. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളിലൊന്നായ മഴയെ സന്തോഷത്തോടെയും ജാഗ്രതയോടെയും സ്വീകരിക്കാം.

ചരിത്രാഖ്യായിക/മൈമൂന (റ) – 11

**മുഹമ്മദ് പാറന്നൂർ**

# ഖാലിദും വരുന്നല്ലോ

മറ്റൊരു വിശേഷവർത്തമാനം കൂടി പറയാനുണ്ട്: ഖാലിദുബ്നു വലീദിനെ അറിയില്ലേ? റസൂലുല്ലാഹിയുടെ കൊടിയ ശത്രുവായാണല്ലോ അദ്ദേഹം അറിയപ്പെട്ടിരുന്നത്; റസൂലുല്ലാഹി ഉംറക്കായി മക്കയിലെത്തുന്നതു വരെ. എന്നാൽ ഇപ്പോൾ ആകെ മട്ട് മാറിയിരിക്കുന്നു.

അത് പറയുന്നതിനു മുമ്പ് ഖാലിദും ഈ മൈമൂനയുമായുള്ള ബന്ധം വ്യക്തമാക്കാം. ഞാനും അബ്ബാസിന്റെ ഭാര്യ ഉമ്മുൽഫള്ലും ഞങ്ങളുടെ അർദ്ധസഹോദരിമാരായ സൽമയും അസ്മയും ഒരുമ്മയുടെ മക്കളാണ്. അതേ സമയം, എനിക്കും ഉമ്മുൽഫള്ലിനും പിതാവൊത്ത മറ്റൊരു അർദ്ധസഹോദരി കൂടിയുണ്ട്. അസ്മ എന്നാണവരുടെ പേര്. ഈ അസ്മയാണ് ഖാലിദിന്റെ ഉമ്മ; അഥവാ, മരണപ്പെട്ടുപോയ വലീദിന്റെ ഭാര്യ. അങ്ങനെ ഖാലിദിപ്പോൾ ഞാൻ വഴി ഒരു കണക്കിൽ റസൂലുല്ലാഹിയുടെ മരുമകനായിത്തീർന്നിരിക്കുന്നു!

ഖാലിദ് ധീരനാണ്, ബുദ്ധിമാനാണ്, സത്യവും നീതിയും വേർതിരിച്ചറിയാൻ കഴിവുള്ള വിവേകശാലിയാണ്. എന്നിട്ടും എന്താണ് ഇങ്ങനെ തിന്മയുടെ പക്ഷത്ത് നിലകൊള്ളുന്നതെന്ന് ഞങ്ങൾ അത്ഭുതപ്പെട്ടിരുന്നു. എന്തോ ചില സ്വാർത്ഥ താല്പര്യങ്ങളാകും അതിനു കാരണമെന്ന് അനുമാനിക്കുകയും ചെയ്തിരുന്നു. എന്നെങ്കിലും ആ സഹോദരന്റെ അകക്കണ്ണ് തുറക്കാതിരിക്കില്ലെന്ന് പ്രതീക്ഷിക്കുകയും ചെയ്തിരുന്നു.



ഖാലിദിന്റെ ഇളയസഹോദരൻ വലീദ് നേരത്തെ ഇസ്‌ലാം സ്വീകരിച്ച് റസൂലുല്ലാഹിയോടൊപ്പം ചേർന്നതാണ്. ബദ്റിൽ മുസ്‌ലിംകളുടെ കൈയിൽ ബന്ദിയായി അകപ്പെട്ടതായിരുന്നു അദ്ദേഹം. വലിയ സംഖ്യ കൊടുത്താണ് ഖാലിദും മറ്റു ബന്ധുക്കളും വലീദിനെ മോചിപ്പിച്ചത്. തിരിച്ചു വരുന്ന വഴിയിൽ താൻ ഇസ്‌ലാമിൽ ചേർന്നതായി വലീദ് പ്രഖ്യാപിച്ചുവെങ്കിലും കൂടെയുള്ളവർ മദീനയിലേക്ക് തിരിച്ചുപോകാൻ അനുവദിച്ചില്ല. പിടിച്ചുകെട്ടി മക്കയിലേക്കു കൊണ്ടുവന്ന് തടവിലിട്ടു. പിന്നെ തടവുചാടി മദീനയിലേക്ക് ഓടിപ്പോവുകയായിരുന്നു അദ്ദേഹം.

അന്നൊരിക്കൽ വലീദ് ഖാലിദിനെഴുതിയ കത്തിനെക്കുറിച്ച് കേട്ടിരുന്നു. അതിൽ വലീദ് എഴുതിയിരുന്നത്രെ; ഖാലിദേ, നിന്നെക്കുറിച്ച് റസൂലുല്ലാഹി പറയാറുണ്ടെന്ന്! ബുദ്ധിമാനായ നീ എന്തുകൊണ്ടാണ് ഇസ്‌ലാമിലേക്കു വരാത്തതെന്ന് അവിടുന്ന് അത്ഭുതത്തോടെ ആലോചിക്കാറുണ്ടെന്ന്! നിന്റെ ധീരത ബിംബാരാധകർക്കെതിരെ ഇസ്‌ലാമിനുവേണ്ടി ഉപയോഗിച്ചാൽ അത് നിനക്കും ഇസ്‌ലാമിനും വലിയ നന്മയാകുമെന്ന്! നീ ഇങ്ങോട്ടു വന്നാൽ നല്ല പരിഗണന നൽകി സ്വീകരിക്കുമെന്ന്. ഇങ്ങനെ പലതും. പക്ഷേ, അതൊന്നും

അന്ന് ഖാലിദിന്റെ മനസ്സിൽ പരിവർത്തനമുണ്ടാക്കിയില്ല. എന്നാൽ, ആ മനസ്സിൽ ചില ചാഞ്ചാട്ടങ്ങൾ നടന്നുകൊണ്ടി രിക്കുന്നുവെന്ന് മനസ്സിലാക്കാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നു.

അതിനിടെ, ഖാലിദിന്റെ ഉമ്മ അസ്മയും ഇസ്‌ലാം സ്വീക രിച്ചല്ലോ. റസൂലുല്ലാഹിയോട് ഏറെ ഇഷ്ടവും ആദരവും കാ ണിച്ചിരുന്ന അവർ പലരുടെയും എതിർപ്പുകൾ അവഗണിച്ചാണ് ഇസ്‌ലാം സ്വീകരിച്ചത്. അതു കൂടിയായപ്പോൾ ഖാലിദ് ഇസ് ലാമിലെത്താൻ താമസമുണ്ടാവു കയില്ലെന്ന് പ്രതീക്ഷിച്ചതാണ്. പക്ഷേ, പിന്നെയും കാലങ്ങൾ കടന്നുപോയി. ഖാലിദിനെ തട യുന്നത് ഖുറൈശിക്കൂട്ടത്തിലെ യുവനിരയായിരിക്കാം. ഇക്‌രി മയെപ്പോലുള്ള യുവാക്കളുമാ യാണല്ലോ കൂട്ടുകെട്ട്. അവരോ ടൊപ്പം ചേരുമ്പോൾ ഖാലിദ് മറ്റെല്ലാം മറക്കുന്നു. ആവേശ ത്തോടെ അവരുടെ നായകനായി മാറുന്നു. അങ്ങനെയാണ് ഉംറ മാത്രം ലക്ഷ്യമാക്കി മക്കയിലേക്ക് പുറപ്പെട്ട റസൂലുല്ലാഹിയെയും അനുയായികളെയും തടയാൻ ഖാലിദ് ഒരുമ്പെട്ടിറങ്ങിയത്. സാധാരണ മക്കയിലേക്ക് പ്രവേ ശിക്കാനുള്ള വഴിയിൽ സൈ ന്യവുമായി കാത്തിരിക്കുമ്പോ ഴാണറിയുന്നത്, റസൂലുല്ലാഹി അനുയായികളുമായി മറ്റൊരു വഴിയിലൂടെ മക്കയിലെത്താറായെ ന്ന്! അന്നു ഖാലിദ് പറഞ്ഞുപോ യത്രെ; 'ഈ മനുഷ്യന്റെ കാര്യം അത്ഭുതം തന്നെ! ഏതവസരത്തി ലും അദ്ദേഹം അതിസൂക്ഷ്മമാ യി സുരക്ഷിതത്വം നേടുന്നല്ലോ.' അതു കേട്ടപ്പോൾ തോന്നിയതാ ണ്, ഖാലിദിന്റെ മനസ്സിൽ നിന്ന് റസൂലുല്ലാഹിയോടുള്ള പക നീങ്ങിത്തുടങ്ങിയിട്ടുണ്ടെന്ന്. റസൂ ലുല്ലാഹിയുടെ നടപടികളിലുള്ള മതിപ്പും ആദരവും അത്ഭുതവുമാ ണല്ലോ ആ വാക്കുകളിൽ പ്രതി ഫലിക്കുന്നത്!

ഇങ്ങനെ പല കാരണങ്ങളാൽ ഖാലിദിന്റെ മനസ്സ് റസൂലുല്ലാഹി യിലേക്ക് അടുത്തു തുടങ്ങിയെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. അവിടുന്ന് രണ്ടായിരത്തോളം അനുയായികളുമായി മക്കയിൽ വന്നതും മൂന്നുദിവസം താമ സിച്ചതും ഉംറ നിർവഹിച്ചതും ഖാലിദിന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ടാവും. അതോ ടൊപ്പം, റസൂലുല്ലാഹി എന്നെ വധുവാക്കുക കൂടി ചെയ്തതോ ടെ ഞങ്ങളെല്ലാം ഒന്നായിക്കഴി ഞ്ഞു എന്നൊരു വിചാരം ആ മന സ്സിൽ കടന്നുകൂടിയിട്ടുണ്ടാവണം. ഖാലിദിന്റെ ചിന്ത നേർവഴിക്കു സഞ്ചരിച്ചിട്ടുണ്ടാവണം.

അന്ന് ഖാലിദ് കണ്ട ഒരു സ്വപ്നത്തെക്കുറിച്ച് പിന്നീടറി യാൻ കഴിഞ്ഞു: നാലു ഭാഗവും മതിലുകളാൽ ചുറ്റപ്പെട്ട ഒരു തരിശുഭൂമിയിൽ ഖാലിദ് നിൽ ക്കുന്നു. അതിന്റെ അതിരുകളിൽ ചെന്നുനോക്കിയപ്പോൾ അദ്ദേഹം വിസ്മയഭരിതനായി. വിശാലമാ യിക്കിടക്കുന്ന ഹരിതഭൂമിയാണ് പുറത്തു കാണാൻ കഴിയുന്നത്! ഇതായിരുന്നു സ്വപ്നം. ഖാലിദ് ബുദ്ധിമാനാണല്ലോ. താനിപ്പോൾ തരിശുഭൂമിയിലാണെന്നും അതി രുകൾക്കപ്പുറത്ത് ഹരിതാഭമായ ശാദ്വലഭൂമിയുണ്ടെന്നും അത് ഏതാണെന്നും ഊഹിച്ചെടുക്കാൻ അദ്ദേഹത്തിന് പ്രയാസമുണ്ടാ യില്ല.

അന്നദ്ദേഹം കൂട്ടുകാർക്കിട യിൽ ഇരിക്കുമ്പോൾ പറഞ്ഞത്രെ: 'മുഹമ്മദ് ആഭിചാരകനോ കവി യോ അല്ല; അദ്ദേഹം പറയുന്ന വചനങ്ങൾ ലോകരക്ഷിതാവിന്റെ വചനങ്ങളാണ്. ബുദ്ധിയുള്ളവർ ക്കെല്ലാം ഇക്കാര്യം വ്യക്തമായി മനസ്സിലായിട്ടുണ്ട്. അതുകൊണ്ട വർ അദ്ദേഹത്തെ പിൻപറ്റാൻ കട പ്പെട്ടിരിക്കുന്നു.'



**അന്ന് ഖാലിദ് കണ്ട ഒരു സ്വപ്നത്തെക്കുറിച്ച് പിന്നീടറിയാൻ കഴിഞ്ഞു: നാലു ഭാഗവും മതിലുകളാൽ ചുറ്റപ്പെട്ട ഒരു തരിശുഭൂമിയിൽ ഖാലിദ് നിൽക്കുന്നു. അതിന്റെ അതിരുകളിൽ ചെന്നു നോക്കിയപ്പോൾ അദ്ദേഹം വിസ്മയഭരിതനായി. വിശാലമായിക്കിടക്കുന്ന ഹരിതഭൂമിയാണ് പുറത്തു കാണാൻ കഴിയുന്നത്! ഇതായിരുന്നു സ്വപ്നം. ഖാലിദ് ബുദ്ധിമാനാണല്ലോ. താനിപ്പോൾ തരിശുഭൂമിയിലാണെന്നും അതിരുകൾക്കപ്പുറത്ത് ഹരിതാഭമായ ശാദ്വല ഭൂമിയുണ്ടെന്നും അത് ഏതാണെന്നും ഊഹിച്ചെടുക്കാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായില്ല.**



‘ങേ? ഖാലിദാണോ ഈ പറയുന്നത്?’ കൂട്ടുകാർ അദ്ദേഹത്തിന്റെ മുഖത്തേക്ക് തുറിച്ചു നോക്കി. അടുത്ത കൂട്ടുകാരനായ ഇക്‌രിമ ചോദിച്ചുവത്രെ: ‘അല്ല ഖാലിദേ, നീയും ഭ്രഷ്ടനായോ?’

‘ഹേയ്, ഞാൻ ഭ്രഷ്ടനായതല്ല, മുസ്‌ലിമായതാണ്.’ ഖാലിദിന്റെ ഉറച്ച പ്രതികരണം കേട്ട് ഇക്‌രിമ പറഞ്ഞത്രെ: ‘ഖാലിദേ, ഖുറൈശികളിൽ മറ്റാര് ഇങ്ങനെ പറഞ്ഞാലും, നീ ഇങ്ങനെ പറയരുതായിരുന്നു.’

‘എന്താ പറഞ്ഞാൽ?’

‘കഴിഞ്ഞ കാര്യങ്ങളൊന്നും മറക്കാൻ പറ്റുന്നതല്ലല്ലോ. മുഹമ്മദ് നിന്റെ പിതാവിനെ പരിക്കേൽപ്പിച്ച് അഭിമാനക്ഷതമുണ്ടാക്കി. ബദ്‌റിൽ നിന്റെ പിതൃവ്യനെയും പിതൃവ്യപുത്രനെയും വധിച്ചു. ദൈവമാണെ, ഇങ്ങനെ ഞാൻ ഒരിക്കലും സംസാരിക്കുകയില്ല. മുസ്‌ലിമാവുകയുമില്ല. ഖുറൈശികളിപ്പോൾ മുഹമ്മദിനോട് വീണ്ടും പടവെട്ടാനൊരുങ്ങിക്കൊണ്ടിരിക്കുകയാണെന്ന് നിനക്കറിയില്ലേ? എന്നിട്ട് നീ ഇപ്പോൾ മറുകണ്ടം ചാടുകയാണോ?’

**വിവരമറിഞ്ഞ് അബൂസുഫ്‌യാനും എത്തിയല്ലോ. അദ്ദേഹം ക്ഷുഭിതനായി അട്ടഹസിച്ചത്രെ: ‘ലാത്തയും ഉസ്സയുമാണെ സത്യം! ഞാൻ കേട്ടത് ശരിയാണെങ്കിൽ മുഹമ്മദിനു മുമ്പ് ഞാൻ നിന്നെ വക വരുത്തും.’ ഭീഷണിക്കു മുമ്പിൽ വിറയ്ക്കുകയില്ലല്ലോ ഖാലിദ്! അദ്ദേഹം പറഞ്ഞുവത്രെ: ‘അല്ലാഹുവാണെ, ഞാൻ പറഞ്ഞതു സത്യമാണ്; ആരെന്തു കരുതിയാലും.’**

ഖാലിദിനെ പിടിച്ചുനിർത്താനുള്ള ശ്രമമായിരുന്നു ഇക്‌രിമ നടത്തിയത്. പക്ഷേ, ഖാലിദ് അതൊന്നും ചെവിക്കൊണ്ടില്ല. ഉടനെ മദീനയിലേക്ക് പുറപ്പെടാനുള്ള ഒരുക്കം തുടങ്ങിയത്രെ. അപ്പോഴേക്കും വിവരമറിഞ്ഞ് അബൂസുഫ്‌യാനും എത്തിയല്ലോ. അദ്ദേഹം ക്ഷുഭിതനായി അട്ടഹസിച്ചത്രെ: ‘ലാത്തയും ഉസ്സയുമാണെ സത്യം! ഞാൻ കേട്ടത് ശരിയാണെങ്കിൽ മുഹമ്മദിനു മുമ്പ് ഞാൻ നിന്നെ വക വരുത്തും.’

ഭീഷണിക്കു മുമ്പിൽ വിറയ്ക്കുകയില്ലല്ലോ ഖാലിദ്! അദ്ദേഹം പറഞ്ഞുവത്രെ: ‘അല്ലാഹുവാണെ, ഞാൻ പറഞ്ഞതു സത്യമാണ്; ആരെന്തു കരുതിയാലും.’

അതുകേട്ട് പിടിച്ചുനിൽക്കാനാവാതെ അബൂസുഫ്‌യാൻ ഖാലിദിനു നേരെ എടുത്തുചാടി. അദ്ദേഹത്തെ ഇക്‌രിമയാണ് തടഞ്ഞത്. ‘അബൂസുഫ്‌യാൻ, താങ്കൾ അടങ്ങണം. ഖാലിദിനെപ്പോലെ മുഹമ്മദിന്റെ കൂടെ ചേർന്നുപോകുമെന്നു ഞാനും ഭയപ്പെട്ടതാണ്. ഇന്നിപ്പോൾ താങ്കൾ അതിന്റെ പേരിൽ ഖാലിദിനെ കൊല്ലാൻ പോകുന്നു. എന്നാൽ ഖുറൈശികളൊക്കെ ഇപ്പോൾ മുഹമ്മദിനെ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു വർഷത്തിനകം മക്കാനിവാസികളെല്ലാം മുഹമ്മദിന്റെ അനുയായികളായിത്തീരുമോ എന്നാണ് എന്റെ ഭയം.’

ആത്മയാനം – 18

അലി സഖാഫി പുൽപ്പറ്റ

# സൂഫികളും സംഗീതവും

മനസ്സിനു ശാന്തിയും സന്തോഷവും പകരുന്ന ശബ്ദകലയാണ് സംഗീതം. നല്ലഗീതമെന്നാണു സംഗീതത്തിന്റെ ഭാഷാർത്ഥം. വാദ്യവും നൃത്തവും ചേർന്ന ശാസ്ത്രീയ സംഗീതം നമ്മുടെ ചർച്ചാവിഷയമല്ല. അതു നിഷിദ്ധമാണ്, തർക്കമില്ല. ശ്രുതിയും താളവും ലയവുമുള്ള ഖസ്വീദകൾ ആലപിക്കുന്നതും ആസ്വദിക്കുന്നതും പൊതുവിൽ അനുവദനീയമാണ്. ആരാധനകൾക്കായി ജീവിതം സമർപ്പിച്ച സൂഫികൾക്ക് അത് പാടുണ്ടോ എന്നതിൽ രണ്ടു പക്ഷമുണ്ട്. അനുവദനീയമാണെന്നാണു പ്രബലം.

മധുരനാദങ്ങൾ ശ്രവിക്കുന്നതിന് അറബിയിൽ 'സമാഅ്' എന്നാണു പറയുക. പ്രപഞ്ചനാഥനെക്കുറിച്ചു ചിന്തിപ്പിക്കുന്നതും പരിസരബോധം നഷ്ടപ്പെട്ട് ഉന്മാദാവസ്ഥയിലേക്കു നയിക്കുന്നതുമായ ശ്രവണമാണ് സൂഫീഭാഷ്യത്തിൽ സമാഅ്. കേൾക്കുന്നത് പദ്യമോ ഗദ്യമോ ആകാം.

ഖുർആനിക വചനങ്ങളും അവ ഉൾവഹിക്കുന്ന ഗാഢാർത്ഥങ്ങളും കേൾക്കുന്നതാണതിൽ പ്രധാനം. ''സദുപദേശം ശ്രദ്ധിച്ചു കേൾക്കുകയും അതിൽ അത്യുത്തമമായതു പിന്തുടരുകയും ചെയ്യുന്ന എന്റെ ദാസന്മാർക്ക് സുവിശേഷം അറിയിക്കുക. അല്ലാഹു സന്മാർഗദർശനം നൽകിയ വിഭാഗമാണവർ. അവരാണു ബുദ്ധിശാലികൾ.'' (അസ്സുമർ 17–18)

''തിരുദൂതർക്ക് അവതീർണമായ വിശുദ്ധഖുർആൻ കേൾക്കുമ്പോൾ പരമസത്യം തിരിച്ചറിഞ്ഞതു മൂലം അവരുടെ നയനങ്ങൾ നിറഞ്ഞൊഴുകുന്നത് താങ്കൾക്കു കാണാം.'' (അൽമാഇദ 83)

സദ്‌വചനങ്ങൾ ശ്രവിക്കുമ്പോൾ നേത്രങ്ങൾ സജലങ്ങളാകുന്നത് സന്മാർഗദർശനം ലഭിച്ചതിന്റെ അടയാളമാണ്. നനവാർന്ന ദൃഢജ്ഞാനത്തിനുമേൽ 'വചന'സ്വരങ്ങളുടെ ഉഷ്ണക്കാറ്റേൽക്കുമ്പോൾ കണ്ണുനീർമഴയായി അതു പ്രവഹിക്കും. സാരോപദേശങ്ങൾ ഉത്പാദിപ്പിക്കുന്ന ദുഃഖം, ഖേദം, അനുരാഗം തുടങ്ങിയുള്ള ഊഷ്മള വികാരങ്ങൾ ഘനീഭവിച്ചുനിൽക്കുന്ന ഹൃദയത്തിൽ തട്ടുമ്പോൾ സ്വാഭാവികമായും ബാഷ്പകണങ്ങൾ വർഷിക്കും.

വചനതരംഗങ്ങളുടെ ആവേഗത്തോതനുസരിച്ച് അതിന്റെ പ്രതിഫലനങ്ങളിലും ഏറ്റക്കുറച്ചിലുകളുണ്ടാകും. ചിലപ്പോൾ അത് രോമാഞ്ചമണിയിക്കും. ''അതു കേട്ടാൽ സ്വന്തം റബ്ബിനെ ഭയക്കുന്നവരുടെ ചർമ്മങ്ങൾ രോമാഞ്ചം കൊള്ളും'' (അസ്സുമർ 13) എന്ന് ഖുർആൻ പറയുന്നു. ചിലരുടെ ആത്മാക്കളിൽ അത് പ്രകമ്പനം സൃഷ്ടിക്കും. ചിലർക്ക് ബോധക്ഷയമുണ്ടാക്കും.

ശ്രവണംകൊണ്ട് ആത്മജ്ഞാനികൾക്കനുഭവപ്പെടുന്ന വിവിധ അവസ്ഥാന്തരങ്ങളാണിത്. ഉമർ(റ) വിർദുകൾക്കിടയിൽ ഖുർആൻ വചനങ്ങളിലൂടെ കടന്നുപോകുമ്പോൾ ചിന്താനിമഗ്നനായി വീണുപോകുകയും ഒന്നും രണ്ടും ദിവസങ്ങൾ വീടുവിട്ടിറങ്ങാൻ കഴിയാത്ത പരുവ

**സദ്‌വചനങ്ങൾ ശ്രവിക്കുമ്പോൾ നേത്രങ്ങൾ സജലങ്ങളാകുന്നത് സന്മാർഗദർശനം ലഭിച്ചതിന്റെ അടയാളമാണ്. നനവാർന്ന ദൃഢജ്ഞാനത്തിനുമേൽ 'വചന'സ്വരങ്ങളുടെ ഉഷ്ണക്കാറ്റേൽക്കുമ്പോൾ കണ്ണുനീർമഴയായി അതു പ്രവഹിക്കും. സാരോപദേശങ്ങൾ ഉത്പാദിപ്പിക്കുന്ന ദുഃഖം, ഖേദം, അനുരാഗം തുടങ്ങിയുള്ള ഊഷ്മള വികാരങ്ങൾ ഘനീഭവിച്ചുനിൽക്കുന്ന ഹൃദയത്തിൽ തട്ടുമ്പോൾ സ്വാഭാവികമായും ബാഷ്പകണങ്ങൾ വർഷിക്കും.**

ത്തിലാവുകയും രോഗിയായെന്നു കരുതി ജനം സന്ദർശിക്കുകയും ചെയ്തിരുന്നു. (ഇബ്നു അബീ ശൈബ 35598)

സദ്‌വചനങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നത് അല്ലാഹുവിൽ നിന്ന് കാരുണ്യം ലഭിക്കാൻ നിമിത്തമാകും. ഒരിക്കൽ ഉബയ്യുബ്നു കഅ്ബ്(റ) തിരുദൂതരുടെ സമീപത്തുവെച്ച് ഖുർആൻ പാരായണം ചെയ്തു. അതു ശ്രവിച്ചുകൊണ്ടിരുന്ന സ്വഹാബികളുടെ ഹൃദയം വിങ്ങിപ്പൊട്ടാൻ തുടങ്ങി. അപ്പോൾ അവിടുന്ന് പറഞ്ഞു: ''ഹൃദയം തരളിതമാകുന്ന സമയത്തുള്ള പ്രാർത്ഥനയെ നിങ്ങൾ പ്രയോജനപ്പെടുത്തുക. നിശ്ചയം, അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവർഷമാണത്.'' (അത്തർഗീബു വത്തർഹീബ് 152)

ഒരിക്കൽ ഉബയ്യുബ്നു കഅ്ബ്(റ) തിരുദൂതരുടെ സമീപത്തുവെച്ച് ഖുർആൻ പാരായണം ചെയ്തു. അതു ശ്രവിച്ചുകൊണ്ടിരുന്ന സ്വഹാബികളുടെ ഹൃദയം വിങ്ങിപ്പൊട്ടാൻ തുടങ്ങി. അപ്പോൾ അവിടുന്ന് പറഞ്ഞു: ''ഹൃദയം തരളിതമാകുന്ന സമയത്തുള്ള പ്രാർത്ഥനയെ നിങ്ങൾ പ്രയോജനപ്പെടുത്തുക. നിശ്ചയം, അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവർഷമാണത്.'' (അത്തർഗീബു വത്തർഹീബ് 152)



'അല്ലാഹുവിനെ ഭയന്ന് വിശ്വാസിയുടെ ചർമ്മം രോമാഞ്ചമണിഞ്ഞാൽ ഉണങ്ങിയ വൃക്ഷത്തിൽ നിന്ന് ഇലകൾ കൊഴിയും പ്രകാരം അവന്റെ പാപങ്ങൾ ഉതിർന്നുവീഴും' (ബൈഹഖി 782) എന്നും അവിടുന്ന് പഠിപ്പിക്കുന്നു. 'നരകാഗ്നിക്ക് അവന്റെ ചർമ്മത്തെ നിഷിദ്ധമാക്കിയിരിക്കുന്നു' എന്നാണ് മറ്റൊരു വചനത്തിലുള്ളത്. (തഫ്സീറുസ്സഅ്ലബി 23/48)

വിശുദ്ധവചനങ്ങൾ അതിന്റെ തനതുശൈലിയിൽ നിന്ന് വ്യതിചലിക്കാതെ മധുരശബ്ദത്തിൽ ഉരുവിടുന്നതും അതു കേട്ടാസ്വദിക്കുന്നതും പ്രമാണങ്ങൾ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പുതിയ അക്ഷരങ്ങൾ ജനിക്കുകയോ ഉള്ളവ നഷ്ടപ്പെടുകയോ ചെയ്യും വിധം അമിതമായി നീട്ടി ഓതരുതെന്നു മാത്രം. അപ്രകാരം നീട്ടി ഓതുന്നത് നിഷിദ്ധവും അതു ശ്രവിക്കുന്നത് കുറ്റകരവുമാണ്.

എന്നാൽ ഈണം നൽകി കവിതകൾ ചൊല്ലുന്നതും കേൾക്കുന്നതും അനുവദനീയമാണോ? അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമുണ്ട്. അതു ശുദ്ധഭോഷത്തമാണെന്നു പറഞ്ഞ് അടച്ചാക്ഷേപിക്കുന്നവരും ഒരു കുഴപ്പവുമില്ലെന്ന് നിരുപാധികം വാദിക്കുന്നവരുമുണ്ട്. ഇതു രണ്ടിനുമിടയിലാണ് യാഥാർത്ഥ്യം.

ഗാനങ്ങളും കവിതകളും കേൾക്കുന്നത് അനുവദനീയമാണെന്ന് അബൂത്വാലിബിൽ മക്കി(റ) വ്യക്തമാക്കുന്നു: ''സംഗീതശ്രവണത്തിൽ നിഷിദ്ധമായതും അനുവദനീയമായതും സംശയാസ്പദമായതുമുണ്ട്. ശ്ലഥചിന്തകളെയും കാമവികാരങ്ങളെയും ഉത്തേജിപ്പിക്കുന്ന സംഗീതശ്രവണം ഹറാമാണ്. അത്തരം കവിതകൾ ഭാര്യയിൽ നിന്നോ അടിമസ്ത്രീയിൽ നിന്നോ അനുവദനീയ രൂപത്തിലാണു ശ്രവിക്കുന്നതെങ്കിലും അല്ലാഹുവിനെ വിസ്മരിപ്പിക്കുമെന്നതിനാൽ അത് സംശയാസ്പദമായതിൽ പെടുന്നു. സന്മാർഗ ദർശനം നൽകുന്ന

സാരസമ്പൂർണ്ണമായ കവിതകൾ ശുദ്ധമനോഭാവത്തോടെ ശ്രവിക്കുന്നത് അനുവദനീയമാണ്.'' (ഖൂതുൽഖുലൂബ് 2/1090)

തൊഴിലാളികൾ ഭാരം ചുമക്കുമ്പോഴും തൊഴിലെടുക്കുമ്പോഴും പാടാറുള്ള പാട്ടുകളും ശിശുക്കളെ ഉറക്കാനും ശാന്തരാക്കാനും സ്ത്രീകൾ പാടുന്നതും അനുവദനീയമാണെന്നതിൽ സംശയമില്ല. എന്നല്ല, കവിതകൾ സൽകർമ്മങ്ങൾക്ക് പ്രചോദനവും ഉന്മേഷവും പകരുന്നതാണെങ്കിൽ അതു ശ്രവിക്കുന്നത് സുന്നത്തുമാണ്.

സ്വർഗ്ഗനരകങ്ങളെ വർണ്ണിക്കുക, സുസ്ഥിരവും ശാശ്വതവുമായ ഭവനത്തിലേക്ക് ആഗ്രഹം ജനിപ്പിക്കുക, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിവരിക്കുക, വിവിധ ആരാധനകളെ പരാമർശിക്കുകയും സുകൃതങ്ങൾക്കു പ്രേരിപ്പിക്കുകയും ചെയ്യുക എന്നിവയടങ്ങിയ കവിതകളും ഗാനങ്ങളും നിഷിദ്ധമാകാൻ ഒരു ന്യായവുമില്ല. യോദ്ധാക്കളും ഹജ്ജ്യാത്രികരും പാടുന്ന, യുദ്ധത്തെയും ഹജ്ജിനെയും പ്രോത്സാഹിപ്പിക്കുന്ന കവിതകൾ ഈ ഗണത്തിൽ പെടുന്നു.

തിന്മയ്ക്കു പ്രേരിപ്പിക്കുന്നതോ നിഷിദ്ധമായതിനെ പൊലിപ്പിക്കുന്നതോ ആയ ഗീതങ്ങൾ നിഷിദ്ധമാണ്. മങ്കമാരുടെ ആകാരസൗഷ്ഠവവും അംഗലാവണ്യങ്ങളും വർണ്ണിക്കുന്ന കവിതകളും ഗാനങ്ങളും ആലപിക്കുന്നതും കേൾക്കുന്നതും അതിനു സംഗമിക്കുന്നതും മതനിഷ്ഠയുള്ളവർക്ക് യോജിച്ചതല്ല.

സൂഫിഗീതങ്ങളിൽ ഭൂരിഭാഗവും ആലങ്കാരികങ്ങളാണ്. വാച്യാർത്ഥങ്ങൾക്കപ്പുറം വ്യംഗ്യാർത്ഥങ്ങൾക്കായിരിക്കും അവയിൽ പ്രാധാന്യം. ജൈവിക ആവശ്യങ്ങളെ പ്രതീകങ്ങളാക്കി ആത്മീയലക്ഷ്യങ്ങളെ അവർ വർണിച്ചുപാടും. വിരഹത്തിന്റെയും ഒറ്റപ്പെടലിന്റെയും വേദനകളും പ്രണയിനിയുമായി അകലുമ്പോഴുണ്ടാകുന്ന ദുഃഖവും സമാഗമ വേളയിലെ ആനന്ദവും അടുക്കാനുള്ള പ്രയാസങ്ങളും അത്തരം കവിതകളിൽ നിറഞ്ഞുനിൽക്കും. അല്ലാഹുവാണ് അവരുടെ പ്രേമ

വിവാഹബന്ധം നിഷിദ്ധമായ അന്യസ്ത്രീകളുടെ ഗാനാലാപനം ആസ്വദിക്കുന്നത് കഠിന കറാഹത്താണെന്നാണു പ്രബലം. നിഷിദ്ധമാണെന്നും അഭിപ്രായമുണ്ട്. വല്ല കുഴപ്പവും സംഭവിക്കുമെന്ന് ആശങ്കയുണ്ടാകുന്ന പക്ഷം അത് ഹറാമാണെന്നതു ഖണ്ഡിതവുമാണ്. ഗാനങ്ങൾ ആലപിക്കുന്നത് സുമുഖരായ ആൺകുട്ടികളാണെങ്കിൽ അപകടസാധ്യത കൂടുതലാണ്. അത് ആസ്വദിക്കൽ ഹറാമാണെന്നതിൽ തർക്കമില്ല. അത്തരം സുന്ദരന്മാരെ ദർശിക്കുന്നതും സ്പർശിക്കുന്നതും സച്ചരിതർ ഇഷ്ടപ്പെട്ടിരുന്നില്ല.

ഭാജനം. ഇത്തരം പ്രണയകാവ്യങ്ങൾ കേൾക്കുമ്പോൾ അവർക്ക് അല്ലാഹുവിനോടുള്ള അനുരാഗം അണപൊട്ടിയൊഴുകും. നഷ്ടപ്പെട്ട സുകൃതങ്ങളെയും സംഭവിച്ചുപോയ അബദ്ധങ്ങളെയും കുറിച്ചോർത്ത് ദുഃഖം ഘനീഭവിക്കും. ഇതു കേൾക്കാൻ പാടില്ലെന്ന് എങ്ങനെ പറയും?

ആലപിക്കുന്നവരുടെ അവസ്ഥക്കനുസരിച്ചും വിധിയിൽ മാറ്റം വരും. വിവാഹബന്ധം നിഷിദ്ധമായ അന്യസ്ത്രീകളുടെ ഗാനാലാപനം ആസ്വദിക്കുന്നത് കഠിന കറാഹത്താണെന്നാണു പ്രബലം. നിഷിദ്ധമാണെന്നും അഭിപ്രായമുണ്ട്. വല്ല കുഴപ്പവും സംഭവിക്കുമെന്ന് ആശങ്കയുണ്ടാകുന്ന പക്ഷം അത് ഹറാമാണെന്നതു ഖണ്ഡിതവുമാണ്. ഗാനങ്ങൾ ആലപിക്കുന്നത് സുമുഖരായ ആൺകുട്ടികളാണെങ്കിൽ അപകടസാധ്യത കൂടുതലാണ്. അത് ആസ്വദിക്കൽ ഹറാമാണെന്നതിൽ തർക്കമില്ല. അത്തരം സുന്ദരന്മാരെ ദർശിക്കുന്നതും സ്പർശിക്കുന്നതും സച്ചരിതർ ഇഷ്ടപ്പെട്ടിരുന്നില്ല.

നല്ല ഉള്ളടക്കമാണെങ്കിലും പശ്ചാത്തലം മോശമായാൽ ശ്രോതാവിന്റെ മനസ്സിൽ ദുഷ്ചിന്തകൾ നാമ്പെടുക്കും. കവിതകളുടെ സ്വാധീനശക്തി അപാരമാണ്. 'നിശ്ചയം, കവിതയിൽ തത്വജ്ഞാനമുണ്ട്' എന്ന് തിരുനബി(സ) പഠിപ്പിക്കുന്നു. (ബുഖാരി 6145) ശത്രുക്കൾക്കെതിരെ കവിത ആലപിക്കുന്നതിനായി ഹസ്സാനുബ്നു സാബിത്തി(റ)ന് തിരുദൂതർ പള്ളിയിൽ ഒരു പീഠം സ്ഥാപിച്ചിരുന്നു. (അബൂദാവൂദ് 5015)

കവിതകൾ രചിക്കുന്നതിനെയും ആലപിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുന്ന അനേകം നബിവചനങ്ങളുണ്ട്. പുണ്യപുരുഷന്മാരെ സംബന്ധിച്ച് അത് ആക്ഷേപാർഹമല്ല. എന്നാൽ ഗാനാസ്വാദനത്തിന്റെ മറവിൽ നിരവധി അപകടങ്ങൾ പതിയിരിക്കുന്നുണ്ടെന്നത് വിസ്മരിക്കാവതല്ല. സൂക്ഷ്മത പുലർത്തുന്ന സൂഫികൾക്ക് അതൊരു സുരക്ഷിത മാർഗ്ഗവുമല്ല. 'ദർശനത്തിന്റെയും ശ്രവണത്തിന്റെയും വേളകളിലാണ് മനുഷ്യരെ തനിക്കു നിഷ്പ്രയാസം പിഴപ്പിക്കാൻ സാധിക്കുക'യെന്ന് ഇബ്‌ലീസ് ഒരു ചോദ്യത്തിനു മറുപടി പറഞ്ഞതായി ജുനൈദ്(റ) പ്രസ്താവിച്ചതു കാണാം.

ഭയവും അനുരാഗവും അങ്കുരിപ്പിച്ച് മനസ്സിനെ സ്ഫുടം ചെയ്തെടുക്കാനും അല്ലാഹുവിലേക്കടുക്കാനുമുള്ള മാർഗമായാണ് ചില സൂഫികൾ ഗാനാലാപനങ്ങളെ കാണുന്നത്. അവർക്കത് ആത്മീയ വളർച്ചക്കുള്ള പോഷകാഹാരങ്ങളാണ്. ആരാധനകളിൽ മുഴുകി മനസ്സ് ക്ഷീണിക്കുമ്പോൾ വിരസതയകറ്റാനും ഉന്മേഷം വീണ്ടെടുക്കാനും അവർ പ്രവാചകരുടെയും മഹാത്മാക്ക

**സൂഫികളുടെ വേഷമണിഞ്ഞ കപടന്മാർ ദുഷ്ട ലാക്കോടെ സംഗീതശ്രവണ സദസ്സുകൾ സം ഘടിപ്പിക്കുകയും ജനങ്ങളെ ആകർഷിക്കാൻ വിഭവസമൃദ്ധ സദ്യകളൊരുക്കുകയും ചെ യ്യാറുണ്ട്. ആത്മസംസ്കരണമല്ല, മനസ്സിന്റെ ലോലവികാരങ്ങളെ ശമിപ്പിക്കലാണ് അവരുടെ ലക്ഷ്യം. സത്യാത്മാക്കൾക്ക് സമയം പാഴാ കാനും സുകൃതങ്ങൾ കുറയാനും മാത്രമേ അത് ഉപകരിക്കുകയുള്ളൂ.**



ളുടെയും പ്രകീർത്തനങ്ങളിൽ ലയിക്കുന്നു. എന്നല്ലാതെ തീയതിയും സ്ഥലവും നിശ്ചയിച്ച് ഗാനാസ്വാദന സദസ്സുകൾ സംഘടിപ്പിക്കുന്ന ശൈലി സൂഫികൾക്കില്ല.

സൂഫികളുടെ വേഷമണിഞ്ഞ കപടന്മാർ ദുഷ്ടലാക്കോടെ സംഗീതശ്രവണ സദസ്സുകൾ സംഘടിപ്പിക്കുകയും ജനങ്ങളെ ആകർഷിക്കാൻ വിഭവസമൃദ്ധ സദ്യകളൊരുക്കുകയും ചെയ്യാറുണ്ട്. ആത്മസംസ്കരണമല്ല, മനസ്സിന്റെ ലോലവികാരങ്ങളെ ശമിപ്പിക്കലാണ് അവരുടെ ലക്ഷ്യം. സത്യാത്മാക്കൾക്ക് സമയം പാഴാകാനും സുകൃതങ്ങൾ കുറയാനും മാത്രമേ അത് ഉപകരിക്കുകയുള്ളൂ. അല്ലാഹുവിനെ വിസ്മരിക്കാൻ ഹേതുവാകുന്ന ഇത്തരം സംഗമങ്ങൾ ഒരിക്കലും പ്രോത്സാഹനാർഹമല്ല.

സത്യസന്ധരായ സൂഫിവര്യന്മാർ തങ്ങളെപ്പോലുള്ള പുണ്യപുരുഷന്മാരിൽ നിന്നല്ലാതെ ഗാനാലാപനങ്ങൾ കേൾക്കുകയില്ല. നിബന്ധനകളും ചിട്ടകളും പാലിച്ചുകൊണ്ടേ അവരതു കേൾക്കാറുള്ളൂ. സമാഇന് അഞ്ചു ചിട്ടകളാണ് ഇമാം ഗസ്സാലി പറയുന്നത്: ഒന്ന്: കാലത്തെയും സ്ഥലത്തെയും സഹോദരന്മാരെയും പരിഗണിക്കുക. നിസ്കാരങ്ങൾ, വിർദുകൾ, ഭക്ഷണം തുടങ്ങി സജ്ജനങ്ങൾ കർമ്മനിരതരാകാറുള്ള സമയം വർജിക്കണം. പൊതുവിടങ്ങളിലും മലിനസ്ഥലങ്ങളിലും വെച്ചാകരുത്. ചിന്തകളെ വ്യതിചലിപ്പിക്കുന്ന പശ്ചാത്തലവും പാടില്ല. സൂഫികൾ മാത്രം പ്രവേശിക്കുന്ന സാവിയകളിൽ വെച്ചേ ഇത് നടത്താവൂ എന്നാണ് ഇബ്നുഅറബി പറയുന്നത്.

രണ്ട്: മനഃപ്രയാസത്തോടെ സമാഇന്റെ സദസ്സിൽ പങ്കെടുക്കാതിരിക്കുക. കേവലം ആസ്വാദനം ലക്ഷ്യം വെച്ച് വരുന്നവർക്കും സമാഅ് ഉചിതമല്ല.

മൂന്ന്: ശ്രോതാവ് ഉണർവോടെയിരിക്കുക.

നാല്: ആർത്തട്ടഹസിക്കുക, ഉടുവസ്ത്രം പിച്ചിച്ചീന്തുക പോലുള്ള അഹിത പ്രവർത്തനങ്ങൾ ഇല്ലാതിരിക്കുക.

അഞ്ച്: സഹവാസ മര്യാദകൾ പാലിക്കുകയും കർമ്മങ്ങളിൽ താദാത്മ്യം പ്രാപിക്കുകയും ചെയ്യുക.

പരലോകത്തെക്കുറിച്ച് ചിന്തിപ്പിക്കുന്നതും സ്വർഗ്ഗീയാനുഗ്രഹങ്ങളിൽ ആഗ്രഹം ജനിപ്പിക്കുന്നതും നരകഭീകരതകളെ വരച്ചുകാണിക്കുന്നതും ആത്മീയോൽക്കർഷം സാധ്യമാക്കുന്നതുമായിരിക്കണം ഗാനങ്ങൾ. ദിനകൃത്യങ്ങൾക്കും നിർബന്ധമോ ഐച്ഛികമോ ആയ കർമ്മങ്ങൾക്കും വിർദുകൾക്കും തടസ്സമാകാത്തതുമായിരിക്കണം. ഇതിനു നിരക്കാത്ത സദസ്സുകളിൽ അവർ സംബന്ധിക്കുകയില്ല. ചില പുണ്യാത്മാക്കൾ ശ്രവണസദസ്സുകളിലൊന്നും പങ്കെടുക്കാറില്ല. എന്നുവെച്ച് സദുദ്ദേശ്യത്തോടെ അതിൽ പങ്കെടുക്കുന്നവരെ അവർ ആക്ഷേപിക്കാറുമില്ല. അതാണ് അദബ്.

ലൈഫ്സ്റ്റൈൽ

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# ആഘോഷത്തിന്റെ അതിർവരമ്പുകൾ



ആഘോഷങ്ങൾ എല്ലാ മതങ്ങളിലുമുണ്ട്. ലഹരിയിൽ ആറാടാനും അനാശാസ്യ പ്രവർത്തനങ്ങളിലേർപ്പെടാനുമുള്ള അവസരങ്ങളായാണ് പലരും ആഘോഷത്തെ കാണുന്നത്. എന്നാൽ, ഇസ്‌ലാമിലെ ആഘോഷങ്ങൾ തികച്ചും ആരാധനയിലും ദൈവസ്മരണയിലുമധിഷ്ഠിതമാണ്. കുടുംബത്തിലും ചുറ്റുവട്ടങ്ങളിലുമുള്ള ഒരുമക്കും പരസ്പരസൗഹൃദത്തിനും ബന്ധങ്ങൾ കൂട്ടിയിണക്കുന്നതിനുമൊക്കെ ആഘോഷങ്ങൾ സഹായകവുമാണ്.

ഇസ്‌ലാം ലാളിത്യത്തിന്റെ മതമാണ്. ഭക്ഷണം, വസ്ത്രം, വാഹനം, പാർപ്പിടം, ആഘോഷം തുടങ്ങിയവയെല്ലാം ലളിതമാകണമെന്നതാണ് ഇസ്‌ലാമിന്റെ കല്പന. തിരുനബി(സ) പറയുന്നു: ‘നിശ്ചയം, ലാളിത്യം വിശ്വാസത്തിന്റെ ഭാഗമാണ്.’ (അബൂദാവൂദ്: 4161) ധൂർത്തും ദുർവ്യയവും ഇസ്‌ലാം കണിശമായി വിമർശിച്ചിട്ടുമുണ്ട്. ദുർവ്യയം ചെയ്യുന്നവരെ പിശാചിന്റെ കൂട്ടുകാരായാണ് അല്ലാഹു പരിചയപ്പെടുത്തിയത്. വിശുദ്ധഖുർആൻ പറയുന്നു: ‘നീ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവർ പിശാചിന്റെ കൂട്ടുകാർ തന്നെയത്രെ.’ (ഇസ്റാഅ്: 27)

ആഘോഷങ്ങൾ ഓരോരുത്തരുടെയും സാമ്പത്തികനിലയ്ക്കനുസരിച്ചു മാത്രമാണ് ക്രമീകരിക്കേണ്ടത്. അത് ഒരിക്കലും ആർഭാടമാകരുത്. ധൂർത്ത്, മത്സരം, അഹംഭാവപ്രകടനം തുടങ്ങിയവ തൊട്ടുതീണ്ടരുത്. ആഘോഷങ്ങൾ മനുഷ്യർക്കുവേണ്ടിയാവുമ്പോഴാണ് അവയിൽ സ്നേഹം, ഒരുമ, മിതത്വം, എളിമ, കരുതൽ തുടങ്ങിയവയൊക്കെ നിറഞ്ഞുനിൽക്കുക. പരസ്പരം ആശംസകൾ നേർന്നും മനുഷ്യമനസ്സുകളിൽ നല്ല ചിന്തകൾ വിതച്ചും പരസ്പരം പ്രോത്സാഹനം നൽകാൻ ആഘോഷങ്ങൾ സഹായകമാണ്.

## വിവാഹം

വിവാഹം ഏറ്റവും പരിപാവനമായ ഒരു ചടങ്ങാണ്. മനുഷ്യന്റെ ലൈംഗിക സന്മാർഗികതയ്ക്ക് സഹായകമാണല്ലോ അത്. വിവാഹമെന്ന മഹത്തായ കർമത്തിന്റെ ആത്മാവ് നികാഹാണ്. വിവാഹം ചെയ്യുന്ന പുരുഷൻ, വധു, വധൂപിതാവ് (വലിയ്യ്), വരൻ വധുവിന് നല്കേണ്ട വിവാഹമൂല്യം (മഹ്ർ), നീതിമാന്മാരായ രണ്ട് സാക്ഷികൾ ഇത്രയുമാണ് ഒരു വിവാഹത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങൾ. സാക്ഷികളുടെ സാന്നിധ്യത്തിൽ ‘എന്റെ മകളെ താങ്കൾക്ക് വിവാഹം ചെയ്തുതന്നിരിക്കുന്നു’ എന്ന വലിയ്യിന്റെ വാക്കും ‘ഞാൻ അത് സ്വീകരിച്ചിരിക്കുന്നു’ എന്ന വരന്റെ വാക്കും ചേർന്നാൽ ഒരു വിവാഹമായി.

വിവാഹമെന്നത് രണ്ട് വ്യക്തികളുടെ സ്വകാര്യജീവിത



**വിവാഹം ഇന്ന് ധൂർത്തിന്റെ പര്യായമായി മാറിയിരിക്കുന്നു. ക്ഷണക്കത്ത് മുതൽ തുടങ്ങുന്നു ധൂർത്ത്. വീടുകാണൽ, അറ കാണൽ, മോതിരമിടൽ, മിഠായി കൊടുക്കൽ, അടുപ്പുകാണൽ, വയറുകാണൽ, പ്രസവത്തിന് കൂട്ടിക്കൊണ്ടുപോകൽ ഇങ്ങനെ നീണ്ടുപോകുന്നു വിവാഹസംബന്ധമായ മാമൂലുകൾ. വിവാഹാഘോഷത്തിന് ചില സമ്പന്നർ കോടികളാണ് ചെലവഴിക്കുന്നത്. ഭക്ഷണം പാഴാക്കിയും പടുകൂറ്റൻ പന്തലിട്ടും പാട്ടും കൂത്തും ഗാനമേളയും നടത്തിയും ആഡംബരത്തിന്റെ തേരിലേറിയാണ് പുതിയ കാലത്ത് പല വിവാഹങ്ങളും നടക്കുന്നത്.**

പങ്കാളിത്തമാണെങ്കിലും അത് പരസ്യപ്പെടുത്താൻ നബി(സ) നിർദ്ദേശിച്ചിട്ടുണ്ട്.

ബന്ധുക്കളും സുഹൃത്തുക്കളും കുടുംബത്തിലെ വേണ്ടപ്പെട്ടവരും നവദമ്പതികൾക്ക് ആശംസയർപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാൻ പ്രവാചകർ(സ) പഠിപ്പിച്ചു. സന്തോഷത്തിന്റെ ഈ അസുലഭ മുഹൂർത്തത്തിൽ ഭക്ഷണവിഭവങ്ങൾ നൽകുന്നതും നബി(സ) ഇഷ്ടപ്പെട്ടിരുന്നു.

ഒരുകാലത്ത്, പന്തൽനിർമ്മാണം മുതൽ വിവാഹത്തിനുവേണ്ടി കൊണ്ടുവന്ന സാധനങ്ങൾ തിരികെയെത്തിക്കുന്നതു വരെയുള്ള മുഴുവൻ കാര്യങ്ങളിലും അയൽക്കാരും സുഹൃത്തുക്കളും കുടുംബക്കാരും സജീവമായി സഹകരിച്ചിരുന്ന സാമൂഹിക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന ആഘോഷമായിരുന്നു വിവാഹം.

വിവാഹം ഇന്ന് ധൂർത്തിന്റെ പര്യായമായി മാറിയിരിക്കുന്നു. ക്ഷണക്കത്ത് മുതൽ തുടങ്ങുന്നു ധൂർത്ത്. വീടുകാണൽ, അറ കാണൽ, മോതിരമിടൽ, മിഠായി കൊടുക്കൽ, അടുപ്പുകാണൽ, വയറുകാണൽ, പ്രസവത്തിന് കൂട്ടിക്കൊണ്ടുപോകൽ ഇങ്ങനെ നീണ്ടുപോകുന്നു വിവാഹസംബന്ധമായ മാമൂലുകൾ. വിവാഹാഘോഷത്തിന് ചില സമ്പന്നർ കോടികളാണ് ചെലവഴിക്കുന്നത്.

ഭക്ഷണം പാഴാക്കിയും പടുകൂറ്റൻ പന്തലിട്ടും പാട്ടും കൂത്തും ഗാനമേളയും നടത്തിയും ആഡംബരത്തിന്റെ തേരിലേറിയാണ് പുതിയ കാലത്ത് പല വിവാഹങ്ങളും നടക്കുന്നത്. ധൂർത്തും ദുർവ്യയവും വിവാഹ ദിവസത്തിലെ ഭക്ഷണത്തിൽ തീരുന്നില്ല. വിവാഹത്തലേന്ന് കൊണ്ടാടുന്ന ആഘോഷം പലപ്പോഴും മദ്യസൽക്കാരത്തിലാണ് സമാപിക്കുന്നത്. പുതിയാപ്പിളയെ അനുഗമിക്കുന്ന ലക്കുകെട്ട സംഘം വധൂഗൃഹത്തിൽ കാട്ടിക്കൂട്ടുന്ന കോമാളിത്തങ്ങൾ വാക്കുകൾക്കതീതമാണ്. വധൂവരന്മാരുടെ വാഹനം തടഞ്ഞുനിർത്തി റോഡിലൂടെ നടത്തിച്ചും കീറിയ ചെരുപ്പുകൾ ധരിപ്പിച്ചും സൈക്കിൾ ചവിട്ടിച്ചും ഗുഡ്സ് വണ്ടിയിലും ജെ.സി.ബിയിലും കയറ്റിയും വഴിനീളെ പടക്കം പൊട്ടിച്ചും സദാചാരത്തിന്റെ സർവ്വ സീമകളും ലംഘിച്ചാണ് പല വിവാഹങ്ങളും പൊടിപൊടിക്കുന്നത്.

വിവിധ മതസാമൂഹിക സംഘടനകൾ വിവാഹധൂർത്തിനെതിരെ നിരന്തരം ഉണർത്തിയിട്ടും വിവാഹധൂർത്ത് വ്യാപകമാകുന്നതിനു പിന്നിൽ കമ്പോളകേന്ദ്രീകൃതമായ വ്യവസ്ഥിതിയും കേരളജനതയെ ആഴത്തിൽ ബാധിച്ച ഉപഭോഗതൃഷ്ണയും പ്രകടമാണ്.

ആർഭാട വിവാഹങ്ങളുടെ കലികാലത്ത് ചിലർ സൃഷ്ടിക്കുന്ന നല്ല മാതൃകകൾ ശ്രദ്ധേയമാണ്. വിവാഹദിനത്തിലെ ആർഭാടവും ആഘോഷവും ഒഴിവാക്കി മൂവാറ്റുപുഴയിലെ ഒരു കുടുംബം വിവാഹച്ചെലവിനായി മാറ്റിവെച്ച ആറു ലക്ഷം രൂപ വീടില്ലാതെ, കുടിലിൽ കഴിഞ്ഞിരുന്ന ഒരു കുടുംബത്തിന് അടച്ചുറപ്പുള്ള വീടെന്ന സ്വപ്നം സഫലമാക്കാൻ സഹായിച്ച വാർത്ത സന്തോഷദായകമാണ്. വിവാഹദിവസം തന്നെ അവർക്കുള്ള വീടിന്റെ താക്കോൽദാനവും

നിർവഹിച്ച് അവർ മാതൃകയായി. സമൂഹത്തിലെ മത-രാഷ്ട്രീയ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ഇത്തരത്തിലുള്ള നന്മകൾക്കു വേണ്ടി യോജിച്ചുനീങ്ങിയാൽ വളരെ വലിയ മാറ്റങ്ങൾ സാധ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## പെരുന്നാൾ

ഇസ്‌ലാമിലെ രണ്ടു പെരുന്നാളുകൾ ത്യാഗനിർഭരമായ രണ്ട് ആരാധനകളുമായി ബന്ധപ്പെട്ടുവരുന്ന സന്തോഷ സുദിനങ്ങളാണ്. ഒരു മാസക്കാലത്തെ വ്രതാനുഷ്ഠാനത്തിന്റെ പര്യവസാനമായാണ് ചെറിയ പെരുന്നാൾ ആഗതമാകുന്നത്. മഹത്തായ ഹജ്ജ് കർമ്മത്തോടനുബന്ധിച്ചാണ് ബലിപെരുന്നാൾ കടന്നുവരുന്നത്. ഇബ്‌റാഹീം നബി(അ)യുടെയും പുത്രൻ ഇസ്മാഈൽ നബി(അ)യുടെയും ഹാജർബീവി(റ)യുടെയും ത്യാഗനിർഭരമായ ജീവിതത്തിന്റെ ഓർമകളുണർത്തുന്നു ബലിപെരുന്നാൾ.

വാർധക്യത്തിൽ തനിക്ക് പിറന്ന കുഞ്ഞിനെ അല്ലാഹുവിന്റെ കൽപന പ്രകാരം ബലി നൽകാൻ സന്നദ്ധനായ ഇബ്‌റാഹീം നബി(അ)യുടെയും തന്നെ ബലി കൊടുക്കുന്നതിന് സർവാത്മനാ അനുസരണം പ്രകടിപ്പിച്ച ഇസ്മാഈൽ(അ)യുടെയും ത്യാഗമാണ് വിശ്വാസികൾക്ക് ബലി പെരുന്നാൾ നൽകുന്ന സന്ദേശം. ഇഷ്ടപ്പെട്ടതെന്തും അല്ലാഹുവിനു വേണ്ടി ത്യജിക്കാനുള്ള വിശ്വാസിയുടെ സന്നദ്ധതയാണ് ഈ ആഘോഷത്തിലൂടെയും ബലി കർമത്തിലൂടെയും നാം പ്രകടമാക്കുന്നത്.

സാമൂഹികമായും സാംസ്കാരികമായും അപചയങ്ങളുടെ ഘോഷയാത്രയായിരുന്ന ജാഹിലിയ്യാ കാലത്തെ ആഘോഷ രീതികൾ പൊളിച്ചെഴുതിക്കൊണ്ടാണ് ഇസ്‌ലാം രണ്ട് പ്രധാന ആഘോഷങ്ങൾ അവതരിപ്പിച്ചത്. ആരാധനയുടെ വ്യത്യസ്ത തലങ്ങൾ ഉൾക്കൊള്ളുന്നതാണ് വിശ്വാസിയുടെ പെരുന്നാൾ.

കൃത്യമായ ലക്ഷ്യവും സന്ദേശവുമുള്ളതാണ് ഇസ്‌ലാമിലെ പെരുന്നാൾ ആഘോഷം. ബന്ധങ്ങൾ പുതുക്കുകയും അറ്റുപോയ ബന്ധങ്ങളെ വിളക്കിച്ചേർക്കുകയും ചെയ്യാനാണ് പെരുന്നാളാഘോഷത്തെ നാം ഉപയോഗപ്പെടുത്തേണ്ടത്. അതേസമയം ജീവിതലക്ഷ്യം മറക്കാതെയും സ്രഷ്ടാവിന്റെ വിധിവിലക്കുകൾക്കെതിരാകാതെയും വിനോദങ്ങളിലേർപ്പെടുന്നതിൽ തെറ്റുമില്ല. ഈദ് ദിനത്തിൽ ആഇശ(റ)യുടെ വീട്ടിൽ വച്ച് പെൺകുട്ടികൾ പാട്ട് പാടുകയും നബി(സ) അത് കേൾക്കുകയും ചെയ്ത സംഭവം ഹദീസ് ഗ്രന്ഥങ്ങളിലുണ്ട്.

ഇസ്‌ലാം നിരോധിച്ച വസ്ത്രങ്ങളും വസ്ത്രധാരണരീതിയും പെരുന്നാൾ ആഘോഷത്തിന്റെ പേരിൽ സ്വീകരിക്കാൻ പാടില്ല. ധൂർത്ത്, അഹങ്കാരം, പൊങ്ങച്ചം മുതലായവ പ്രകടിപ്പിക്കുന്ന വസ്ത്രങ്ങളും ധരിക്കരുത്. എല്ലാ കാര്യത്തിലും സമൂഹത്തിൽ

കൃത്യമായ ലക്ഷ്യവും സന്ദേശവുമുള്ളതാണ് ഇസ്‌ലാമിലെ പെരുന്നാൾ ആഘോഷം. ബന്ധങ്ങൾ പുതുക്കുകയും അറ്റുപോയ ബന്ധങ്ങളെ വിളക്കിച്ചേർക്കുകയും ചെയ്യാനാണ് പെരുന്നാളാഘോഷത്തെ നാം ഉപയോഗപ്പെടുത്തേണ്ടത്. അതേസമയം ജീവിതലക്ഷ്യം മറക്കാതെയും സ്രഷ്ടാവിന്റെ വിധിവിലക്കുകൾക്കെതിരാകാതെയും വിനോദങ്ങളിലേർപ്പെടുന്നതിൽ തെറ്റുമില്ല.



പ്രയാസപ്പെടുന്നവർക്ക് കൈത്താങ്ങായി വർത്തിക്കാൻ പെരുന്നാളിലും കഴിയണം. തന്റെ മക്കൾക്ക് പുതുവസ്ത്രം വാങ്ങിക്കൊടുക്കുമ്പോൾ അയൽപക്കത്തുള്ള പാവപ്പെട്ടവന്റെ കുട്ടികൾക്കും വസ്ത്രം വാങ്ങിക്കൊടുക്കാൻ സമ്പന്നനായ മുസ്‌ലിം സന്മനസ്സ് കാണിക്കണം. പരസ്പരം കാരുണ്യത്തിലും ഗുണകാംക്ഷയിലും വർത്തിക്കേണ്ടവരാണ് മുസ്‌ലിംകൾ എന്ന സന്ദേശമാണ് ഈദ് നൽകുന്നത്.

### തിരഞ്ഞെടുപ്പ് വിജയാഘോഷം

തെരഞ്ഞെടുപ്പും തെരഞ്ഞെടുപ്പിലെ ജയപരാജയങ്ങളുമെല്ലാം സാധാരണമാണ്. തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന പാർട്ടിക്കാർക്ക് തങ്ങളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായുണ്ടായ സന്തോഷം പ്രകടിപ്പിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതിലും പരിധി വിടാൻ പാടില്ല.

വിശ്വാസിയെ സംബന്ധിച്ചിടത്തോളം എല്ലാ ആഘോഷവും മതത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാവണം. ഹറാമായ വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള വിജയാഘോഷ റാലിയിൽ അണിനിരക്കലും സമൂഹനൃത്തം ചെയ്യലുമെല്ലാം മതദൃഷ്ടിയിൽ നിഷിദ്ധം തന്നെയാണ്. കൈമണിയും വീണവായനയും കമ്പിമീട്ടലുമൊക്കെ ഇസ്‌ലാമിക വീക്ഷണത്തിൽ ഹറാമാണ്.

ഈയിടെ തെരഞ്ഞെടുപ്പുവേളകളിൽ സ്ത്രീകളുടെ പൊതുരംഗ പ്രവേശം വ്യാപകമായിട്ടുണ്ട്. സ്ത്രീകളുടെ അഴിഞ്ഞാട്ടം കുത്തഴിഞ്ഞ സാമൂഹ്യജീവിതത്തിന് വഴി തുറക്കുമെന്നതിൽ സംശയമില്ല. അന്യസ്ത്രീ പുരുഷന്മാർ ഇടകലർന്നുള്ള സംഗമങ്ങളും കവലകളിൽ അന്യപുരുഷന്മാരെ അഭിസംബോധന ചെയ്തു പ്രസംഗിക്കുന്നതും വാഹനങ്ങളിൽ അനൗൺസ്മെന്റ് നടത്തുന്നതും അങ്ങാടികളിൽ ഇറങ്ങി പോസ്റ്റർ പതിക്കുന്നതും സ്ത്രീകളെ ഒപ്പം നിർത്തി ഫോട്ടോക്ക് പോസ് ചെയ്യുന്നതും സ്ത്രീപുരുഷ സമ്മിശ്ര സദസ്സുകൾ സംഘടിപ്പിക്കുന്നതും സ്റ്റേജിലും സദസ്സിലും സ്ത്രീപുരുഷന്മാർ ചേർന്നിരിക്കുന്നതുമെല്ലാം തെരഞ്ഞെടുപ്പിന്റെ പേരിലായാലും അല്ലെങ്കിലും വിശ്വാസികൾക്കു പാടില്ലാത്ത കാര്യങ്ങൾ തന്നെയാണ്.

സ്ത്രീപുരുഷന്മാർ പരസ്പരം ബോധപൂർവ്വമുള്ള ദർശനം പോലും വിലക്കിയ മതമാണല്ലോ ഇസ്‌ലാം. തിരഞ്ഞെടുപ്പ് പര്യടനവേളകളിലും വിജയാഹ്ലാദവേളയിലും പരസ്പര ദർശനവും സ്പർശനവും നടക്കുന്നത് ഒരു നിലക്കും വിശ്വാസിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതല്ല. ഇത്തരത്തിലുള്ള അനിസ്‌ലാമിക നീക്കങ്ങൾ രാഷ്ട്രീയത്തിന്റെ മറവിൽ സ്ത്രീ സമൂഹത്തിലേക്ക് സന്നിവേശിപ്പിക്കാനുള്ള ചിലരുടെ ബോധപൂർവ്വമായ ശ്രമങ്ങളെ വിശ്വാസികൾ ഗൗരവപൂർവ്വം കണക്കിലെടുക്കണം.

? ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽഹകീമിൽ കനാഫലി

# മുഹർറം ആഘോഷം

***ചോദ്യം: എന്തുകൊണ്ടാണ് നമ്മുടെ മദ്ഹബിൽ തൽഖീൻ ഇല്ലാത്തത്?***
***അബ്ദുൽ ഖാദർ, പാലക്കാട്***

ഉത്തരം: ഹനഫീ മദ്ഹബ് വീക്ഷണത്തിലും തൽഖീൻ ചൊല്ലൽ പുണ്യമുള്ളതാണ്. 'മയ്യിത്തിനെ ഖബറിൽ അടക്കം ചെയ്ത ശേഷം തൽഖീൻ ചൊല്ലാൻ ശരീഅത്ത് അനുശാസിക്കുന്നുണ്ടെന്നാണ് അഹ്‌ലുസ്സുന്നയുടെ അഭിപ്രായം. കാരണം, ഖബറിൽ വെച്ച് മയ്യിത്തിന് അല്ലാഹു ജീവൻ നൽകുന്നുണ്ടല്ലോ.' (അൽജൗഹറതുന്നയ്യിറഃ 1/318, ദുററുൽ ഹുക്കാം 2/244) മരണാനന്തരം തൽഖീൻ ചൊല്ലുന്നതിനെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ട്. തൽഖീൻ ചൊല്ലണം എന്നത് അഹ്‌ലുസ്സുന്നയുടെ അഭിപ്രായമാണ്. അതിന് എതിരു പറഞ്ഞത് മുഅ്തസിലത്ത് എന്ന ബിദ്അത്ത് വിഭാഗക്കാരാണ്. മയ്യിത്തിന് ആത്മാവും ബുദ്ധിയും മടക്കിനൽകപ്പെടുന്നതിനാൽ ചൊല്ലിക്കൊടുക്കുന്നത് മയ്യിത്ത് മനസ്സിലാക്കും. അതുകൊണ്ടാണ് തൽഖീൻ ചൊല്ലൽ നിയമമായത്. മയ്യിത്തിനു ജീവൻ ലഭിക്കുക അസംഭവ്യമാണെന്ന മുഅ്തസിലത്തിന്റെ പിഴച്ച വിശ്വാസം നിമിത്തമാണ് അവർ ഇത് നിഷേധിക്കുന്നത്. (തബ്‌യീനുൽ ഹഖാഇഖ്: 3/154-157)

***ചോദ്യം: നമ്മുടെ മദ്ഹബിൽ ഉള്ഹിയ്യത്ത് വാജിബായത് എങ്ങനെ?***
***സുലൈമാൻ, വള്ളക്കടവ്***

ഉത്തരം: വിശുദ്ധഖുർആൻ സൂറത്തുൽകൗസർ രണ്ടാം വചനത്തിൽ ബലികർമ്മത്തിനു കൽപ്പിക്കുന്നുണ്ട്. പ്രസ്തുത വചനത്തിന്റെ ഒരു വ്യാഖ്യാനം അനുസരിച്ചാണ് ഉള്ഹിയ്യത്ത് നിർബന്ധമാണെന്ന അഭിപ്രായമുണ്ടായത്. 'സാമ്പത്തികമായി കഴിവുള്ളവർ ബലികർമ്മം നിർവഹിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ നമ്മോടൊപ്പം നിസ്കരിക്കാൻ ഹാജരാകരുത്' എന്ന ഇമാം അബൂദാവൂദും മറ്റും ഉദ്ധരിച്ച ഒരു ഹദീസും ബലികർമ്മം നിർബന്ധമാണെന്നതിന് പ്രമാണമാണ്. (ഹിദായ, അൽഇനായഃ 9/107,110)

# ഹനഫീ ഫിഖ്ഹ്

***ചോദ്യം: കുളിപ്പിക്കുന്നതിനു മുമ്പായി മയ്യിത്തിന്റെ അടുക്കൽ വച്ച് ഖുർആൻ പാരായണം ചെയ്യുന്നതിന്റെ വിധിയെന്താണ്?***
***ജാബിറാ ജലാൽ, ചോറ്റുപാറ***

ഉത്തരം: കുളിപ്പിക്കുന്നതിനു മുമ്പ് മയ്യിത്തിനടുത്തു വച്ച് ഖുർആൻ പാരായണം ചെയ്യുന്നത് കറാഹത്താണ്. കുളിപ്പിച്ചതിനു ശേഷം കറാഹത്തില്ല. കുളിപ്പിക്കുന്നതിനു മുമ്പ് മയ്യിത്തിനടുത്തു വെച്ച് ഖുർആൻ പാരായണം ചെയ്യാം എന്ന് ശറഹുദ്ദുററിൽ പറഞ്ഞിട്ടുള്ളത് മരണം കൊണ്ട് മയ്യിത്ത് നജസാകുന്നില്ല എന്ന അഭിപ്രായം അടിസ്ഥാനപ്പെടുത്തിയാണ്. (ഹാശിയതു തബ്‌യീനുൽ ഹഖാഇഖ് 1/563-564) വിശുദ്ധഖുർആൻ പാരായണം ചെയ്യുന്ന സ്ഥലത്ത് കാരുണ്യത്തിന്റെ മലക്കുകൾ ഇറങ്ങുന്നതുകൊണ്ടും പാരായണം കേൾക്കുന്നതുകൊണ്ടു മയ്യിത്തിനുണ്ടാകുന്ന ആശ്വാസത്തിനും ആനന്ദത്തിനും പ്രതിഫലത്തിനും വേണ്ടിയാണ് മയ്യിത്തിന്റെയടുത്ത് ഖുർആൻ പാരായണം ചെയ്യുന്നത്. മയ്യിത്തിന്റെ അല്പം അകലെയിരുന്ന് വിശുദ്ധഖുർആൻ പാരായണം ചെയ്താലും ഈ നേട്ടങ്ങൾ മയ്യിത്തിന് ലഭിക്കുമല്ലോ. ആയതിനാൽ, മയ്യിത്ത് കുളിപ്പിക്കുന്നതിനു മുമ്പ് അല്പം അകലെ മയ്യിത്തിന് കേൾക്കാവുന്ന രീതിയിൽ ഉറക്കെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

***ചോദ്യം: മുഹർറം ഒന്നു മുതൽ പത്ത് വരെ നോമ്പനുഷ്ഠിക്കൽ സുന്നത്തുണ്ടോ? ഒമ്പത്, പത്ത് ദിവസങ്ങളിൽ മാത്രമാണോ നോമ്പ് സുന്നത്തുള്ളത്?***
***മാർജിതാ ജലാൽ, കൽപ്പറ്റ***

ഉത്തരം: മുഹർറം പത്തിനോടൊപ്പം ഒമ്പത്, പതിനൊന്ന് എന്നിവയിൽ ഒരു ദിവസം കൂടി ചേർത്ത് നോമ്പനുഷ്ഠിക്കൽ ശക്തിയായ സുന്നത്താണ്. മുഹറം മാസത്തിലെ ബാക്കിയുള്ള (ഇരുപത്തി ഏഴോ ഇരുപത്തി എട്ടോ ദിവസങ്ങളിൽ) എല്ലാ ദിവസവും നോമ്പനുഷ്ഠിക്കൽ മൻദൂബാണ്. മുഹറം മാസത്തിൽ ഏതു ദിവസം നോമ്പനുഷ്ഠിച്ചാലും ഓരോ നോമ്പിനും മുപ്പത് നന്മ പ്രതിഫലമുണ്ടെന്ന ഒരു ഹദീസ് (ത്വബ്റാനി അൽമുഅ്ജമുൽ കബീർ 11082) ഇതിന് പ്രമാണമായിട്ടുണ്ട്. (ഫതാവാ റള്‌വിയ്യ 10/652, ഫിഖ്ഹുൽ ഇബാദാത്ത് 134,136)

***ചോദ്യം: ശിയാക്കൾ ശരീരമാസകലം വേദനപ്പെടുത്തി മുഹറം ആഘോഷിക്കുന്നത് എന്തുകൊണ്ടാണ്? ഇതിന് വല്ല അടിസ്ഥാനവും ഉണ്ടോ?***
***ജലാലുദ്ദീൻ, ഇടുക്കി***

ഉത്തരം: കർബലയിൽ ശഹീദായ ഹുസൈൻ(റ)വിന്റെ മറ്റുള്ളവരുടെയും പേരിൽ അനുശോചനവും ദുഃഖപ്രകടനവും എന്ന നിലക്കാണ് ശിയാക്കൾ ഇങ്ങനെ ചെയ്യുന്നത്. മരണപ്പെട്ടവരുടെ പേരിൽ ദുഃഖാചരണവും പ്രകടനവും അനുശോചനവും പൊതുവെ ഇസ്‌ലാം വിലക്കിയിട്ടുണ്ടെന്നതിനു പുറമെ മുഹറം മാസത്തിൽ നടത്തുന്ന ശിയാക്കളുടെ ഇത്തരം പ്രവർത്തനങ്ങൾ പാടില്ലാത്തതാണെന്നും പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. (ഫതാവാ റസ്‌വിയ്യ 3/258, 10/186)

***ചോദ്യം: എന്തുകൊണ്ടാണ് ഖാദിയാനികൾ അവിശ്വാസികളാണെന്ന് പറയുന്നത്? നാം ചെയ്യുന്ന എല്ലാ ആരാധനകളും അവരും നിർവഹിക്കാറില്ലേ?***
***സ്വാലിഹ, റിയാദ്***

ഉത്തരം: വിശ്വാസപരമായ പിഴവ് കാരണമാണ് ഖാദിയാനികൾ അവിശ്വാസികളായത്. നമ്മുടെ നബി മുഹമ്മദ്(സ) അന്ത്യപ്രവാചകനാണെന്നത് വിശുദ്ധ ഖുർആനും പുണ്യഹദീസും മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഉം കൊണ്ട് ഖണ്ഡിതമായി സ്ഥിരപ്പെട്ടതാണ്. ഇത് ഇസ്‌ലാമിക വിശ്വാസങ്ങളുടെ കൂട്ടത്തിൽ അനിവാര്യമായി അറിയപ്പെട്ടതുമാണ്. ഇതിനെ നിഷേധിക്കൽ കുഫ്ർ അഥവാ, അവിശ്വാസമാണ്.

മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള ഒരു പ്രവാചകനായിട്ട് ഖാദിയാനികൾ അവരുടെ നേതാവായ മീർസാഗുലാം അഹ്മദ് ഖാദിയാനിയെ വിശ്വസിക്കുന്നു. ഇങ്ങനെ മുഹമ്മദ് നബി(സ)യുടെ അന്ത്യപ്രവാചകത്വത്തെ നിഷേധിക്കുന്നതുകൊണ്ടാണ് ലോകമെമ്പാടുമുള്ള മുസ്‌ലിംകൾ ഖാദിയാനികളെ അവിശ്വാസികളായി ഗണിക്കുന്നത്.



നോവൽ

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂ

19

# നന്മയുമായി വന്ന രണ്ടുപേർ

വരുമ്പോഴൊക്കെ ജമീലക്ക് പറയാനുണ്ടായിരുന്നത് ദുഃഖകഥകൾ മാത്രമാണ്. കെട്ടിയോൻ കുടിച്ചു പൂസായി വന്നു മർദ്ദിച്ചത്, മക്കളെ തല്ലിയത്, പാത്രങ്ങൾ വലിച്ചെറിഞ്ഞത്, ബഹളമുണ്ടാക്കിയത്, അയൽക്കാരുടെ മുമ്പിൽ നാണംകെട്ടത്... ഇങ്ങനെ നിരവധി കയ്പ്പുറ്റ അനുഭവകഥകൾ! നല്ല വർത്തമാനങ്ങളൊന്നും അവൾ കൊണ്ടുവരാറില്ല. സന്തോഷിപ്പിക്കുന്നതൊന്നും അവൾ പറയാറുമില്ല. കുറെ വേദനകൾ പങ്കുവെച്ച് അവളങ്ങ് പോകും. അങ്ങനെ അവൾക്കിത്തിരി മനസ്സമാധാനം ലഭിക്കുന്നുണ്ടാവും. ദുഃഖങ്ങൾ പങ്കുവെച്ചാൽ പകുതിയായി കുറയുമെന്നാണല്ലോ!

എന്നാൽ, അവൾ ഇട്ടേച്ചുപോകുന്ന ദുഃഖങ്ങൾ പിന്നെ ഈ റസിയയുടെ വേദനകളാവുന്നല്ലോ. അവളുടെ വിഷമങ്ങളോർത്ത് ഉറക്കം വരാതെ എത്രയെത്ര രാവുകൾ! അവളുടെ ദുഃഖങ്ങളോർക്കുമ്പോൾ ഞാൻ അനുഭവിക്കുന്നത് ഒന്നുമല്ലെന്നും ചിലപ്പോൾ തോന്നിയിട്ടുണ്ട്.

അൽഹംദുലില്ലാഹ്! അവളിപ്പോൾ ഒരു സന്തോഷവാർത്തയുമായാണ് വന്നിരിക്കുന്നതെന്നാണല്ലോ പറഞ്ഞത്. അതു പറയാൻ എന്തിനാണ് ഇങ്ങനെയൊരു ആമുഖം? പെട്ടെന്നങ്ങ് പറഞ്ഞുകൂടേ?

'റസിയക്കുട്ട്യേ, നിന്റെ മുഖമെന്താ വല്ലാതായിരിക്ക്ണ്? ഞാൻ സന്തോഷവാർത്തയുണ്ടെന്നു പറഞ്ഞിട്ടും നിന്റെ മുഖത്തൊരു തെളിവില്ലല്ലോ. ഇക്കാക്കയുടെ വിശേഷം വല്ലതും...?'

ഇരു കൈകളും ചുമലിൽ വച്ച് ഒന്നു കുലുക്കിയപ്പോഴാണ്



ആലോചനകൾ മുറിഞ്ഞത്.

'ഒന്നുമില്ല, ഞാൻ കഴിഞ്ഞ കാല കഥകൾ ഓരോന്ന് ഓർത്തു പോയതാ.'

'ഇനി അതൊന്നും ഓർക്കേണ്ടെടീ. അതൊക്കെ കഴിഞ്ഞു പോയില്ലേ? ആളിപ്പോൾ വല്ലാതെ മാറിക്കഴിഞ്ഞു.'

'ങേ?'

'അതേടീ. ഇപ്പോ കുടിക്കാറില്ല. അതുകൊണ്ടുതന്നെ അടിക്കാറുമില്ല. പകൽ പണിക്കുപോകും. ഇരുട്ടുമ്പോഴേക്കും വീട്ടിലെത്തും. പള്ളിയിൽ പോയി നിസ്കരിക്കും. എല്ലാം നല്ല മട്ടിലാണ്.'

'നേരോ, എന്നിട്ട് ഇതുവരെ നീ ഈ നല്ല വർത്തമാനങ്ങളൊന്നും എന്നോട് പറഞ്ഞില്ലല്ലോ.'

അല്പം പരിഭവത്തോടെയാണ് ചോദിച്ചത്.

'അതേയ്, മാറ്റങ്ങൾ വന്നുതുടങ്ങിയിട്ട് ഒന്നു രണ്ടുമാസമായി. എനിക്ക് പ്രതീക്ഷയില്ലായിരുന്നു, ആ മാറ്റം അധികകാലം നീണ്ടുനിൽക്കുമെന്ന്. അതുകൊണ്ടാ പറയാതിരുന്നത്. എന്നാലിപ്പോൾ തോന്നുന്നു, ഇനി ആ വൃത്തികേടുകളിലേക്കൊന്നും മൂപ്പര് തിരിച്ചുപോവില്ലെന്ന്. അത്രയും വലിയ മാറ്റമാ വന്നിരിക്കുന്നത്.'

'മാശാഅല്ലാഹ്! എങ്ങനെ സാധിച്ചെടീ ജമീലാ ഇത്?'

സന്തോഷത്തോടെ അണച്ചുകൂട്ടിക്കൊണ്ട് ചോദിച്ചപ്പോൾ അവളൊന്നു വിതുമ്പി. തോളിൽ മുഖമമർത്തിക്കരഞ്ഞു. കണ്ണീർ ചുമലുകളെ നിനയ്ക്കുന്നുണ്ടായിരുന്നു. ഈ കണ്ണീർ സന്തോഷത്തിന്റേതാണല്ലോ. മനസ്സിലെ വേദനകൾ കണ്ണീരിലൂടെ എത്ര വട്ടമാണ് എന്റെ ചുമലിൽ അവൾ ഒഴുക്കിവിട്ടത്! ഇപ്പോഴിതാ സന്തോഷക്കണ്ണീർ കൊണ്ട് അവളെന്റെ ചുമലിനെയും ഒപ്പം മനസ്സിനെയും കുളിരണിയിക്കുന്നല്ലോ.

മഴ അപ്പോഴും തിമർത്തുപെയ്യുകയാണ്. ആകാശത്തിന്റെ കണ്ണീരാണ് മഴയെങ്കിൽ ആകാശം എന്തിനാണ് കരയുന്നത്? ഭൂമിയിൽ മനുഷ്യരുടെ കണ്ണീരു കണ്ടിട്ടോ, അതോ മനുഷ്യർ ചെയ്തുകൂട്ടുന്ന നെറികേടുകൾ കണ്ടിട്ടോ? ഒന്നുമല്ല, പടച്ചവന്റെ റഹ്മത്താണല്ലോ മഴ. കോടാനുകോടി ജീവജാലങ്ങൾക്ക് അന്നവും വെള്ളവും നൽകാൻ പടച്ചവൻ കനിഞ്ഞരുളുന്ന മഴ!

ഏറെനേരം കരഞ്ഞ് ജമീല കണ്ണുകൾ തുവർത്തി. അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു; മഴക്കാറുകൾക്കിടയിൽ നിന്ന് എത്തിനോക്കുന്ന അമ്പിളിമാമനെപ്പോലെ! അവളുടെ മുഖം ദുരിതങ്ങൾ സഹിച്ചുസഹിച്ച് ഇരുണ്ടുപോയിരുന്നു. ആ മുഖത്തിപ്പോൾ പ്രകാശം പരന്നിരിക്കുന്നു!

അതിശയത്തോടെ ആ മുഖത്തേക്കങ്ങനെ നോക്കിനിന്നപ്പോൾ ജമീല സംസാരിക്കാൻ തുടങ്ങി: 'റസിയക്കുട്ടീ, നീ ചോദിച്ചല്ലോ അതെങ്ങനെ സാധ്യമായെന്ന്. അസാധ്യമെന്ന് ഞാനും കരുതിയതായിരുന്നു. പ്രതീക്ഷകൾ നഷ്ടപ്പെട്ടതായിരുന്നു. എങ്കിലും ആ പിടിവള്ളിയുണ്ടല്ലോ, പ്രാർത്ഥന! അത് ഞാൻ ഒരിക്കലും കൈവിട്ടിരുന്നില്ല. എല്ലാ നിസ്കാരശേഷവും പാതിരാത്രിയിൽ തഹജ്ജുദിനു ശേഷം ഞാൻ കണ്ണീരൊഴുക്കി ദുആ ഇരന്നുകൊണ്ടിരുന്നു, ദുഃസ്വഭാ



**'അതേയ്, മാറ്റങ്ങൾ വന്നുതുടങ്ങിയിട്ട് ഒന്നു രണ്ടുമാസമായി. എനിക്ക് പ്രതീക്ഷയില്ലായിരുന്നു, ആ മാറ്റം അധികകാലം നീണ്ടുനിൽക്കുമെന്ന്. അതുകൊണ്ടാ പറയാതിരുന്നത്. എന്നാലിപ്പോൾ തോന്നുന്നു, ഇനി ആ വൃത്തികേടുകളിലേക്കൊന്നും മൂപ്പര് തിരിച്ചുപോവില്ലെന്ന്. അത്രയും വലിയ മാറ്റമാ വന്നിരിക്കുന്നത്.'**

വങ്ങളിൽ നിന്നദ്ദേഹത്തെ രക്ഷപ്പെടുത്താൻ. പടച്ചവൻ നമ്മുടെ ദുആ സ്വീകരിച്ചു. അടിയാറുകളുടെ പ്രാർത്ഥനകളെല്ലാം തട്ടിക്കളയുന്നവനല്ലല്ലോ അവൻ. അങ്ങനെ അവൻ അയച്ചതാണ് രണ്ടു ഉസ്താദുമാരെ, അങ്ങേരെ രക്ഷിക്കാൻ.'

'ഉസ്താദുമാരെയോ?'

'അതേടീ. അതും ഒരു കഥയാണ്. മൂത്തമോനെ ഞാൻ ദഅ്വകോളേജിൽ ചേർത്ത വിവരം പറഞ്ഞിരുന്നല്ലോ.'

'അതിപ്പോ രണ്ടു കൊല്ലായില്ലേ?'

'രണ്ടുകൊല്ലം കഴിഞ്ഞു. വീട്ടിൽ നിന്ന് ആ തെറിവാക്കുകളും ദുഃസ്വഭാവങ്ങളും പഠിക്കേണ്ടെന്നു കരുതിയാ ഹാദിമോനെ ദഅ്വാ കോളേജിലേക്കു പറഞ്ഞയച്ചത്. മോനെ പിരിഞ്ഞിരിക്കാൻ ഒട്ടും മനസ്സില്ലായിരുന്നു. എന്നാലും, അവന്റെ ഭാവിയോർത്ത് വിട്ടതാണ്. മൂപ്പരന്ന് അതിന് കുറെ ചീത്ത പറഞ്ഞു. വീട്ടിൽ കുഴപ്പമുണ്ടാക്കി. പക്ഷേ, ഞാൻ തോറ്റുകൊടുത്തില്ല. 'നിങ്ങളെപ്പോലെ നശിക്കാൻ ഞാൻ എന്റെ മക്കളെ വിട്ടുകൊടുക്കില്ല' എന്ന് തീർത്തുപറഞ്ഞു. പിന്നെ അതിന്റെ പേരിലായി തല്ലും ചീത്തയുമെല്ലാം. എല്ലാം ഞാൻ സഹിച്ചു. മോനെ ചേർത്താൻ പോയതും ഇടയ്ക്കിടെ വീട്ടിലേക്കു കൂട്ടാൻ പോകാറുള്ളതും ഞാൻ തന്നെയാണ്. ഉപ്പയെക്കുറിച്ച് അവർ ചോദിക്കുമ്പോൾ ഞാൻ പറഞ്ഞിരുന്നത്, പണിത്തിരക്കായതു കൊണ്ടാ വരാത്തതെന്നാണ്.

ഉസ്താദാണ് പിന്നെ മോനോട് കഥകളെല്ലാം ചോദിച്ചറിഞ്ഞത്. ഉപ്പയുടെ സ്വഭാവങ്ങൾ അവൻ പറഞ്ഞിട്ടുണ്ടാവും. ഒരു ദിവസം രണ്ട് ഉസ്താദുമാർ വീട്ടിൽ വന്നു. അവർ കാര്യങ്ങൾ ചോദിച്ചപ്പോൾ ഞാൻ എല്ലാം തുറന്നുപറഞ്ഞു. 'ഞങ്ങളൊന്നു നോക്കട്ടെ, മൂപ്പരെ നന്നാക്കാൻ കഴിയുമോന്ന്' എന്നു പറഞ്ഞാണവർ പോയത്. പോകുമ്പോൾ മനസ്സറിഞ്ഞ് ദുആ ഇരയ്ക്കാനും പറഞ്ഞു.

'ഉസ്താദുമാര് കുടിയന്മാരെക്കണ്ട് അവരുടെ കൂടെയിരുന്ന് ചായ കുടിക്ക്വേം കഥ പറയ്യേം ചെയ്തത്രെ. ഇടയ്ക്കിടെ അവര് കാണാൻ വര്ണ്ണ്ട് പോലും! ഇങ്ങനെ തെമ്മാടികളോടൊപ്പം നടക്കാണെങ്കില് ഇനി അടിച്ചോടിക്കുമെന്നാണത്രെ നാട്ടിലെ ചിലര് പറയ്ണത്. അതല്ല, അവര് ഇവരെ ഉപദേശിച്ച് നന്നാക്കാൻ വന്നതാണെന്നും ചിലര് പറയ്ണ്ണ്ട്. ഇതൊക്കെ അങ്ങാടിയിലിപ്പോ വലിയ തർക്കമാത്രെ.'

ഒന്നു രണ്ടാഴ്ച കഴിഞ്ഞതേയുള്ളൂ, അയലത്തെ നബീസത്തയാണ് ചോദിച്ചത്:

'അല്ലെടീ, അന്റെ കെട്ടിയോനെ കാണാൻ രണ്ട് ഉസ്താദുമാർ വന്നുവെന്ന് കേട്ടല്ലോ. ഏതാണവര്? കുടിയന്മാരോടൊക്കെ ഉസ്താദുമാർക്ക് ബന്ധപ്പെടാൻ പറ്റുമോ? അതൊക്കെ മോശല്ലേ?'

അവരുടെ വർത്തമാനം കേട്ടപ്പോഴാണ് രണ്ടുമൂന്നു ദിവസം മുമ്പ് മൂപ്പര് കുടിച്ചുവന്ന് ചൂടായിപ്പറഞ്ഞ വാക്കുകൾ ഓർത്തത്: 'ങ്ഹും! ഉസ്താദുമാര്... ഓര് പോയി തുലയട്ടെ! ഓരും ഓരെയൊരു പടച്ചോനും സ്വർഗ്ഗവും നരകവും...! മനുഷ്യരെ എടങ്ങേറാക്കാനായി ഓരോന്ന്... ഓരോട് പറഞ്ഞേക്ക്, എന്നെ നന്നാക്കാൻ വരേണ്ടാന്ന്! ഇനിയും വന്നാൽ അടിച്ചുകാലൊടിക്കുമെന്ന്.'

ഇങ്ങനെ രാത്രി മുഴുവൻ തെറിയായിരുന്നു. അതിന്റെ പൊരുള് ഇപ്പോഴാണ് പിടികിട്ടിയത്. നബീസതാത്തയോട് എന്തു പറയണമെന്നറിയാതെ നിന്നു. അപ്പോൾ അവര് നാട്ടിൽ നടക്കുന്ന വർത്തമാനങ്ങൾ പലതും പറഞ്ഞു:

'ഉസ്താദുമാര് കുടിയന്മാരെക്കണ്ട് അവരുടെ കൂടെയിരുന്ന് ചായ കുടിക്ക്വേം കഥ പറയ്യേം ചെയ്തത്രെ. ഇടയ്ക്കിടെ അവര് കാണാൻ വര്ണ്ണ്ട് പോലും! ഇങ്ങനെ തെമ്മാടികളോടൊപ്പം നടക്കാണെങ്കില് ഇനി അടിച്ചോടിക്കുമെന്നാണത്രെ നാട്ടിലെ ചിലര് പറയ്ണത്. അതല്ല, അവര് ഇവരെ ഉപദേശിച്ച് നന്നാക്കാൻ വന്നതാണെന്നും ചിലര് പറയ്ണ്ണ്ട്. ഇതൊക്കെ അങ്ങാടിയിലിപ്പോ വലിയ തർക്കമാത്രെ.'

എന്തായാലും ന്റെ റസിയക്കുട്ട്യേ, ദിവസങ്ങൾ കഴിഞ്ഞപ്പോൾ മൂപ്പര് വല്ലാതെയങ്ങ് മാറി. കുടി നിർത്തി. കുടിക്കമ്പനി വിട്ടു. പിന്നെ, ഉസ്താദുമാരെത്തേടി അങ്ങോട്ട് പോകാറുണ്ടായിരുന്നുവെന്നും കേട്ടു. വീട്ടിൽ വന്നാലോ, ഒന്നും മിണ്ടൂല. അങ്ങനെയിരിക്കും. എന്തു ചോദിച്ചാലും മൗനം. എന്നെ കാണുമ്പോൾ തലകുനിച്ച് ഇരുന്നുകളയും. അടുത്തിരുന്നാലൊന്നും മൈൻഡ് ചെയ്യൂല. അങ്ങനെ ദിവസങ്ങൾ പിന്നെയും കഴിഞ്ഞു. ഒരു വെള്ളിയാഴ്ചരാവ്... ഞാൻ ഇശാ നിസ്കരിച്ച് ദുആ ഇരയ്ക്കുമ്പോഴാണ് പുറത്ത് കാൽപ്പെരുമാറ്റം കേട്ടത്. വാതിൽ തുറന്നുനോക്കുമ്പോൾ മൂപ്പര്... പിന്നിൽ രണ്ടുസ്താദുമാരും!'

(തുടരും)

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# വനിതാ സ്ഥാപനത്തിലെ ജമാഅത്ത്

***ചോദ്യം: പഴപ്പോഴും യാത്രയിലും മറ്റുമൊക്കെ ഒരു നിസ്കാരത്തിനുള്ള ഒന്നിലേറെ ബാങ്കുവിളികൾ കേൾക്കാറുണ്ട്. ചിലപ്പോൾ ഒന്ന് കഴിഞ്ഞതിനുശേഷമായിരിക്കും മറ്റൊന്ന് കേൾക്കുന്നത്. എങ്കിൽ, എല്ലാ ബാങ്കുകൾക്കും ഇജാബത്ത് ചെയ്യേണ്ടതുണ്ടോ? ഒന്നാം ബാങ്കിനു മാത്രം ഇജാബത്ത് മതിയാകുമോ?***

**ഉത്തരം:** ഒരു ബാങ്കിനു പിറകെ മറ്റൊന്നായി ഒന്നിലേറെ ബാങ്കുകൾ കേട്ടാൽ ഒന്നാം ബാങ്കിന് മാത്രമല്ല; എല്ലാ ബാങ്കുകൾക്കും ഇജാബത്ത് ചെയ്യൽ സുന്നത്താണ്. എന്നാൽ, ഒന്നാം ബാങ്കിനുള്ള ഇജാബത്ത് കൂടുതൽ മുഅക്കദും അതൊഴിവാക്കൽ കറാഹത്തുമാണ്. (ഫത്ഹുൽമുഈൻ, തുഹ്ഫ 1 – 480, നിഹായ 1/422) ഇമാം ഇബ്നുഹജർ(റ) എഴുതി: ഒന്നിനുശേഷം ഒന്നായി ഒന്നിലേറെ പേർ ബാങ്ക് വിളിച്ചാൽ എല്ലാവർക്കും ഇജാബത്ത് ചെയ്യണം. ഒന്നാമത്തേതിന് ഇജാബത്ത് ഉപേക്ഷിക്കൽ കറാഹത്താണ്. എന്നാൽ, ഒന്നിലേറെ ബാങ്കുകൾ ഒന്നിച്ചാണെങ്കിൽ ഒറ്റ ഇജാബത്ത് മതിയാകുന്നതാണ്. (ഫത്ഹുൽ ജവാദ് 1–159) അതേ സമയം, ഒന്നിലേറെ മുഅദ്ദിനുകൾ ഒന്നിച്ച് ബാങ്കു വിളിക്കുന്ന സാഹചര്യത്തിൽ അവരുടെ ശബ്ദങ്ങൾ കേൾക്കുന്നവർക്ക് വേർതിരിച്ചെടുക്കാൻ കഴിയാതെ വന്നേക്കും. ഇത് വ്യാപകമായ പ്രയാസ സാഹചര്യമാണെന്നും ആ മുഅദ്ദിനുകൾക്ക് ഇജാബത്ത് ചെയ്യൽ സുന്നത്തില്ലെന്നുമാണ് ഫുഖഹാക്കളിൽ ചിലർ പറഞ്ഞിട്ടുള്ളതെന്നും ശൈഖ് ഇസ്സുദ്ദീൻ സുന്നത്തുണ്ടെന്ന് ഫത്വ നൽകിയിട്ടുണ്ടെന്നും ഇമാം റംലി(റ) നിഹായയിൽ പറഞ്ഞിരിക്കുന്നു.

***ചോദ്യം: ഒരു വനിതാസ്ഥാപനത്തിൽ (പള്ളിയിലല്ല ) ഒന്നിച്ച് ഒരു ജമാഅത്ത് നടത്താൻ സ്ഥലസൗകര്യമില്ലാത്ത സാഹചര്യമാണുള്ളത്. അവിടെ ഒരേ സമയം രണ്ട് ഹാളുകളിൽ രണ്ട് ജമാഅത്ത് നടത്തുന്നതിന് വിരോധമുണ്ടോ?***

**ഉത്തരം:** വിരോധമില്ല. അപ്രകാരം രണ്ടു ജമാഅത്ത് നടത്താവുന്നതാണ്. പള്ളിയിൽപോലും ഒരേ സമയം രണ്ടു ജമാഅത്തുകൾ കറാഹത്താണെന്ന വിധി നിരുപാധികമല്ല. നിയമിതനായ ഇമാമുള്ള, മത്റൂക്കല്ലാത്ത പള്ളിയിൽ ഇമാമിന്റെ സമ്മതമില്ലാതെ നടത്തുമ്പോഴാണ് കറാഹത്താകുന്നത്; അല്ലെങ്കിൽ കറാഹത്തില്ല. (തുഹ്ഫ 2/253)

***ചോദ്യം: ഖുനൂതിൽ ഇമാമിന്റെ സ്വലാത്തിന് ആമീൻ പറയുകയാണോ ഇമാമിനൊപ്പം സ്വലാത്ത് ചൊല്ലുകയാണോ വേണ്ടത്? ആമീൻ പറയണമെന്നായിരുന്നു മനസ്സിലാക്കിയിരുന്നത്. എന്നാൽ സ്വലാത്തിൽ ഇമാമിനൊപ്പം പങ്കു ചേരുകയാണ് വേണ്ടതെന്ന് ഒരു പുസ്തകത്തിൽ കണ്ടു. ഇത് ശരിയാണോ?***

**ഉത്തരം:** ഖുനൂതിൽ ഇമാമിന്റെ സ്വലാത്തിന് മഅ്മൂം ആമീൻ പറയുകയാണ് വേണ്ടത്. ഇമാമിന്റെ ഖുനൂത് കേൾക്കുന്ന മഅ്മൂം അതിലെ ദുആകൾക്ക് ആമീൻ പറയണമെന്നും സ്വലാത്ത് ദുആകളിൽ പെട്ടതാണെന്നും അതിനാൽ സ്വലാത്ത് കേൾക്കുമ്പോൾ ആമീൻ പറയുകയാണ് വേണ്ടതെന്നും ഇമാം ഇബ്നു ഹജർ(റ) ഇമാം റംലി(റ), ഇമാം ഖത്വീബുശ്ശിർബീനി(റ), ശൈഖ് സൈനുദ്ദീൻ മഖ്ദൂം(റ) തുടങ്ങിയവരെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. (തുഹ്ഫതുൽ മുഹ്താജ് 2/67, നിഹായതുൽ മുഹ്താജ് 1/501, മുഗ്നിൽ മുഹ്താജ് 1/701, ഫത്ഹുൽമുഈൻ 67) സ്വലാത്തിന് ആമീൻ പറയുകയല്ല; ഇമാമിന്റെ കൂടെ സ്വലാത്ത് ചൊല്ലുകയാണ് വേണ്ടതെന്ന് അഭിപ്രായമുണ്ടെങ്കിലും അത് പ്രബലമല്ലെന്നും പ്രസ്തുതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇമാമിന്റെ സ്വലാത്തിന് ആമീൻ പറയലും ശേഷം സ്വലാത്ത് ചൊല്ലലുമാണ് നല്ലതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മുഗ്നിൽ മുഹ്താജിലും മറ്റും ഈ അഭിപ്രായം ഉദ്ധരിച്ചിട്ടുണ്ട്.

***ചോദ്യം: ദുൽഹജ്ജ് ആദ്യപത്തിൽ സൂറത്തുൽ ഫജ്ർ പാരായണം ചെയ്യേണ്ടതാണെന്ന് സോഷ്യൽമീഡിയയിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെടാറുണ്ട്. ഇതിന് അടിസ്ഥാനമുണ്ടോ? മുൻകാലങ്ങളെ അപേക്ഷിച്ച് ഇത്തരം ചില പ്രചാരണങ്ങൾ കൂടുതലാണിന്ന്.***



**ഉത്തരം:** ദുൽഹജ്ജിലെ ആദ്യ പത്തിന് കൂടുതൽ പ്രാധാന്യവും ശ്രേഷ്ഠതയുമുണ്ട്. സൽകർമ്മ ങ്ങൾക്ക് കൂടുതൽ പ്രതിഫല മുള്ള ദിവസങ്ങളാണ് ദുൽഹജ്ജി ലെ ആദ്യ പത്തു ദിവസങ്ങളെന്ന് നബി(സ)യിൽ നിന്ന് കേട്ടതായി ഇബ്നുഅബ്ബാസ്(റ)വിൽ നിന്ന് പ്രമുഖ മുഹദ്ദിസുകൾ റിപ്പോർ ട്ട് ചെയ്തിട്ടുണ്ട്. (അബൂദാവൂ ദ്, തുർമുദി, ഇബ്നുഖുസൈമ, ഇബ്നുഹിബ്ബാൻ) പ്രസ്തുത ദിവസങ്ങളിൽ സൂറത്തുൽഫജ്ർ പാരായണം സുന്നത്താണെന്ന് മഖ്ദൂം(റ) ഫത്ഹുൽമുഈൻ, ഇമാം ഇബ്നുഹജർ(റ) അൽ ഫതാവൽ ഹദീസിയ്യ തുടങ്ങിയ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടു ണ്ട്. 'ദുൽഹജ്ജ് ആദ്യപത്തിലെ രാത്രികളിൽ സൂറത്തുൽഫജ്ർ പരായണം ചെയ്താൽ പാപ മോചനം ലഭിക്കുമെന്നും മറ്റു ദിവസങ്ങളിൽ പാരായണം ചെ യ്താൽ ഖിയാമത്തിൽ പ്രകാശ മായി അനുഭവപ്പെടും' എന്നും റസൂലുല്ലാഹി(സ) പറഞ്ഞതായി ഉബയ്യ്(റ)വിൽ നിന്ന് ഇമാം സഅ് ലബി(റ) ഉദ്ധരിച്ചിട്ടുണ്ട്. (തഫ് സീറുസ്സഅ്ലബി 10-191, അല്ലു ബാബ് ഫീ ഉലൂമിൽ കിതാബ് 20-337) ദുൽഹജ്ജ് ആദ്യപത്തിൽ സൂറത്തുൽഫജ്ർ പാരായണം ചെയ്യുന്നതിന് അടിസ്ഥാനമുണ്ടെ ന്ന് മേൽവിവരണത്തിൽ വ്യക്ത മായല്ലോ.

***ചോദ്യം: മരണപ്പെട്ട വ്യക്തി ക്ക് ഉപ്പയും ഉമ്മയും ഭാര്യയും രണ്ട് പെൺമക്കളും സഹോദര സഹോദരിമാരുമുണ്ട്. ഇവരിൽ സഹോദരസഹോദരിമാർക്ക് അയാളുടെ സമ്പത്തിൽ അനന്ത രാവകാശമുണ്ടോ?***

**ഉത്തരം:** പറയപ്പെട്ട രൂപ ത്തിൽ പിതാവ് അവകാശിയായി ഉള്ളതിനാൽ സഹോദരസഹോദ രിമാർക്ക് അവകാശമില്ല. മറ്റുള്ള വരെല്ലാം അവകാശികളാണ്. മരണപ്പെട്ട വ്യക്തിയുടെ സമ്പത്ത് 27 തുല്യഓഹരികളാക്കി ഭാര്യക്ക് മൂന്ന്, ഉപ്പക്ക് നാല്, ഉമ്മക്ക് നാല്, ഓരോ മകൾക്കും 8 എന്നിങ്ങനെ ഓഹരികൾക്ക് അവകാശമുണ്ട്.

ദുൽഹജ്ജിലെ ആദ്യ പത്തിന് കൂടുതൽ പ്രാധാന്യവും ശ്രേഷ്ഠതയുമുണ്ട്. സൽകർ മ്മങ്ങൾക്ക് കൂടുതൽ പ്രതിഫലമുള്ള ദിവസ ങ്ങളാണ് ദുൽഹജ്ജിലെ ആദ്യ പത്തു ദിവസ ങ്ങളെന്ന് നബി(സ)യിൽ നിന്ന് കേട്ടതായി ഇബ്നുഅബ്ബാസ്(റ)വിൽ നിന്ന് പ്രമുഖ മുഹദ്ദിസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലൈഫ്സ്റ്റൈൽ

ബുജൈർ ചെട്ടിപ്പടി

# പലിശനിരോധനം: സാമ്പത്തിക നീതി

കഴിഞ്ഞ വർഷാവസാനത്തിൽ കേന്ദ്രസർക്കാർ ഏജൻസികൾ പുറത്തുവിട്ട കണക്കുപ്രകാരം കേരളത്തിലെ പ്രായപൂർത്തിയെത്തിയ മനുഷ്യരിൽ പത്തിൽ മൂന്നു പേർ ബേങ്ക്വായ്പയിൽ കുടുങ്ങിക്കിടക്കുയാണ്. ബേങ്കിൽ നിന്നല്ലാതെ കടമെടുത്തവരെക്കൂടി ഉൾപ്പെടുത്തിയാൽ ഈ കണക്ക് ഭീകരമായിരിക്കും. കേരളത്തിലെ 29.9% വീടുകളും കടത്തിലാണെന്നാണ് കണക്ക്. ബാങ്കിൽനിന്നും മറ്റും ലോണെടുത്ത് തിരിച്ചടക്കാനാവാതെ ജീവിതം പെരുവഴിയിലായിത്തീർന്ന നൂറുകണക്കിന് ജനങ്ങളുടെ കഥ നമ്മൾ ദിനേനെയെന്നോണം കേൾക്കുന്നു. 'പലിശരഹിത വായ്പ' എന്ന പരസ്യങ്ങളിൽ വഞ്ചിതരായവരാണ് ഏറെയും. എന്നിട്ടും പലിശയൊരു പ്രശ്നമായി ആളുകൾക്ക് ബോധ്യപ്പെടുന്നില്ലെന്നതാണ് വാസ്തവം.

രാജ്യത്തിന്റെ സാമ്പത്തികമേഖല കൈകാര്യം ചെയ്യുന്ന ആർ ബി ഐയുടെ പ്രവർത്തനങ്ങളിൽ മുഖ്യം പലിശയുമായി ബന്ധപ്പെട്ടതാണ്. ബാങ്കുകൾക്കിടയിലെ പലിശ നിരക്കുകളിൽ മാറ്റം വരുത്തിയാണ് പലഘട്ടങ്ങളിൽ പണപ്പെരുപ്പം പോലുള്ള സാമ്പത്തിക പ്രശ്നങ്ങളെ ആർ ബി ഐ പരിഹരിക്കാറ്. ആളുകളുടെ കൈയിൽ പണം വർധിക്കുന്ന സാഹചര്യമുണ്ടായാൽ പണപ്പെരുപ്പം അഥവാ സാധനങ്ങൾക്ക് ഉയർന്ന വില ഈടാക്കുന്ന സാഹചര്യം രൂപപ്പെടും. ഈ സന്ദർഭങ്ങളിൽ ബാങ്കുകൾ പലിശനിരക്ക് വർധിപ്പിക്കും. അപ്പോൾ ആളുകൾ കൂടുതൽ പലിശ കിട്ടുന്നതുകൊണ്ടു തന്നെ കൂടുതൽ പണം ബാങ്കിൽ നിക്ഷേപിക്കാൻ തയ്യാറാകുന്നു. അങ്ങനെ രാജ്യത്തെ ആളുകളുടെ കൈയിലുള്ള പണത്തിന്റെ അളവ് കുറയുന്നു. ചുരുക്കത്തിൽ, ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായി സമൂഹത്തിൽ പലിശ രൂപപ്പെട്ടിരിക്കുന്നു.

പക്ഷേ, ഇസ്ലാം ഒരു നിലക്കും ഒരു തരത്തിലുള്ള പലിശയിടപാടും അംഗീകരിക്കുന്നില്ല. പലിശയുമായി ബന്ധപ്പെടുന്നവരോട് അല്ലാഹുവും അവന്റെ റസൂലും യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നുവെന്ന് വിശുദ്ധഖുർആ



നിൽ കാണാം. പലിശ തിന്നുന്നവരെയും തീറ്റിക്കുന്നവരെയും അതിനു സാക്ഷി നിൽക്കുന്നവരെയും അതിനു വേണ്ടി എഴുത്തുകുത്തുകൾ നടത്തുന്നവരെയും നബി(സ) ശപിച്ചിരിക്കുന്നു. അവരെല്ലാം തുല്യരാണെന്നും ജാബിർ(റ) നിവേദനം ചെയ്ത ഹദീസിൽ കാണാം. പലിശയെ വ്യഭിചാരത്തെക്കാളും മാതാവിനോടൊപ്പം കിടപ്പറ പങ്കിടുന്നതിനെക്കാളും ഗുരുതരപാപമായി മുഹമ്മദ് നബി(സ) ഉദാഹരിക്കുന്നുണ്ട്. അവിടുന്ന് ഒരിക്കൽ ഏഴ് വൻകുറ്റങ്ങളെ ഒഴിവാക്കാൻ സ്വഹാബത്തിനോട് കൽപ്പിച്ചു. അതിലൊന്ന് പലിശ തിന്നുക എന്നതായിരുന്നു.

ഇന്ന് സമൂഹത്തിൽ വർധിച്ചു വരുന്ന സാമ്പത്തിക വിനിമയമാണ് കടമിടപാട്. തിരിച്ചുനൽകുമ്പോൾ അധികം പണം നൽകണമെന്ന നിബന്ധനയോടെ പണം കടം നൽകൽ. അല്ലെങ്കിൽ കടം നൽകിയതിനു പകരമായിട്ട് മറ്റു വല്ല ഉപകാരവും തേടൽ. ഉദാഹരണത്തിന്, 'നിനക്ക് പണം കടം നൽകിയതിനു പകരമായി നിന്റെ കാർ ഞാൻ ഉപയോഗിക്കാം' എന്നതുപോലെ വല്ല ഉപകാരവും തേടുക. ഇതെല്ലാം കടപ്പലിശയാണ്. ആരെങ്കിലും വർദ്ധിപ്പിക്കുകയോ വർദ്ധനവ് തേടുകയോ ചെയ്താൽ അവൻ പലിശക്കാരനായി.

## കടമെന്ന നന്മ

ഇന്ന് സമൂഹത്തിൽ വർധിച്ചു വരുന്ന സാമ്പത്തിക വിനിമയമാണ് കടമിടപാട്. തിരിച്ചുനൽകുമ്പോൾ അധികം പണം നൽകണമെന്ന നിബന്ധനയോടെ പണം കടം നൽകൽ. അല്ലെങ്കിൽ കടം നൽകിയതിനു പകരമായിട്ട് മറ്റു വല്ല ഉപകാരവും തേടൽ. ഉദാഹരണത്തിന്, 'നിനക്ക് പണം കടം നൽകിയതിനു പകരമായി നിന്റെ കാർ ഞാൻ ഉപയോഗിക്കാം' എന്നതുപോലെ വല്ല ഉപകാരവും തേടുക. ഇതെല്ലാം കടപ്പലിശയാണ്. ആരെങ്കിലും വർദ്ധിപ്പിക്കുകയോ വർദ്ധനവ് തേടുകയോ ചെയ്താൽ അവൻ പലിശക്കാരനായി. വാങ്ങുന്നവനും നൽകുന്നവനും ഇക്കാര്യത്തിൽ തുല്യരാണെന്ന് തിരുനബി(സ) പഠിപ്പിക്കുന്നുണ്ട്.

കടം നൽകുമ്പോൾ പലിശ സ്വീകരിക്കരുതെന്ന് പറയുന്നത്, കടം നൽകൽ തന്നെ ഒരു പുണ്യകർമ്മമായതുകൊണ്ടാണ്. മറ്റുള്ളവരെ സഹായിക്കലാണല്ലോ കടം നൽകുന്നതിന്റെ ഉദ്ദേശ്യം. 'ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന് രണ്ടു തവണ കടം നൽകിയാൽ, അത് ഒരിക്കൽ സ്വദഖ നൽകിയതിനു തുല്യമാണ്' എന്നാണ് തിരുദൂതർ(സ) പറഞ്ഞത്.

എന്നല്ല, സ്വദഖ നൽകുന്നതിനെക്കാൾ വലിയ പ്രതിഫലം ചില സന്ദർഭങ്ങളിൽ കടം നൽകുന്നതിലൂടെ ലഭിക്കുമെന്നും നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ) പറഞ്ഞു: 'മിഅ്റാജിന്റെ രാത്രിയിൽ സ്വർഗവാതിലിൽ ഇപ്രകാരം എഴുതിവെച്ചതായി ഞാൻ കണ്ടു: 'ദാനധർമത്തിന് പത്തിരട്ടി പ്രതിഫലമുണ്ട്. എന്നാൽ, കടം നൽകുന്നതിന് പതിനെട്ടിരട്ടി പ്രതിഫലമാണുള്ളത്.' ഞാൻ ജിബ്‌രീൽ(അ)നോട് ചോദിച്ചു: 'ജിബ്‌രീൽ, സ്വദഖയെക്കാൾ ശ്രേഷ്ഠത കടം നൽകുന്നതിന് ലഭിക്കുന്നതെങ്ങനെ?' ജിബ്‌രീൽ പറഞ്ഞു: 'യാചിക്കുന്നവൻ തന്റെ പക്കൽ പണമുണ്ടാകുമ്പോഴും ചോദിച്ചേക്കാം, എന്നാൽ കടം ചോദിക്കുന്നവൻ നിർബന്ധിത സാഹചര്യത്തിലല്ലാതെ അത് ചോദിക്കില്ല.'

കടം വാങ്ങുന്നതും പുണ്യകരമാണ്. വീട്ടാൻ കഴിയുമെന്നുറപ്പുള്ളവർ മാത്രമേ കടം വാങ്ങാവൂ. അങ്ങനെ, തന്നെ സഹായിച്ച സഹോദരനെ ആ പണം തിരിച്ചു നൽകി സഹായിക്കുകയാണെന്ന ഉദ്ദേശ്യം മറ്റൊരു നന്മകൂടിയാണ്. അവർക്ക് അല്ലാഹുവിന്റെ സഹായമുണ്ടെന്നും തിരുദൂതർ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ആഇശ(റ) കടം വാങ്ങാറുണ്ടായിരുന്നു. എന്തിനാണിങ്ങനെ കടം



**നബി(സ) ഒരാൾക്ക് ഒരൊട്ടകം കൊടുക്കാനു ണ്ടായിരുന്നു. കടം വീട്ടാനാവശ്യപ്പെട്ട് അദ്ദേഹം സമീപിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒട്ടകത്തെ നൽകാൻ നബി(സ) സ്വഹാബത്തിനോട് നിർദ്ദേശിച്ചു. അതനുസരിച്ച് അദ്ദേഹത്തിന് കൊടുക്കാനുള്ള ഒട്ടകത്തെ അവർ അന്വേഷി ച്ചുവെങ്കിലും അതിനേക്കാൾ മുന്തിയ ഒരൊട്ടക ത്തെയാണ് ലഭിച്ചത്. അപ്പോൾ അത് നൽകാൻ നബി(സ) നിർദ്ദേശിക്കുകയും നിങ്ങളിൽ ഉത്ത മർ നല്ല നിലയിൽ കടം വീട്ടുന്നവരാണെന്ന് അരുളുകയും ചെയ്തു.**

വാങ്ങുന്നത്, ഇതൊന്ന് ഒഴിവാക്കിക്കൂടേയെന്ന് ചോദിച്ചപ്പോൾ മഹതിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു: 'അല്ലാഹുവിന്റെ റസൂൽ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു; കടം കൊടുത്തുവീട്ടണമെന്ന നിയ്യത്തുള്ള ഏതൊരടിമയ്ക്കും അല്ലാഹുവിന്റെ സഹായം ലഭിക്കാതിരുന്നിട്ടില്ല. അതിനാൽ, പ്രസ്തുത സഹായത്തെ ഞാനും തേടിക്കൊണ്ടിരിക്കുന്നു.'

കടം വീട്ടുമ്പോൾ കുറച്ചധികം കൊടുക്കൽ സുന്നത്തുണ്ട്. സ്വഹീഹുൽബുഖാരിയിൽ കാണാം, നബി(സ) ഒരാൾക്ക് ഒരൊട്ടകം കൊടുക്കാനുണ്ടായിരുന്നു. കടം വീട്ടാനാവശ്യപ്പെട്ട് അദ്ദേഹം സമീപിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒട്ടകത്തെ നൽകാൻ നബി(സ) സ്വഹാബത്തിനോട് നിർദ്ദേശിച്ചു. അതനുസരിച്ച് അദ്ദേഹത്തിന് കൊടുക്കാനുള്ള ഒട്ടകത്തെ അവർ അന്വേഷിച്ചുവെങ്കിലും അതിനേക്കാൾ മുന്തിയ ഒരൊട്ടകത്തെയാണ് ലഭിച്ചത്. അപ്പോൾ അത് നൽകാൻ നബി(സ) നിർദ്ദേശിക്കുകയും നിങ്ങളിൽ ഉത്തമർ നല്ല നിലയിൽ കടം വീട്ടുന്നവരാണെന്ന് അരുളുകയും ചെയ്തു.



കടം തിരിച്ചുവാങ്ങാതെ മാപ്പ് നൽകലും ഏറെ പുണ്യമുള്ള കാര്യമാണ്. 'കടപ്പെട്ടവൻ പ്രയാസത്തിലാണെങ്കിൽ, സൗകര്യം ലഭിക്കുന്നതുവരെ സാവകാശം കൊടുക്കുക; അല്ലെങ്കിൽ ക്ഷമിക്കുക. അത് നല്ലതാണ്' എന്ന് ഖുർആൻ പറയുന്നു. കടം ബാധിച്ച ഒരു മനുഷ്യനെ നബി(സ) പരമദരിദ്രനായി പ്രഖ്യാപിച്ച് അയാളുടെ സ്വത്ത് വില്പനക്ക് വെച്ചു. ലഭിച്ച തുക അവകാശികൾക്ക് വീതിച്ചുനൽകി. അയാളുടെ കടം വീട്ടാൻ അത് മതിയാകുമായിരുന്നില്ല. 'ഇത്രയേ ഉള്ളൂ, ബാക്കിയുള്ളത് നിങ്ങൾ ക്ഷമിച്ചു നൽകുക' എന്ന് അവകാശികളോട് നബി(സ) പറഞ്ഞു.

കടം വലിയൊരു ബാധ്യതകൂടിയാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. മരണപ്പെട്ടൊരാൾക്ക് കടബാധ്യതയുണ്ടെങ്കിൽ അത് കൊടുത്തുവീട്ടിയ ശേഷമേ അയാളുടെ സ്വത്ത് അവകാശികൾ വീതിച്ചെടുക്കാൻ പാടുള്ളൂ. ഒരാൾ തിരിച്ചുനൽകണമെന്ന ഉദ്ദേശ്യമില്ലാതെ കടം വാങ്ങുകയും കടക്കാരനായി മരണപ്പെടുകയും ചെയ്താൽ പരലോകത്ത് അവന്റെ നന്മകളെടുത്ത് കടം നൽകിയ വ്യക്തിക്കു നൽകുന്നതാണ്. ഇങ്ങനെ എല്ലാ നിലയ്ക്കും നന്മ മാത്രം ഉദ്ദേശിക്കുന്ന ഈ പ്രവൃത്തിയിൽ പലിശ സ്വീകരിച്ച് ഒരാളെ കഷ്ടപ്പെടുത്തുന്നത് എങ്ങനെയാണ് അനുവദിക്കാനാവുക?

## അനർഹമായ സമ്പാദ്യം

പലിശയിലൂടെ ലഭിക്കുന്ന ലാഭം അനർഹമായ സമ്പാദ്യമാണ്. കച്ചവടം ഹലാലാക്കുകയും പലിശ ഹറാമാക്കുകയും ചെയ്യുന്നുവെന്ന ഖുർആനിക പ്രയോഗം രണ്ടും വ്യത്യസ്തമാണെന്ന ബോധ്യപ്പെടുത്തലാണ്. പലിശയുടെ കൂടെ കച്ചവടത്തെ പറഞ്ഞതിന്റെ താത്പര്യം രണ്ടിലൂടെയും ഇടപാട് നടത്തുന്നവർക്ക് ലാഭം ലഭിക്കുന്നു എന്നതുകൊണ്ടാണ്. ആയിരം രൂപ മൂലധനമാക്കി കച്ചവടം നടത്തുന്ന ഒരാൾക്ക് 1100 രൂപ ലാഭമുൾപ്പെടെ ലഭിക്കുന്നുവെങ്കിൽ അധികമായി ലഭിച്ച 100 രൂപ അദ്ദേഹത്തിന്റെ അധ്വാനത്തിനും ജ്ഞാനത്തിനുമുള്ള കൂലിയാണ്. കാരണം, ഇദ്ദേഹം മൂലധനമാക്കിയ ആയിരം രൂപ തന്നെ ലഭിക്കാതിരിക്കാനും നഷ്ടം സംഭവിക്കാനും സാധ്യതയുണ്ട്. അതേസമയം, ആയിരം രൂപ കടം നൽകിയ വ്യക്തിക്ക് 1100 രൂപ തിരികെ ലഭിക്കുമെങ്കിൽ, ലഭിച്ച ലാഭത്തുക ഒന്നിനും പകരമല്ല. കടം നൽകുന്നതിന് അധ്വാനത്തിന്റെയോ മറ്റു ജ്ഞാനത്തിന്റെയോ ആവശ്യമുണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ ഇവിടെ ലഭിച്ച ലാഭത്തുക അനർഹമായതാകുന്നു. ഉൽപ്പാദനത്തിൽ യാതൊരു അധ്വാനവുമില്ലാതെ ലഭിക്കുന്ന അധികവരുമാനത്തെ സാമ്പത്തികശാസ്ത്രത്തിൽ ഇക്കണോമിക് റെന്റ് എന്നാണ് വിളിക്കുക.

## അന്യായം, അനീതി

പലിശയിടപാടുകളിൽ ദരിദ്രർ കൂടുതൽ ദരിദ്രരും പണക്കാർ കൂടുതലും പണക്കാരുമാകുന്ന അന്യായം നടക്കുന്നു. ന്യായമായിട്ടല്ലാതെ കൈവശപ്പെടുത്തുന്നതാണ് പലിശ. 'നിങ്ങൾക്ക് മൂലധനം മാത്രമേയുള്ളൂ; നിങ്ങൾ അന്യായം ചെയ്യുകയോ അതിനിരയാവുകയോ ചെയ്യരുത്. എന്ന് വിശുദ്ധഖുർആൻ ഓർമിപ്പിക്കുന്നു. ജാഹിലിയ്യ കാലത്തെ പലിശ നിരോധിച്ചിരിക്കുന്നുവെന്ന് പറഞ്ഞ ശേഷം നബി(സ) ഈ ആയത്തും ചേർത്തു പറഞ്ഞതായി തഫ്സീർ ഇബ്നുകസീറിൽ കാണാം. ഇങ്ങനെ പലിശയുൾപ്പെടെയുള്ള എല്ലാ അന്യായങ്ങളും ഇസ്‌ലാം നിരോധിക്കുന്നു. 'വിശ്വാസികളേ! നിങ്ങൾ പരസ്പരം നിങ്ങളുടെ സമ്പത്തുകൾ അന്യായമായി കഴിക്കരുത്' എന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നുണ്ട്. മുസ്‌ലിമിന്റെ രക്തവും സമ്പത്തും അഭിമാനവും പവിത്രമാണ്. അഥവാ ഒരിക്കലും അത് അന്യായമായി അപഹരിക്കരുത് എന്ന് അറഫാപ്രഭാഷണത്തിൽ പ്രവാചകർ ഓർമപ്പെടുത്തിയിട്ടുണ്ടല്ലോ.

ഇമാം ഗസാലി(റ) പറഞ്ഞതുപോലെ, സ്വർണ്ണവും വെള്ളിയും (നാണയം) സ്വന്തം ആവശ്യത്തിനല്ല സൃഷ്ടിച്ചത്; അവ ഇടപാടിനുള്ള ഒരു മാർഗം മാത്രമാണ്. അവ തന്നെ വ്യാപാര വസ്തുവാക്കി ഉപയോഗിക്കുന്നത് നന്ദിയില്ലായ്മയും ഇസ്‌ലാമിക ശരീഅത്തിനോട് ചെയ്യുന്ന അനീതിയുമാണ്. പലിശയിൽ മനുഷ്യർ തമ്മിലും അനീതി രൂപപ്പെടുന്നു. അന്യായമായി അധികപണം സ്വീകരിക്കുന്നത് അനീതിയാണല്ലോ. മൂലധനത്തിനു മുകളിൽ വല്ലതും എടുക്കുന്നത് അനീതിയാണെന്ന ഖുർആൻ വചനം മുമ്പ് പരാമർശിച്ചല്ലോ.

മനുഷ്യർ പരസ്പരം സഹായിച്ചും സഹകരിച്ചുമാണ് ജീവിക്കേണ്ടത്. സന്തുഷ്ട ജീവിതം നയിക്കാനും നല്ല സമൂഹത്തിന്റെ സൃഷ്ടിപ്പിനും അതനിവാര്യമാണ്. കടം കൊടുക്കുന്നത് സഹായിക്കുക എന്ന ഉദ്ദേശ്യത്തിലാണ്. ഓരോ വ്യക്തിയും സാഹോദര്യബോധം ഉൾക്കൊണ്ട് അവശ്യസന്ദർഭങ്ങളിൽ അപരന് സഹായം ചെയ്യേണ്ടതുണ്ട്.

പലിശനിരോധനം അനുവദനീയമായ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുന്നു. പലിശ നിരോധിക്കുമ്പോൾ പണം ഉൽപ്പാദനപരമായ ജോലികളിലും സംരംഭങ്ങളിലും നിക്ഷേപിക്കാൻ ആളുകൾ നിർബന്ധിതരാകുന്നു. പലിശ അനുവദനീയമാണെങ്കിൽ, ആളുകൾ അധ്വാനിക്കാതെ ബാങ്കുകളിൽ പണം നിക്ഷേപിച്ച് സുരക്ഷിതമായ ലാഭം പ്രതീക്ഷിച്ച് മടിയന്മാരായിത്തീരും. ഇങ്ങനെയൊരു സാമൂഹിക പരിവർത്തനം കൂടി പലിശ നിഷേധിക്കുന്നതിലൂടെ സാധ്യമാകുന്നുണ്ട്.

ചരിതം

ബശീർ സഖാഫി വാണിയമ്പലം

# ലോകത്തിലെ ആദ്യ ഘാതകൻ

ആദംനബി(അ)ക്കും ഹവ്വാബീവി(റ)ക്കും ഇരുപത് പ്രസവങ്ങളിലായി നാല്പത് മക്കളുണ്ടായി. ഓരോ പ്രസവത്തിലും രണ്ടു മക്കൾ വീതം; ഒരാണും ഒരു പെണ്ണും. ആദ്യപ്രസവത്തിലുണ്ടായ മകൻ രണ്ടാം പ്രസവത്തിലുണ്ടായ മകളെയും ആദ്യ പ്രസവത്തിലുണ്ടായ മകൾ രണ്ടാം പ്രസവത്തിലുണ്ടായ മകനെയുമായിരുന്നു വിവാഹം ചെയ്തിരുന്നത്. സഹോദരീസഹോദരന്മാർ തമ്മിലുള്ള വിവാഹം അന്ന് അനുവദനീയമായിരുന്നു. ഹാബീലും ഖാബീലും സഹോദരന്മാരാണ്. ഹാബീലിന്റെ കൂടെ പിറന്ന സഹോദരിയെ ഖാബീലും ഖാബീലിന്റെ കൂടെ പിറന്ന സഹോദരിയെ ഹാബീലുമാണ് വിവാഹം ചെയ്യേണ്ടത്. അവരോട് അങ്ങനെ ചെയ്യാൻ ആദംനബി(അ) നിർദ്ദേശിച്ചു. ഹാബീലിന്റെ സഹോദരിയെക്കാൾ സൗന്ദര്യം കൂടുതലായിരുന്നു ഖാബീലിന്റെ സഹോദരിക്ക്. അതുകൊണ്ടുതന്നെ, തനിക്ക് തന്റെ സഹോദരിയെ തന്നെ ഇണയായിക്കിട്ടണമെന്ന് ഖാബീലിന് മോഹമുണ്ടായി. ആദംനബി(അ)യുടെ നിർദ്ദേശം ഖാബീൽ തള്ളിക്കളഞ്ഞു.

അപ്പോൾ, ആദംനബി(അ) രണ്ടു മക്കളോടും ഓരോ ഖുർബാൻ നടത്താൻ പറഞ്ഞു. അല്ലാഹുവിനുവേണ്ടി നിയ്യത്ത് ചെയ്ത് എന്തെങ്കിലും ഒരു സാധനം പ്രത്യേകമായി നീക്കിവെക്കുക എന്നതാണ് ഖുർബാൻ കൊണ്ടുള്ള ഉദ്ദേശ്യം. ഖുർബാൻ അല്ലാഹു സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആകാശത്തിൽ നിന്ന് അഗ്നി വന്ന് അതിനെ വിഴുങ്ങിക്കളയും. അങ്ങനെ രണ്ടുപേരും ഖുർബാൻ നടത്തി. കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ടിരുന്ന ഖാബീൽ അല്പം കാർഷികവിഭവങ്ങളാണ് നീക്കിവെച്ചത്. ആടുകളെ മേയ്ക്കുന്ന ജോലി ചെയ്തിരുന്ന ഹാബീലാകട്ടെ, ഒരു ആട്ടിൻകുട്ടിയെയാണ് ഖുർബാനായി സമർപ്പിച്ചത്. ഹാബീൽ സമർപ്പിച്ച ഖുർബാൻ അല്ലാഹു സ്വീകരിച്ചു. ആട്ടിൻകുട്ടിയെ ആകാശത്തുനിന്ന് വന്ന ഒരു അഗ്നിഗോളം വിഴുങ്ങി. ഇത് ഖാബീലിനെ ക്ഷുഭിതനാക്കി. 'എന്റെ സഹോദരിയെ വിവാഹം ചെയ്യാൻ നിന്നെ സമ്മതിക്കില്ലെന്നു മാത്രമല്ല; നിന്നെ ഞാൻ കൊന്നുകളയുകയും ചെയ്യും' എന്ന് ഖാബീൽ ഭീഷണിപ്പെടുത്തി. 'തഖ്‌വയുള്ളവരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കൂ' എന്നാണ് ഹാബീൽ ഇതിന് മറുപടി പറഞ്ഞത്. ഇക്കാര്യത്തിൽ പിതാവായ ആദംനബി(അ)യോട് കയർക്കുക കൂടി ചെയ്തു ഖാബീൽ. 'എനിക്കുവേണ്ടി ദുആ ചെയ്യാതെ ഹാബീലിന് വേണ്ടി



**കാക്കകളുടെ പ്രവർത്തനം കണ്ട ഖാബീലിന് വലിയ ഖേദമുണ്ടായി. കൊലപാതകം ചെയ്തതിലല്ല; ഏറ്റവും നിസ്സാരമായ ജീവിയായ കാക്കകൾക്കുള്ള അറിവുപോലും തനിക്കുണ്ടായില്ലല്ലോ എന്നോർത്തായിരുന്നു ഖാബിൽ ഖേദിച്ചത്. കൊലപാതകം ചെയ്തതിലാണ് ഖേദമുണ്ടായിരുന്നതെങ്കിൽ അത് തൗബയായി മാറുമായിരുന്നുവെന്ന് ഇബ്നുഅബ്ബാസ്(റ) പറഞ്ഞിട്ടുണ്ട്.**

മാത്രം നിങ്ങൾ ദുആ ചെയ്തതുകൊണ്ടാണ് ആ ഖുർബാൻ അല്ലാഹു സ്വീകരിച്ചത്' എന്നായിരുന്നു ഖാബീലിന്റെ ആരോപണം.

ഒരു ദിവസം ഹാബീൽ വീട്ടിലെത്താൻ താമസിച്ചപ്പോൾ എന്തുപറ്റി എന്ന് അന്വേഷിച്ചു വരാൻ പിതാവ് ഖാബീലിനെ പറഞ്ഞുവിട്ടു. അന്വേഷണത്തിനൊടുവിൽ ഖാബീൽ ഹാബീലിനെ കണ്ടെത്തി. ഹാബീലിനെ കണ്ടയുടൻ ഖാബീൽ പറഞ്ഞു: 'നിന്റെ ഖുർബാൻ അല്ലാഹു സ്വീകരിക്കുകയും എന്റേത് തള്ളുകയും ചെയ്തുവല്ലോ?' 'തഖ്‌വയുള്ളവരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ' എന്ന മറുപടി ഹാബീൽ ആവർത്തിച്ചു. ഇതുകേട്ട് കോപാകുലനായ ഖാബീൽ കൈയിലുണ്ടായിരുന്ന ഒരു വടി ഉപയോഗിച്ച് ഹാബീലിനെ കൊന്നുകളഞ്ഞു. കൊല്ലാനുള്ള ഒരുക്കം കണ്ടപ്പോൾ തന്നെ ഹാബീൽ പറഞ്ഞു: 'എനിക്ക് നിന്നെക്കാൾ ശക്തിയുണ്ടെങ്കിലും ഞാൻ ഒരിക്കലും നിനക്കു നേരെ കൈ നീട്ടുകയില്ല. ഈ പ്രവൃത്തി കാരണം നീ നരകത്തിൽ കടക്കേണ്ടി വരുമെന്ന് ഓർത്തുകൊള്ളുക.'

കോപം കൊണ്ട് അന്ധത ബാധിച്ച ഖാബീൽ ഹാബീലിനെ തത്സമയം തന്നെ കൊന്നുകളഞ്ഞു. സഹോദരന്റെ ജഡം എന്തുചെയ്യണമെന്നറിയാതെ ഖാബീൽ വിവശനായി. അത് ചുമലിലേറ്റി ഏറെ ദൂരം നടന്നു. മരണവും മറമാടലുമൊന്നും മുമ്പ് പരിചയമില്ലാത്തതുകൊണ്ടാണ് ഹാബീലിന് ഇങ്ങനെ ചെയ്യേണ്ടി വന്നത്. പരിഹാരം കാണിച്ചുകൊടുക്കനായി അല്ലാഹു രണ്ട് കാക്കകളെ ഖാബീലിന്റെ മുമ്പിലേക്കയച്ചു. കാക്കകൾ തമ്മിൽ കലഹിച്ച് ഒന്ന് മറ്റേതിനെ കൊന്നുകളഞ്ഞു. ഘാതകനായ കാക്ക ഒരു കുഴിയുണ്ടാക്കി കൊല്ലപ്പെട്ട കാക്കയെ അതിലിട്ടു മൂടി പറന്നുപോയി. ഇങ്ങനെയാണ് ജഡം സംസ്കരിക്കേണ്ടതെന്ന് മനസ്സിലാക്കിയ ഖാബീൽ മണ്ണിൽ ഒരു കുഴിയുണ്ടാക്കി ഹാബീലിനെ മറമാടി.

കാക്കകളുടെ പ്രവർത്തനം കണ്ട ഖാബീലിന് വലിയ ഖേദമുണ്ടായി. കൊലപാതകം ചെയ്തതിലല്ല; ഏറ്റവും നിസ്സാരമായ ജീവിയായ കാക്കകൾക്കുള്ള അറിവുപോലും തനിക്കുണ്ടായില്ലല്ലോ എന്നോർത്തായിരുന്നു ഖാബിൽ ഖേദിച്ചത്. കൊലപാതകം ചെയ്തതിലാണ് ഖാബീലിന് ഖേദമുണ്ടായിരുന്നതെങ്കിൽ അത് തൗബയായി മാറുമായിരുന്നുവെന്ന് ഇബ്നുഅബ്ബാസ്(റ) പറഞ്ഞിട്ടുണ്ട്. ഈ കൊലപാതകവുമായി ബന്ധപ്പെട്ട് ഇങ്ങനെ ഒരു ഹദീസ് ഉണ്ട്: 'അക്രമമായി ആര് കൊലപാതകം നടത്തിയാലും അതിന്റെ കുറ്റത്തിൽ ഒരു വിഹിതം ആദം നബി(അ)യുടെ ആദ്യപുത്രൻ ഖാബീലിന് ലഭിക്കും. കാരണം, ഖാബീലാണ് ലോകത്ത് ആദ്യ കൊലപാതകം നടത്തിയത്.' (മുസ്‌ലിം)

*(അവലംബം: സൂറത്തുൽ മാഇദ 27-31, അൽബിദായ വന്നിഹായ 1/111, 112)*

# സമൂഹത്തിൽ നന്മ വളർത്താൻ മുഅല്ലിംകൾ ജാഗ്രത കാണിക്കണം

കോഴിക്കോട്: അനുദിനം മാറുന്ന ലോകത്തിന്റെ ചലനങ്ങൾ പഠിച്ച് പുതിയ തലമുറയെ നന്മയിൽ വളർത്താൻ മദ്റസാധ്യാപകർ സജ്ജരാവണമെന്ന് കേരള മുസ്‌ലിം ജമാഅത്ത് സെക്രട്ടറി വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ വാർഷിക കൗൺസിൽ സമസ്തസെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, വിപിഎം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, അസൈനാർ നദ്‌വി, മൗലാന മുഹമ്മദ് വസീം യാസീൻ ഹംദാനി ഗോവ, ഡോ. അബ്ദുന്നാസിർ ഹിശാമി തമിഴ്നാട് പ്രസംഗിച്ചു. സുലൈമാൻ സഖാഫി കുഞ്ഞുകുളം വാർഷിക റിപ്പോർട്ടും കണക്കും കെ ഉമർ മദനി മാഗസിൻ ക്യാമ്പയിൻ രൂപവും വി വി അബൂബക്കർ സഖാഫി കുസുമം സിൽവർ ജൂബിലി പദ്ധതികളും ബശീർ മുസ്‌ലിയാർ ചെറൂപ്പ സമസ്ത സെന്റിനറി മുഅല്ലിം മേഖല സമ്മേളന രൂപരേഖയും അവതരിപ്പിച്ചു. അബൂബക്കർ മാസ്റ്റർ പടിക്കൽ സ്മാർട്ട് സ്കോളർഷിപ്പിന്റെ പുതിയ രൂപം പരിചയപ്പെടുത്തി.

കെ പി എച്ച് തങ്ങൾ, സി എം യൂസഫ് സഖാഫി, കെ കെ എം കാമിൽ സഖാഫി കർണാടക, ആരിഫ് നിസാമി മഹാരാഷ്ട്ര, ശംസുദ്ദീൻ സഖാഫി, കുഞ്ഞീതു മുസ്‌ലിയാർ, ശുഹൈബ് മുസ്‌ലിയാർ, സാബിർ സൈനി, നുജൂമുദ്ദീൻ അമാനി, അബ്ദുറശീദ് മുസ്‌ലിയാർ, എസ് എം കെ തങ്ങൾ, അബ്ദുൽഖാദിർ സഅദി, അബ്ദുസ്സലാം മുസ്‌ലിയാർ, അബ്ദുസ്സലാം സഖാഫി സംബന്ധിച്ചു. മാനസ് രോവർ യൂണിവേഴ്സിറ്റിയിൽ നിന്ന് പി എച്ച് ഡി നേടിയ ഡോ. അബ്ദുസ്സലാം സഖാഫി ഓമശ്ശേരിയെ കൗൺസിൽ ആദരിച്ചു.

# മുസ്‌ലിം ജമാഅത്ത് ആസ്ഥാനമന്ദിരം തുറന്നു

കോഴിക്കോട്: കേരള മുസ്‌ലിം ജമാഅത്ത് ആസ്ഥാന മന്ദിരം യാഥാർത്ഥ്യമായി. കോഴിക്കോട് നഗരത്തിൽ ജാഫർഖാൻ കോളനിയിൽ സമസ്തസെന്ററിനു സമീപം നാലു നിലകളിലായി അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തിയായ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നിർവഹിച്ചു. ചരിത്രമുന്നേറ്റത്തിന്റെ വിപ്ലവകരമായ അനർഘനിമിഷത്തിന് സാക്ഷിയാകാൻ സയ്യിദുമാരും പണ്ഡിതന്മാരും നേതാക്കളുമടക്കം നിരവധിപേർ സന്നിഹിതരായി.

12 വർഷത്തിനിടെ മുസ്‌ലിം ബഹുജന മുന്നേറ്റത്തിൽ വിപ്ലവകരമായ ഇടപെടലുകൾ നടത്തിയ കേരള മുസ്‌ലിം ജമാഅത്തിന് സമസ്തസെന്റിനറി ഉപഹാരമായാണ് ആസ്ഥാനം യാഥാർത്ഥ്യമായിരിക്കുന്നത്. മൂന്നുവർഷത്തെ സമസ്ത സെന്റിനറി കർമ്മപദ്ധതികളോടനുബന്ധിച്ചുള്ള സുപ്രധാന സംരംഭം കൂടിയാണ് പുതിയ കാര്യാലയം. 15,000 ചതുരശ്ര അടി വിസ്തൃതിയിലുള്ള കെട്ടിടത്തിൽ മീഡിയകേന്ദ്രമടക്കം ആധുനിക സൗകര്യങ്ങളുണ്ട്. ക്യാബിനറ്റ്ഹാൾ, ഓഫീസ്, ലീഡേഴ്സ് ചേമ്പർ, ഗസ്റ്റ് റൂംസ്, കോൺഫറൻസ് ഹാൾ, ഭക്ഷണ ഹാൾ, റിസപ്ഷൻ ഏരിയ, റസിഡൻഷ്യൽ സൗകര്യങ്ങൾ ഉൾപ്പെടും.

ചടങ്ങിൽ സമസ്ത പ്രസിഡന്റ് റഈസുൽഉലമ സുലൈമാൻ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, പേരോട് അബ്ദുറഹ്മാൻ സഖാഫി, കോടമ്പുഴ ബാവ മുസ്‌ലിയാർ, കെ പി മുഹമ്മദ് മുസ്‌ലിയാർ, അബൂബക്കർ മുസ്‌ലിയാർ പട്ടുവം, അബൂഹനീഫൽ ഫൈസി, മാരായമംഗലം അബ്ദുറഹ്മാൻ ഫൈസി, സയ്യിദ് ത്വാഹാ സഖാഫി, വിപിഎം വില്യാപ്പള്ളി, എൻ അലി അബ്ദുല്ല, പ്രൊഫ. എ കെ അബ്ദുൽഹമീദ്, പി എസ് കെ മൊയ്തു ബാഖവി, മാളിയേക്കൽ സുലൈമാൻ സഖാഫി, എം കെ ഹാമിദ്, മുസ്തഫ കോഡൂർ, മുഹമ്മദ് പറവൂർ, അബൂബക്കർ പടിക്കൽ, ജി അബൂബക്കർ സംബന്ധിച്ചു. വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി സ്വാഗതവും മജീദ് കക്കാട് നന്ദിയും പറഞ്ഞു.

# എസ് ജെ എം 18 വീടുകൾകൂടി നിർമ്മിച്ചുനൽകും

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ഭവനരഹിതരായ 100 മുഅല്ലിംകൾക്ക് നിർമ്മിച്ചുനൽകുന്ന ഭവനങ്ങളുടെ മൂന്നാം ഘട്ടം 18 വീടുകൾ കൂടി അനുവദിച്ചു. ഇതു സംബന്ധമായി ചേർന്ന എസ് ജെ എം സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി അബൂഹനീഫൽ ഫൈസി, ട്രഷറർ വിപിഎം വില്യാപ്പള്ളി, സി എം യൂസുഫ് സഖാഫി, കെ ഉമർ മദനി, കുഞ്ഞുകുളം സുലൈമാൻ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ, വി വി അബൂബക്കർ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

# ജാമിഅത്തുൽഹിന്ദ് പഠനാരംഭം പ്രൗഢമായി

കോഴിക്കോട്: ജാമിഅത്തുൽ ഹിന്ദ് അൽഇസ്‌ലാമിയ്യക്കു കീഴിലുള്ള മുന്നൂറിലധികം അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ പുതിയ അധ്യായന വർഷത്തെ ക്ലാസുകൾക്കുള്ള തുടക്കം പ്രൗഢോജ്ജ്വലമായി. 'ഇശ്റാഖ്' നവാഗതസംഗമത്തോടെയാണ് വിദ്യാർത്ഥികൾ തങ്ങളുടെ ജ്ഞാനസപര്യക്ക് ആരംഭം കുറിച്ചത്. വൈസ് ചാൻസിലർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ വിദ്യാർത്ഥികൾക്ക് ആദ്യ വാചകം ചൊല്ലിക്കൊടുത്തു. വിദ്യാർത്ഥികൾ എപ്പോഴും ഉയർന്ന ലക്ഷ്യങ്ങളും വലിയ സ്വപ്നങ്ങളും ഉള്ളവരായിരിക്കണമെന്നും അത് സാക്ഷാത്കരിക്കാൻ കഠിനമായി പരിശ്രമിക്കണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ക്യാമ്പസുകളിൽ ഓൺലൈൻ ഓഫ്‌ലൈൻ മോഡുകളിലായി ഒരേ സമയമാണ് സംഗമം സംഘടിപ്പിച്ചത്. പ്രമുഖ പണ്ഡിതരും വിദ്യാഭ്യാസ വിചക്ഷണരും വിവിധ ഭാഗങ്ങളിൽ പങ്കെടുത്തു. മർകസിൽ നടന്ന പ്രധാന പരിപാടിയിൽ വിപിഎം വില്യാപ്പള്ളി, അബ്ദുന്നാസിർ അഹ്സനി, അബ്ദുൽഖാദിർ അഹ്സനി, ഡോ. ഉമറുൽഫാറൂഖ് സഖാഫി, യൂസുഫ് മിസ്ബാഹി, ഹമീദ് അലി സഖാഫി സംബന്ധിച്ചു.

# 12 മദ്റസകൾക്കു കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി 12 മദ്റസകൾക്കു കൂടി അംഗീകാരം നൽകി. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, തൃശൂർ, വയനാട് ജില്ലകളിൽ നിന്നും കർണാടക, ഗൾഫ് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകൾക്കാണ് പുതുതായി അംഗീകാരം നൽകിയത്. കോഴിക്കോട് സമസ്ത സെന്ററിൽ നടന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, വിപിഎം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, പ്രൊഫ. കെ എം എ റഹീം തുടങ്ങിയവർ സംസാരിച്ചു.

## വിദ്യാഭ്യാസബോർഡ് പ്രതിഭാസംഗമം പ്രൗഢമായി

കോഴിക്കോട്: മദ്റസ പൊതു പരീക്ഷയിൽ നൂറുമേനി കൊയ്ത വിദ്യാർത്ഥികളുടെ സംഗമം പ്രൗഢവും ശ്രദ്ധേയവുമായി. സുന്നി വിദ്യാഭ്യാസ ബോർഡിന്റെ അംഗീകാരമുള്ള ജനറൽ, ഇംഗ്ലീഷ് മീഡിയം മദ്റസകളിൽ കഴിഞ്ഞ പൊതുപരീക്ഷകളിലെ പൂർണ വിജയികളാണ് കോഴിക്കോട് കാലിക്കറ്റ് ടവറിൽ ഒത്തുചേർന്നത്. കുട്ടികൾക്കൊപ്പം അവരെ മുഴുവൻ മാർക്ക് നേടാൻ പ്രാപ്തരാക്കിയ അധ്യാപകരും വിദ്യാഭ്യാസബോർഡിന്റെ മെഡലുകളും പാരിതോഷികങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റുവാങ്ങി. എ സൈഫുദ്ദീൻ ഹാജി സംഗമം ഉദ്ഘാടനം ചെയ്തു. ബോർഡ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങൾ അധ്യക്ഷത വഹിച്ചു അവാർഡുകൾ വിതരണം ചെയ്തു.

സ്മാർട്ട് സ്കോളർഷിപ്പ് പരീക്ഷയിൽ എറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച മദ്റസത്തുസ്സ്വഫ അൽഇസ് ലാമിയ്യ മാട്ടൂൽ നോർത്ത്, മുഹിമ്മാത്തുൽ മുസ്‌ലിമീൻ പുത്തിഗെ, ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം നാദാപുരം, ഐ.ഡി.സി മദ്റസ ചാവക്കാട്, തസ്കിയത്തുസ്സുന്നിയ്യ മാട്ടൂൽ നോർത്ത്, മുഹിമ്മാത്തുദ്ദീൻ മദ്റസ കട്ടത്തടുക്ക എന്നീ മദ്റസകൾക്കുള്ള ഷീൽഡുകളും വിതരണം ചെയ്തു. കരീം ഹാജി കാരത്തോട് മോട്ടിവേഷൻ ക്ലാസിന് നേതൃത്വം നൽകി. ബോർഡ് വൈ. പ്രസിഡന്റ് സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, എസ് ജെ എം സെക്രട്ടറി അബൂഹനീഫൽ ഫൈസി, ട്രഷറർ വി.പി.എം വില്യാപ്പള്ളി, പ്രൊഫ. കെ എം എ റഹീം, എൻ അലി അബ്ദുല്ല, അബൂബക്കർ മാസ്റ്റർ പ്രസംഗിച്ചു. പ്രൊഫ. എ കെ അബ്ദുൽ ഹമീദ് സ്വാഗതവും സിപി സൈതലവി നന്ദിയും പറഞ്ഞു.

## 'ബസ്മല' പഠനാരംഭം ശ്രദ്ധേയമായി

കോഴിക്കോട്: അറിവ് നേടുക എന്ന ലക്ഷ്യത്തിൽ, പഠിക്കുന്നതിനൊപ്പം അച്ചടക്കവും മൂല്യങ്ങളും ശീലിക്കാൻ കൂടിയുള്ള കാലമായി വിദ്യാർത്ഥിജീവിതം ഉപയോഗപ്പെടുത്തണമെന്ന് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. മർകസ് ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിലിന് (മിസ്ക്) കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ 2026-27 അധ്യയനവർഷത്തെ പഠനാരംഭം ബസ്മല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശ്വപ്രസിദ്ധ കർമ്മശാസ്ത്രഗ്രന്ഥമായ പദ്ധതിയുടെ ആദ്യഭാഗം ചൊല്ലിക്കൊടുത്താണ് ഉസ്താദ് പഠനാരംഭം നിർവഹിച്ചത്. ജാമിഅ മർകസ് നേരിട്ട് നടത്തുന്നതും അക്കാദമിക് സഹകരണത്തോടെ പ്രവർത്തിക്കുന്നതുമായ വിവിധ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ 500 ഓളം വിദ്യാർത്ഥികളാണ് സംഗമത്തിൽ പങ്കെടുത്തത്.

സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. സമസ്ത മുശാവറ അംഗങ്ങളും മർകസ് മുദരിസുമാരുമായ വിപിഎം വില്യാപ്പള്ളി, അബ്ദുൽജലീൽ സഖാഫി, അബ്ദുൽ അസീസ് സഖാഫി സംസാരിച്ചു. സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തന്നൂർ, സയ്യിദ് സ്വാലിഹ് തുറാബ് സഖാഫി, കുഞ്ഞിമുഹമ്മദ് സഖാഫി, ബശീർ സഖാഫി കെ എം തുടങ്ങി വിവിധ സ്ഥാപനമേധാവികളും പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു.

## സമസ്ത അംഗത്വ കാമ്പയിൻ വൻവിജയമാക്കും - ജില്ലാ മുശാവറ

കോഴിക്കോട്: സമസ്തസെന്റിനറിയുടെ മുന്നോടിയായി കേന്ദ്രമുശാവറ പ്രഖ്യാപിച്ച അംഗത്വകാമ്പയിൻ ജില്ലയിൽ വൻവിജയമാക്കാൻ ജില്ലാ മുശാവറ തീരുമാനിച്ചു. സമസ്തയുടെ ആശയങ്ങളും നയനിലപാടുകളും അംഗീകരിക്കുന്ന ജില്ലയിലെ ആറുമേഖലകളിലെ മുഴുവൻ പണ്ഡിതർക്കും മെമ്പർഷിപ്പ് നൽകാനുള്ള കർമ്മപദ്ധതികൾ മുശാവറ ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി ജില്ലാ ശിൽപശാലയും മേഖലാ മുശാവറകളും വിളിച്ചുചേർത്ത് മേഖലാസമിതികൾ രൂപീകരിച്ചു.

ജില്ലയിൽ മെമ്പർഷിപ്പ് പ്രവർത്തനങ്ങൾക്ക് ബശീർ സഖാഫി കൈപ്രം മുശ്രിഫും താഴെ പറയുന്നവർ അംഗങ്ങളുമായി അംഗത്വകൗൺസിൽ തിരഞ്ഞെടുത്തു. വെണ്ണക്കോട് ശുകൂർ സഖാഫി (താമരശ്ശേരി), എ.കെ മുഹമ്മദ് സഖാഫി (കൊടുവള്ളി), സുബൈർ സഖാഫി (കുന്ദമംഗലം), ടി കെ അബ്ദുറഹ്മാൻ ബാഖവി (കോഴിക്കോട്), കോച്ചേരി കുഞ്ഞബ്ദുല്ല സഖാഫി (കൊയിലാണ്ടി), സഈദ് സഖാഫി കുരുക്കിലാട് (വടകര)

### ചരിത്രസമ്മേളനം സംഘടിപ്പിക്കും

സമസ്തയുടെ സ്ഥാപകദിനത്തോടനുബന്ധിച്ച് പ്രാസ്ഥാനിക കുടുംബങ്ങളുടെ സഹകരണത്തോടെ സമസ്ത ചരിത്ര സമ്മേളനം കോഴിക്കോട് സംഘടിപ്പിക്കുവാൻ മുശാവറ തീരുമാനിച്ചു. വിപുലമായ സംഘാടകസമിതി രൂപീകരിക്കാൻ സയ്യിദ് മുഹമ്മദ് തുറാബ് സഖാഫിയെയും വെണ്ണക്കോട് സഖാഫിയെയും ചുമതലപ്പെടുത്തി.

സമസ്തസെന്ററിൽ നടന്ന മുശാവറയോഗത്തിൽ വൈസ് പ്രസിഡന്റ് എം അബ്ദുല്ലത്തീഫ് മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി വി.പി.എം വില്യാപള്ളി ഉദ്ഘാടനം ചെയ്തു. സയ്യിദ് ഹബീബുൽ ബുഖാരി പ്രാർത്ഥന നടത്തി. മുശാവറ അംഗങ്ങൾ സജീവമായി സംബന്ധിച്ചു.

## സമസ്ത മെമ്പർഷിപ്പ് ശില്പശാല

കോഴിക്കോട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സെന്റിനറി ആഘോഷങ്ങളുടെ ഭാഗമായി സംഘടനാ ശാക്തീകരണം മുഖ്യലക്ഷ്യമാക്കി മുന്നോട്ടുവച്ച മെമ്പർഷിപ്പ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിലുള്ളതിനെക്കാൾ 25 ശതമാനം പണ്ഡിതരെ അംഗങ്ങളാക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിനാവശ്യമായ കർമ്മപദ്ധതികൾക്ക് എറണാകുളത്തും കോഴിക്കോട്ടും നടന്ന ശില്പശാലകൾ അന്തിമരൂപം നൽകി. ജില്ലാ, മേഖലാ തലങ്ങളിൽ മെമ്പർഷിപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മുശ്രിഫുമാരും ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാരും മെമ്പർഷിപ്പ് കൗൺസിൽ അംഗങ്ങളും ശില്പശാലകളിൽ പങ്കെടുത്തു. കോഴിക്കോട് സമസ്തസെന്ററിൽ നടന്ന ശില്പശാല കേന്ദ്ര മുശാവറാംഗം വിപിഎം വില്യാപ്പള്ളിയുടെ അധ്യക്ഷതയിൽ കൗൺസിൽ ചെയർമാൻ മുഹമ്മദ് മുസ്‌ലിയാർ കൊമ്പം ഉദ്ഘാടനം ചെയ്തു. കേന്ദ്ര മുശാവറ സെക്രട്ടറി പേരോട് അബ്ദുറഹ്മാൻ സഖാഫി, സെൻട്രൽ മെമ്പർഷിപ്പ് കൗൺസിൽ കൺവീനർ പി എസ് കെ മൊയ്തു ബാഖവി വിഷയം അവതരിപ്പിച്ചു. വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, അലവി സഖാഫി കൊളത്തൂർ, പരിയാരം അബ്ദുറഹ്മാൻ മുസ്‌ലിയാർ, തൃക്കരിപ്പൂർ മുഹമ്മദലി സഖാഫി, അബ്ദുന്നാസിർ അഹ്സനി ചർച്ചകൾക്ക് നേതൃത്വം നൽകി. എറണാകുളം ജാമിഅ അശ്അരിയ്യയിൽ ത്വാഹ മുസ്‌ലിയാർ കായംകുളം അധ്യക്ഷത വഹിച്ചു. ഇസ്സുദ്ദീൻ സഖാഫി, അബ്ദുറഹ്മാൻ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

## ഇഹ്‌യാഉസ്സുന്ന സാരഥികൾ

കോഴിക്കോട്: മർകസ് ശരീഅത്ത് കോളേജ് വിദ്യാർത്ഥി സംഘടന ഇഹ്‌യാഉസ്സുന്നക്ക് പുതിയ നേതൃത്വമായി. മർകസ് കൺവെൻഷൻസെന്ററിൽ നടന്ന വാർഷിക ജന. ബോഡി പ്രസിഡന്റായി സയ്യിദ് ജസാർ ബാഫഖിയെയും ജന. സെക്രട്ടറിയായി ബിശ്ര്‍ ബത്തേരിയെയും ഫിനാ. സെക്രട്ടറിയായി ആദിൽ പോലൂരിനെയും തിരഞ്ഞെടുത്തു.

മറ്റുഭാരവാഹികൾ: മിസ്അബ് പിലാക്കൽ(എക്സിക്യൂട്ടീവ് പ്രസി:), സയ്യിദ് അഹ്മദ് നഈം (വൈ. പ്രസി) റാസി ബുഖാരി കാരക്കുന്ന്, ഹാതിബ് ഹുസൈൻ പയ്യോളി, തമീം മുഗുറോഡ്, വഹീദ് സമാൻ ഒഴുകൂർ, സഊദ് ചിയ്യൂർ, അബ്ദുൽ ഹമീദ് വല്ലപ്പുഴ അജ്മൽ ജവാദ് കരീറ്റിപറമ്പ് (സെക്രട്ടറിമാർ). മിസ്അബ് പിലാക്കൽ വാർഷിക റിപ്പോർട്ടും മുഹമ്മദ് തളിപ്പറമ്പ് ഫിനാൻസ് റിപ്പോർട്ടും അവതരിപ്പിച്ചു. വി പി എം വില്യാപള്ളി അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ചെറുശ്ശോല അബ്ദുൽജലീൽ സഖാഫി, കെ എം ബശീർ സഖാഫി, പറവൂർ കുഞ്ഞിമുഹമ്മദ് സഖാഫി, മലയമ്മ അബ്ദുല്ല സഖാഫി പ്രസംഗിച്ചു.

## പാഠ്യാനുബന്ധ നൈപുണികൾ അറിവിനെ കൂടുതൽ പ്രകാശിപ്പിക്കും

കോഴിക്കോട്: വിദ്യാർത്ഥികാലത്ത് പാഠ്യാനുബന്ധ-പാഠ്യേതര നൈപുണികളും കഴിവുകളും ആർജിക്കുന്നത് അറിവിനെ കൂടുതൽ പ്രകാശിപ്പിക്കാൻ സഹായിക്കുമെന്ന് കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ. ജാമിഅ മർകസ് വിദ്യാർത്ഥി കൂട്ടായ്മ ഇഹ്‌യാഉസ്സുന്നയുടെ വാർഷിക പ്രവർത്തനാരംഭം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലോചിതവും ആധുനികവുമായ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ കാമ്പസുകളിൽ വ്യാപിപ്പിക്കണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു.

മർകസ് സീനിയർ മുദരിസ് വി പിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. എസ് എസ് എഫ് ദേശീയ സെക്രട്ടറി ഫിർദൗസ് സഖാഫി സന്ദേശപ്രഭാഷണം നടത്തി. മുഹ്‌യിദ്ദീൻ സഅദി കൊട്ടുക്കര, ബശീർ സഖാഫി കൈപ്പുറം ആശംസകൾ നേർന്നു. ഇഹ്‌യാഉസ്സുന്ന ജന. സെക്രട്ടറി ബിശ്ര്‍ ബത്തേരി പദ്ധതികൾ അവതരിപ്പിച്ചു. അബ്ദുസത്താർ കാമിൽ സഖാഫി, അബ്ദുൽ കരീം ഫൈസി സംബന്ധിച്ചു. റാസി കാരക്കുന്ന് സ്വാഗതവും ശമ്മാസ് പാനൂർ നന്ദിയും പറഞ്ഞു.

## കെ.എസ്.ഒ ക്ക് പുതിയ നേതൃത്വം

കോഴിക്കോട്: മർകസ് ശരീഅ കർണാടക വിദ്യാർത്ഥി സംഘടന- കെ.എസ്.ഒക്ക് നവസാരഥികളായി. മർകസ് കാമിൽ ഇജ്തിമാഇൽ ചേർന്ന വാർഷിക കൗൺസിൽ പ്രസിഡന്റായി ജാസിൽ റഹ്മാൻ കെ സി റോഡിനെയും ജന:സെക്രട്ടറിയായി അശ്റഫ് നാവൂരിനെയും ട്രഷററായി മഹ്ഫൂസ് കൈക്കമ്പയെയും തിരഞ്ഞെടുത്തു.


മറ്റുഭാരവാഹികൾ: റിയാസ് കാവു(വൈ.പ്രസി:) നിസാം ബോളിയാർ, സിനാൻ ഉപ്പിനങ്ങാടി, റാസിഖ് യാഡി, റാശിദ് കൊടക്, അൻവർ കുമ്പ്ര, മുശറഫ് കില്ലൂർ, യൂനുസ് കുറത്ത്. അഡ്വൈസർ വി.പി.എം വില്യാപള്ളി പുനസംഘടനക്ക് നേതൃത്വം നൽകി.

കൗൺസിൽ ബശീർ സഖാഫി കൈപ്രം ഉൽഘാടനം ചെയ്തു. അബ്ദുസലാം ബോൾമാർ പ്രവർത്തക റിപ്പോർട്ടും സുബൈർ കുമ്പക്കോട് ഫിനാൻസ് റിപ്പോർട്ടും അവതരിപ്പിച്ചു. റിയാസ് കാവു സ്വാഗതവും അശ്റഫ് നാവൂർ നന്ദിയും പറഞ്ഞു.

## വിദ്യാർത്ഥികൾ പഠ്യാനുബന്ധ മേഖലകളിൽ കഴിവാർജിക്കണം

കോഴിക്കോട്: വിദ്യാർത്ഥികൾ പാഠ്യ, പാഠ്യാനുബന്ധ മേഖലകളിൽ കഴിവാർജിച്ച് നവകാല വെല്ലുവിളികൾ നേരിടാൻ സജ്ജരാവണമെന്ന് സമസ്ത കേന്ദ്ര മുശാവറ അംഗം വി പി എം വില്യാപ്പള്ളി. മർകസ് സാനവിയ്യ സ്റ്റുഡൻസ് യൂണിയൻ വാർഷിക കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബശീർ സഖാഫി കൈപ്രം അധ്യക്ഷത വഹിച്ചു. ശുഹൈബ് സഖാഫി, ഫസൽ സഖാഫി സംബന്ധിച്ചു. പുതിയ ഭാരവാഹികൾ: സിയാദ് വള്ളിക്കുന്ന്(പ്രസി.), സാബിത്ത് കാരക്കുന്ന്(ജന.സെക്രട്ടറി), റസൽ വരദൂർ(ഫി.സെക്രട്ടറി), അജ്സൽ കമ്പളക്കാട്, അമാൻ വൈക്കം, ശമീം ഉപ്പള, അജ്മൽ ചാവക്കാട് (സെക്രട്ടറി) ശറഫ് കാവനൂർ പ്രവർത്തന റിപ്പോർട്ടും അറഫ് കൊല്ലം ഫിനാൻസ് റിപ്പോർട്ടും അവതരിപ്പിച്ചു. നാസിം എളമരം സ്വാഗതം പറഞ്ഞു.




Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally